മാർച്ച് 2021
വാല്യം 47 ലക്കം 12
പേജ് 16 വില 5.00 രൂപ
ചീഫ് എഡിറ്റർ: വി.വേണുഗോപാൽ

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ
ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്)
SUCI [C]
സംസ്ഥാന കമ്മിറ്റി മുഖപത്രം

യൂണിറ്റി

# കുത്തകകൾക്കുവേണ്ടി ജനങ്ങളെ ദ്രോഹിക്കുന്ന മുന്നണികളെ പരാജയപ്പെടുത്തുക. ജനസമര രാഷ്ട്രീയത്തെ ശക്തിപ്പെടുത്തുക.

# എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സ്ഥാനാർത്ഥികളെ വിജയിപ്പിക്കുക

**15-ാമത് കേരളനിയമസഭയിലേയ്ക്കുള്ള തെരഞ്ഞെടുപ്പിനെ സംസ്ഥാനത്തെ ജനങ്ങൾ അഭിമുഖീകരിക്കുകയാണ്. ഭരണത്തുടർച്ചയ്ക്ക് എൽഡിഎഫും ഭരണം തിരികെ പിടിക്കാൻ യുഡിഎഫും കൊണ്ടുപിടിച്ച് ശ്രമിക്കുമ്പോൾ ബിജെപി മുന്നണി നില മെച്ചപ്പെടുത്തൽ ലക്ഷ്യം വയ്ക്കുന്നു. ഭരണത്തുടർച്ച, ഭരണമാറ്റം, പുതിയകേരളം, വികസനം തുടങ്ങി പതിവ് മുദ്രാവാക്യങ്ങളുമായി മുന്നണികൾ രംഗത്തുണ്ട്. മുദ്രാവാക്യങ്ങൾക്കും വാഗ്ദാനങ്ങൾക്കും തെരഞ്ഞെടുപ്പോളമേ ആയുസ്സുള്ളൂ. വാഗ്ദാനങ്ങളിൽ വിശ്വസിച്ച് വോട്ടുചെയ്തവരെ അനന്തരം അപഹസിക്കുന്നതും പതിവ് കാഴ്ചതന്നെ.**

എവ്വിധവും അധികാരത്തിലെത്തുക എന്ന താൽപര്യത്തെ മുൻനിർത്തി മൂന്ന് മുന്നണികളും ജാതി-മത-സാമുദായിക ശക്തികളെ കൂട്ടുപിടിച്ചും പ്രീണിപ്പിച്ചും വർഗ്ഗീയ ധ്രുവീകരണം നടത്തിയും സ്ഥാനമോഹികളെ കൂടെക്കൂട്ടിയും കരുക്കൾ നീക്കിക്കൊണ്ടേയിരിക്കുന്നു. അന്തഃഛിദ്രങ്ങളും കൂടുവിട്ട് കൂടുമാറ്റങ്ങളും അവസാനിക്കുന്നില്ല. കക്ഷിഭേദമന്യെ നേതാക്കൾ സമുദായ നേതാക്കൻമാരുടെയും അതിസമ്പന്നരുടെയും അരമനകൾ കയറിയിറങ്ങുന്നു. രാമക്ഷേത്രവും ശബരിമലയുമാണ് മുന്നണികളുടെ പ്രധാന ചർച്ചാവിഷയങ്ങൾ. ജനങ്ങളുടെ നീറുന്ന പ്രശ്നങ്ങൾ തീർത്തും അവഗണിക്കപ്പെടുന്നു.

രാഷ്ട്രീയ സാമൂഹ്യ രംഗത്തെ പതനം ജനാധിപത്യവിശ്വാസികളെ സംബന്ധിച്ചിടത്തോളം കനത്ത ആശങ്ക ഉണ്ടാക്കുന്നതാണ്. ബിജെപി നയിക്കുന്ന കേന്ദ്ര ഭരണം ഫാസിസ്റ്റ് അന്ധകാരം കൊണ്ട് രാജ്യത്തെ മൂടാൻ ശ്രമിക്കുന്നു. കണക്കറ്റ പണവും ബലിഷ്ഠമായ അധികാരവും ഉപയോഗപ്പെടുത്തി അവർ ഈ രാജ്യത്തിന്റെ ജനാധിപത്യ മനസ്സാക്ഷിയെ നിശബ്ദമാക്കാൻ പണിപ്പെടുകയാണ്. ഇതിനെ ചെറുക്കുമെന്ന് പ്രതീക്ഷിക്കപ്പെട്ടിരുന്ന ഇടതു പ്രസ്ഥാനങ്ങൾ ഈ അധികാരഘടനയുടെ അവിഭാജ്യഭാഗമായി മാറിക്കൊണ്ട് അപചയത്തിന്റെ വേഗതയേറ്റുന്ന നടപടികളുമായി മുന്നോട്ടുപോകുന്നു. രാഷ്ട്രീയ-സാമൂഹ്യ സാഹചര്യത്തിന്റെ ഭയാനകമായ ഈ പതനത്തെ തടയാനുള്ള ജനാധിപത്യ പ്രതിപ്രവാഹത്തെ ശക്തിപ്പെടുത്താൻ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങളും വിധിയെഴുത്തും വിനിയോഗിക്കുക എന്നതാണ് ജനങ്ങളുടെ മുമ്പിലെ രാഷ്ട്രീയ കടമ.

### ഭരണചേരിയും സമരചേരിയും തമ്മിലാണ് മത്സരം

തെരഞ്ഞെടുപ്പ് രംഗത്ത് യഥാർത്ഥത്തിൽ രണ്ടു ചേരികളേയുള്ളൂ. നേർക്കുനേരെനിന്ന് മൽസരിക്കുന്നുവെന്ന പ്രതീതി സൃഷ്ടിക്കുന്ന മുഖ്യധാരാ കക്ഷികൾ പ്രതിനിധാനം ചെയ്യുന്ന ഭരണചേരി. രാജ്യത്ത് നിലനിൽക്കുന്ന മുതലാളിത്ത സാമ്പത്തിക വ്യവസ്ഥയുടെ പ്രതിനിധികളുടെ ക്യാമ്പാണത്. അവർ പരസ്പരം നടത്തുന്ന ആക്രോശവും മൽസരവും വെറും നാടകമാണ്. ഇവരിൽ ആരു തന്നെ വിജയിച്ചുവന്നാലും നിലവിലുള്ള വ്യവസ്ഥയ്ക്ക് ഒരു പോറൽപോലും ഉണ്ടാകില്ല. ഭരണപക്ഷവും പ്രതിപക്ഷവും ചേർന്ന് നിലവിലുള്ള സാമ്പത്തികഘടനയെയും അതിന്റെ നയങ്ങളെയും ദൃഢമായി സംരക്ഷിക്കും. കോൺഗ്രസ്സും ബിജെപിയും സിപിഐ(എം)ഉം മുസ്ലീം ലീഗും സിപിഐയും കേരളാ കോൺഗ്രസ്സും എല്ലാം ഈ ഭരണചേരിയിലെ വിശ്വസ്ത അംഗങ്ങളാണ്. തെരഞ്ഞെടുപ്പ്, ഭരണത്തിന്റെ ഊഴം തീരുമാനിക്കാനുള്ള മത്സരംമാത്രമാണ്. അതിൽ ജനതാൽപ്പര്യത്തിന്റെ കണികപോലും അന്തർഭവിച്ചിട്ടില്ല.

ജനങ്ങളുടെ വിശാലമായ താൽപ്പര്യത്തെ പ്രതിനിധാനം ചെയ്തുകൊണ്ടുള്ള ജനാധിപത്യ പ്രവർത്തനങ്ങളുടെ സമരചേരിയാണ് രണ്ടാമത്തേത്. അധികാരതലത്തിൽനിന്നും ജനങ്ങൾക്കെതിരെ നിരന്തരം ഉണ്ടാകുന്ന അതിക്രമങ്ങളെ ചോദ്യം ചെയ്യാനും സംഘടിത ജനകീയശക്തി സമാഹരിച്ച് അവയെ പരാജയപ്പെടുത്താനുമുള്ള പ്രബുദ്ധമായ ജനാധിപത്യ പ്രക്ഷോഭ രാഷ്ട്രീയത്തിന്റെ ചേരിയാണത്.

ജനാധിപത്യത്തെ അർത്ഥപൂർണ്ണമാക്കുന്ന പ്രവർത്തനങ്ങളെ പ്രതിനിധീകരിക്കുന്ന ഈ ചേരിയെ തെരഞ്ഞെടുപ്പ് രംഗത്ത് നിഷ്പ്രഭമാക്കി പരാജയപ്പെടുത്താനാണ് മുതലാളിത്തശക്തികളും അവരുടെ പിണിയാളുകളും മാധ്യമങ്ങളും ശ്രമിക്കുന്നത്. അളവറ്റ പണവും മൃഗീയമായ അധികാരബലവും ഇരുണ്ട മാധ്യമശക്തിയും ഒത്തൊരുമിച്ച് ജനകീയ സമരചേരിയെ പരാജയപ്പെടുത്തുന്നു എന്നതാണ് ഓരോ തെരഞ്ഞെടുപ്പ് ഫലവും ജനങ്ങൾക്കെതിരാകാൻ ഇടയാക്കിയത്. ഈ തെരഞ്ഞെടുപ്പിലും അത് ആവർത്തിക്കപ്പെടാതിരിക്കാൻ ജനങ്ങൾ അതിയായ ജാഗ്രത കാട്ടേണ്ടിയിരിക്കുന്നു. ജനാധിപത്യപ്രക്ഷോഭത്തിന്റെ ഈ

(ശേഷം 2-ാം പേജിൽ)

**തൊഴിൽ തരൂ...**

## പിണറായി സർക്കാരിന്റെ ബധിരകർണ്ണങ്ങളിൽ യുവജന രോഷം പ്രകമ്പനം സൃഷ്ടിക്കുന്നു

# ഉദ്യോഗാർത്ഥി പ്രക്ഷോഭം പുതിയ ചരിത്രം രചിക്കുന്നു

തലസ്ഥാന നഗരിയിൽ കഴിഞ്ഞ ഒന്നരമാസമായി നടന്നു വരുന്ന ഉദ്യോഗാർത്ഥികളുടെ പ്രക്ഷോഭം തൊഴിലില്ലായ്മ എന്ന ഗുരുതരമായ സാമൂഹ്യപ്രശ്നത്തെ വീണ്ടും ചർച്ചയിലേക്ക് കൊണ്ടുവന്നിരിക്കുന്നു. നിയമനം ആവശ്യപ്പെട്ട് ഉദ്യോഗാർത്ഥികൾ നടത്തുന്ന സമരത്തെ കേരളം അക്ഷരാർത്ഥത്തിൽ ഏറ്റെടുത്തു കഴിഞ്ഞിരിക്കുന്നു. എല്ലാ കുടുംബങ്ങളിലും അഭ്യസ്തവിദ്യരായ തൊഴിലന്വേഷകർ ഉണ്ടെന്നതാണ് ഉദ്യോഗാർത്ഥികളുടെ സമരത്തിന് ഇത്രമേൽ സാമൂഹിക പിന്തുണ ഉണ്ടായി വരുവാൻ കാരണം.



സെക്രട്ടേറിയേറ്റിനു മുമ്പിൽ നടന്ന സിപിഒ ഉദ്യോഗാർത്ഥികളുടെ പ്രതിജ്ഞാ സമ്മേളനത്തിൽനിന്ന്

എന്നാൽ, എൽഡിഎഫ് സർക്കാരാവട്ടെ, റാങ്ക് ഹോൾഡേഴ്സിന്റെ സമരം പ്രതിപക്ഷം ഇളക്കിവിട്ടതാണെന്ന് പറഞ്ഞുകൊണ്ട് പ്രശ്നത്തെ കക്ഷിരാഷ്ട്രീയത്തിന്റെ കള്ളികളിലേക്ക് ഒതുക്കാനാണ് ശ്രമിച്ചത്. മുഖ്യമന്ത്രിയും ധനമന്ത്രി തോമസ് ഐസക്കും ഡിവൈഎഫ്ഐ നേതാക്കളും ഉദ്യോഗാർഥികളുടെ സമരത്തെ നിരന്തരം ആക്ഷേപിച്ചു കൊണ്ട് അതിന്റെ വീര്യം കെടുത്താൻ ആവത് പരിശ്രമിച്ചു. എന്നാൽ, എല്ലാ നുണപ്രചാരണങ്ങളെയും അതിജീവിച്ചുകൊണ്ട് ഉദ്യോഗാർത്ഥികൾ വീറുറ്റ പ്രകടനങ്ങളാലും നൂതന സമര മാർഗങ്ങൾകൊണ്ടും സെക്രട്ടറിയേറ്റിനെ പ്രകമ്പനം കൊള്ളിച്ചുകൊണ്ടിരിക്കുന്നു.

### സിപിഒ സമരം വിട്ടുവീഴ്ചയില്ലാതെ മുന്നേറുന്നു

സിവിൽ പോലീസ് ഓഫീ

(ശേഷം 11-ാം പേജിൽ)

പേജ് 7
എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) സ്ഥാനാർത്ഥികൾ

പേജ് 13
'ബ്ലൂ ഇക്കോണമി'യും കേരള സർക്കാരിന്റെ രഹസ്യ ഇടപാടുകളും

പേജ് 14
മ്യാൻമറിൽ ജനകീയ പ്രക്ഷോഭം ശക്തമാകുന്നു

# ബിജെപി നയിക്കുന്ന കേന്ദ്രത്തിലെ ഫാസിസ്റ്റ് ഭരണം അന്ധകാരംകൊണ്ട് രാജ്യത്തെ മൂടുന്നു

(1–ാം പേജിൽ നിന്ന്)

ചേരിയെ ശക്തിപ്പെടുത്തുകയും വിജയിപ്പിക്കുകയും ചെയ്യുന്നതിലൂടെ മാത്രമേ തെരഞ്ഞെടുപ്പിന്റെ ഫലം ജനങ്ങൾക്ക് അനുകൂലമാകൂ. ജനങ്ങളുടെ താൽപ്പര്യം അചഞ്ചലം സംരക്ഷിക്കാനാവൂ. തെരഞ്ഞെടുപ്പിന്റെ മുമ്പിലെ സുപ്രധാനമായ ദൗത്യം ഇതുമാത്രമാണെന്നാണ് ഞങ്ങളുടെ വിലയിരുത്തൽ.

## കേന്ദ്ര ബിജെപി ഭരണം പരസ്യമായ കുത്തകസേവ

കുത്തകകളുടെ കൊള്ളലാഭം പെരുപ്പിക്കുന്നതിനായി, യാതൊരു മറയുമില്ലാതെ, കഴിഞ്ഞ ഏഴ് വർഷമായി ബിജെപി നയിക്കുന്ന എൻഡിഎ ഭരണം കൈക്കൊള്ളുന്ന നയങ്ങൾ ജനങ്ങളെ ജീവിതദുരിതങ്ങളുടെ നീർച്ചുഴിയിലകപ്പെടുത്തിയിരിക്കുന്നു.

കോവിഡ്കാലത്തും അംബാനി നിലമെച്ചപ്പെടുത്തി ലോകസമ്പന്നരുടെ പട്ടികയിൽ എട്ടാംസ്ഥാനത്തെത്തി. ഒറ്റവർഷംകൊണ്ട് ആസ്തി ഏറ്റവുമേറെ വർദ്ധിപ്പിച്ചവരുടെ ലിസ്റ്റിൽ അദാനിയുമുണ്ട്. നാട്ടുമുഴുവൻ അംബാനിയും അദാനിയും അടങ്ങുന്ന ഒരുപിടി കുത്തകകൾക്ക് തീറെഴുതുകയാണ് മോദിഭരണം.

## റയിൽവേ കുത്തകകൾക്ക്

151 ട്രയിനുകൾ, റൂട്ടുകൾ, റയിൽവേസ്റ്റേഷനുകൾ തുടങ്ങി 12 ലക്ഷം തൊഴിലാളികളുള്ള ഇന്ത്യയിലെ ഏറ്റവും വലിയ തൊഴിൽസ്ഥാപനം കുത്തകകൾക്ക് കൈമാറുന്നു. എറണാകുളം സൗത്ത് റയിൽവേ സ്റ്റേഷനും നാൽപ്പത്തിയെട്ട് ഏക്കർ ഭൂമിയും ചതുരശ്ര അടിക്ക് രണ്ടുരൂപ നിരക്കിൽ അദാനിക്ക് അറുപത് വർഷത്തേയ്ക്ക് പാട്ടത്തിന് നൽകിക്കഴിഞ്ഞു.

അദാനിയുടെ പേര് എഴുതിയ ട്രയിനും ഇൻഡ്യൻ റെയിൽവേയുടെ ട്രാക്കിലൂടെ ഓടിത്തുടങ്ങി. കോവിഡിന്റെ പേരിൽ റഗുലർ സർവ്വീസുകളെല്ലാം സർവ്വീസ് ചാർജ്ജ് അധികമായി കവർന്നുകൊണ്ട് സ്പെഷ്യൽ സർവ്വീസുകളാക്കി മാറ്റി. സാധാരണക്കാരന്റെ ആശ്രയമായ പാസഞ്ചർ ട്രെയിനുകൾ പുനരാരംഭിക്കാത്തത് എന്നന്നേക്കുമായി ഇവ അവസാനിപ്പിക്കാനുള്ള നീക്കമാണ് എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. പ്ലാറ്റ്ഫോം ടിക്കറ്റിന്റെ ചാർജ്ജ് 30 രൂപയാക്കി ഉയർത്തി. സ്വകാര്യ മുതലാളിമാർക്ക് വിട്ടുനൽകിയിട്ടുള്ള സ്റ്റേഷനുകളിൽ പ്ലാറ്റ്ഫോം ടിക്കറ്റിന്റെ ചാർജ്ജ് 50 രൂപയാണ്.

## പൊതുമേഖലകൾ സ്വകാര്യവത്ക്കരിക്കുന്നു

കഴിഞ്ഞ രണ്ട് വർഷങ്ങൾക്കിടയിൽ മോദി സർക്കാർ നൂറ് ശതമാനവും വിറ്റഴിക്കാൻ തീരുമാനിച്ചിട്ടുള്ള പൊതുമേഖലാ സംരംഭങ്ങൾ 26 എണ്ണമാണ്. അവയിൽ എയർഇൻഡ്യയും എച്ച്എൻഎൽഉം ഒഴികെ ബിപിസിഎൽ, ഷിപ്പിംഗ് കോർപ്പറേഷൻ, നാല് ക്രൂറ്റൻ സ്റ്റീൽ പ്ലാന്റുകൾ, ഐറ്റിഡിസി, നീലാച്ചൽ ഇസ്പാത്ത് നിഗം തുടങ്ങിയവയെല്ലാം വൻലാഭത്തിൽ പ്രവർത്തിക്കുന്നവയാണ്. 8ലക്ഷത്തിൽപ്പരം കോടിരൂപയുടെ ആസ്തിയുള്ള ബിപിസിഎൽ കേവലം 66000കോടിരൂപയ്ക്കാണ് കുത്തകകൾക്ക് കൈമാറുന്നത് എന്നതുതന്നെ കൈമാറ്റത്തിന്റെ പിന്നിലെ താൽപര്യത്തിന്റെ വ്യക്തമായ സൂചനയാണ്.

> **തെരഞ്ഞെടുപ്പ് രംഗത്ത് യഥാർത്ഥത്തിൽ രണ്ടു ചേരികളേയുള്ളൂ. ഒന്നാമത്തേത്, മുഖ്യധാരാ കക്ഷികൾ പ്രതിനിധാനം ചെയ്യുന്ന ഭരണചേരി. മുതലാളിത്ത വ്യവസ്ഥയുടെ പ്രതിനിധികളുടെ ക്യാമ്പാണത്. അതിൽ ജനതാൽപര്യത്തിന്റെ കണികപോലും അന്തർഭവിച്ചിട്ടില്ല. ജനങ്ങളുടെ വിശാലമായ താൽപര്യത്തെ പ്രതിനിധാനം ചെയ്തുകൊണ്ടുള്ള ജനാധിപത്യ പ്രവർത്തനങ്ങളുടെ സമരചേരിയാണ് രണ്ടാമത്തേത്.**

## ഉൽപാദന-സംഭരണ-വിതരണ മേഖലകൾ കുത്തകകൾക്ക് തീറെഴുതുന്ന കാർഷികനിയമം

കാർഷികോൽപ്പന്നങ്ങളുടെ ഉൽപ്പാദനം, സംഭരണം, വിതരണം എന്നീ നിർണായക മേഖലകളിൽ കുത്തകകൾക്ക് കടന്നുകയറാൻ പാകത്തിന് രൂപകൽപ്പന ചെയ്തിരിക്കുന്ന മൂന്ന് കാർഷിക നിയമങ്ങളാണ് കേന്ദ്ര സർക്കാർ ശബ്ദവോട്ടോടെ പാർലമെന്റിൽ പാസ്സാക്കിയത്.

വൻകിടമുതലാളിമാരുടെ ചന്തകൾ മാത്രം അവശേഷിക്കത്തക്കവിധം സർക്കാർ സംഭരണവും താങ്ങുവിലയും ഇല്ലാതാക്കുക, കൃഷിയുടെ കരാർവൽക്കരണം ഉറപ്പാക്കുക, കർഷകരുടെ ഉൽപ്പന്നങ്ങൾ തുഛവിലയ്ക്ക് തട്ടിയെടുക്കാനും പൂഴ്ത്തിവച്ച് കൃത്രിമമായി വില ഉയർത്തി കൊള്ളലാഭം കുന്നുകൂട്ടാനും വൻകിട മുതലാളിമാർക്ക് വഴിയൊരുക്കാൻ വേണ്ടിയുള്ളതാണ് ഈ കാർഷിക നിയമങ്ങളെന്ന് കർഷകർ സ്വയം തിരിച്ചറിഞ്ഞാണ് കൊടിയ കഷ്ടപ്പാടുകൾ സഹിച്ച് ഇന്ന് സമരരംഗത്ത് ഉറച്ചുനിൽക്കുന്നത്. ഏതൊരു കഠിനഹൃദയവും അലിഞ്ഞുപോകുന്ന സഹനത്തിന്റെയും ത്യാഗത്തിന്റെയും വാർത്തകളാണ് സമരഭൂമിയിൽനിന്ന് നാം കേൾക്കുന്നത്. നിയമങ്ങൾക്കുവേണ്ടിയുള്ള നിലപാടിൽനിന്ന് കടുകിട പിന്നോട്ടില്ലെന്ന് ആവർത്തിച്ച് പ്രഖ്യാപിക്കുകവഴി മുതലാളിമാർക്കായി തങ്ങൾ എത്രമേൽ പ്രതിജ്ഞാബദ്ധമാണെന്ന് തെളിയിക്കുകയാണ് ബിജെപി സർക്കാർ.

## ബാങ്കിംഗ്, ഇൻഷ്വറൻസ് മേഖലകളും വിൽപനയ്ക്ക്

ബാങ്ക് ഓഫ് മഹാരാഷ്ട്ര, സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, ഇന്ത്യൻ ഓവർസീസ് ബാങ്ക്, ബാങ്ക് ഓഫ് ഇന്ത്യ എന്നീ നാല് ബാങ്കുകളും ഇൻഷ്വറൻസ് മേഖലയും വിൽപ്പനയ്ക്ക് വച്ചുകഴിഞ്ഞു. കോവിഡിന്റെ മറയിൽ കൊണ്ടുവന്ന ആത്മനിർഭരഭാരത് പാക്കേജ്, അവശേഷിച്ചിരുന്ന പൊതുമേഖല സ്ഥാപനങ്ങളുടെ വിൽപ്പനയുടെ ഗതിവേഗം വർദ്ധിപ്പിച്ചു. വിൽപ്പനയുടെ പൂർത്തീകരണം വിളംബരം ചെയ്യുന്നതാണ് കേന്ദ്രബജറ്റ്. കാർഷികനിയമംപോലും അതിന്റെ മറപടിച്ച് വന്നതാണ്.

കൽക്കരി ഖനന മേഖലയിൽ അഞ്ഞൂറോളം ബ്ലോക്കുകൾ ലോഹ-ധാതു ഖനനം നടത്താൻ സ്വകാര്യ മുതലാളിമാർക്ക് ലേലം ചെയ്ത് നൽകാൻ തീരുമാനിച്ചു. തന്ത്രപ്രധാനമായ പ്രതിരോധമേഖലയിൽ 74 ശതമാനം വിദേശനിക്ഷേപം അനുവദിച്ചു. തുറമുഖങ്ങൾ ഉൾപ്പെടെ ഒന്നൊഴിയാതെ എല്ലാ മേഖലകളും കുത്തകകൾക്ക് കൈമാറുന്നു. സ്വകാര്യടെലിഫോൺ കമ്പനികൾക്കുവേണ്ടി ബിഎസ്എൻഎല്ലിനെ തകർക്കുന്നു.

പൊതുവിദ്യാഭ്യാസത്തിന്റെ മരണമണിയാണ് ദേശീയ വിദ്യാഭ്യാസനയം 2020. വൈദ്യുതി നിയമം 2020 വൈദ്യുതമേഖലയുടെ സ്വകാര്യവത്ക്കരണം ലക്ഷ്യം വച്ചുകൊണ്ടുള്ളതാണ്. ആരോഗ്യമേഖലയും സമ്പൂർണമായും കുത്തകകളുടെ കൈപ്പിടിയിലായി. നാഷണൽ ഹെൽത്ത് മിഷൻ ലക്ഷ്യം വയ്ക്കുന്നത് മറ്റൊന്നല്ല.

44 തൊഴിൽ നിയമങ്ങൾ ഭേദഗതി ചെയ്ത് മുതലാളിമാർക്ക് അനുകൂലമായ 4 കോഡുകൾ ആക്കി മാറ്റിക്കൊണ്ട് രാജ്യത്തെ പണിയെടുത്ത് ജീവിക്കുന്ന നിർദ്ധനരായ മനുഷ്യരെ നിരായുധരാക്കി മുതലാളിയുടെ ലാഭാർത്തിയുടെ മുമ്പിലേക്ക് എറിഞ്ഞുകൊടുക്കുകയാണ്.

## ഇന്ധന വിലവർദ്ധനവ് എന്ന തീവെട്ടിക്കൊള്ള

അടിക്കടിയുള്ള ഇന്ധനവില വർദ്ധനവിലൂടെ കോടിക്കണക്കിന് രൂപയാണ് കുത്തകകൾ നിത്യേന ആദായമുണ്ടാക്കുന്നത്. കോവിഡ്കാലത്ത് ക്രൂഡ്ഓയിൽ വില കുത്തനെ ഇടിഞ്ഞെങ്കിലും അതിന്റെ ആനുകൂല്യം ജനങ്ങൾക്ക് നൽകാതെ എക്സൈസ് ഡ്യൂട്ടി പെട്രോളിന് 13 രൂപയും ഡീസലിന് 16 രൂപയും വർദ്ധിപ്പിച്ചു. ഫാംസെസ്സ് എന്നപേരിൽ നികുതി വീണ്ടും ചുമത്തി. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില നർണയിക്കുവാനുള്ള അവകാശം എണ്ണക്കമ്പനികൾക്ക് കൈമാറിയതിന്റെ പരിണത ഫലമാണ് വിലക്കയറ്റം. പാചകവാതകത്തിന്റെ വില സിലിണ്ടറിന് മൂന്നു മാസത്തിനുള്ളിൽ 226 രൂപ വർദ്ധിച്ച് അത് 826 രൂപയായിരിക്കുന്നു. വാണിജ്യാവശ്യത്തിനുള്ള എൽപിജിയുടെ വില സിലിണ്ടറ് 1604 രൂപയായി. പാചകവാതക സബ്സിഡി നിർത്തലാക്കിയതിലൂടെ സർക്കാർ സമാഹരിച്ചത് 20000കോടി രൂപയാണ്.

പൊതുമേഖലബാങ്കുകളെ കബളിപ്പിച്ച് വിദേശത്തേയ്ക്ക് കടന്നുകളഞ്ഞ കുത്തകകൾക്ക് കോവിഡ് കാലയളവിൽ ഇളവുചെയ്തുകൊടുത്തത് 68,000കോടി രൂപ. 2019-20 കാലയളവിൽ കുത്തകകളുടെ കിട്ടാക്കടം ബാങ്കുകൾ എഴുതിത്തള്ളിയത് രണ്ടരലക്ഷംകോടി രൂപ. ഇതിനുപുറമേ കോർപ്പറേറ്റ് നികുതി വെട്ടുക്കുറച്ചതും നോട്ടുനിരോധനവും ജിഎസ്ടിയുമൊക്കെ കുത്തകകൾക്കുവേണ്ടിത്തന്നെയായിരുന്നു എന്നത് നിസ്സംശയം തെളിയിക്കപ്പെട്ടുകഴിഞ്ഞു.

## ജനാധിപത്യധ്വംസനങ്ങളും പൗരാവകാശലംഘനങ്ങളും മോദി ഭരണത്തിന്റെ മുഖമുദ്ര

അന്ധവും ഭ്രാന്തവും ഭൂരിപക്ഷ വർഗ്ഗീയവികാരവുമായി ലയിച്ചുചേർന്നതുമായ ദേശീയവികാരം കുത്തിപ്പൊക്കി അതാണ് ദേശസ്നേഹമെന്ന് വരുത്തിത്തീർക്കാനും രാജ്യത്തെ ഒരു ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെടുന്നവർ രാജ്യത്തോട് കൂറില്ലാത്തവരാണെന്നുള്ള പൊതുധാരണയുണ്ടാക്കാനും ശ്രമിക്കുന്നു. കുത്തക മൂലധനത്തിന്റെ ചൂഷകവാഴ്ചയ്ക്കെതിരെ അദ്ധ്വാനിക്കുന്ന ജനങ്ങളുടെ യോജിച്ച പ്രക്ഷോഭം വളർന്നുവരുന്നത് തടയുന്നതിന് വേണ്ടിയാണ് അവർ ഹിന്ദുത്വത്തെയും ഹിന്ദുതാല്പര്യത്തെയും പറ്റി പറഞ്ഞ് ജനങ്ങൾക്കിടയിൽ സ്പർദ്ധ വളർത്താൻ ശ്രമിക്കുന്നത്. എൻആർസിയും സിഎഎയും നടപ്പിലാക്കി ജനങ്ങളെ ഭിന്നിപ്പിക്കുന്നതിന്റെയും താൽപര്യം മറ്റൊന്നല്ല. എതിർശബ്ദങ്ങളെ ഇല്ലാതാക്കുന്നു. ജനാധിപത്യധ്വംസനങ്ങളും പൗരാവകാശലംഘനങ്ങളും മോദി ഭരണത്തിന്റെ മുഖമുദ്രയായിക്കഴിഞ്ഞു. അത് രാജ്യത്തിനുള്ളിൽ മാത്രമല്ല, ലോകമെമ്പാടും മനുഷ്യസ്നേഹികളുടെ രൂക്ഷമായ വിമർശത്തിന് ഇടയാക്കിയിരിക്കുന്നു. ഭീമകൊറേഗാവ്, പുൽവാമ തുടങ്ങിയ സംഭവങ്ങൾ തീവ്രവാദപ്രവർത്തനങ്ങൾ ബിജെപി നേരിട്ട് ആസൂത്രണം ചെയ്യുന്നു എന്നതിനും തെളിവായി.

വിലക്കയറ്റവും തൊഴിലില്ലായ്മയും സാധാരണക്കാരന്റെ ജീവിതം കൂടുതൽ ദുരിതപൂർണമാക്കുന്നു. തൊഴിലില്ലായ്മ രാജ്യചരിത്രത്തിലെ ഏറ്റവും ഉയർന്ന നിരക്കിലാണ്. സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കും നേരെയുള്ള അതിക്രമങ്ങളിൽ മുൻനിരയിലാണ് യുപി പോലുള്ള ബിജെപി ഭരിക്കുന്ന സംസ്ഥാനങ്ങൾ. കോവിഡ് പ്രതിസന്ധിയിൽ നിന്ന് കരകയറാനുള്ള ഉപായമന്വേഷിച്ച് ജനങ്ങൾ പരക്കം പായുന്നു. ലോക്ഡൗൺ കാലത്ത് പിറന്നനാട്ടിൽ തിരികെയെത്താൻ നൂറുകണക്കിന് കിലോമീറ്ററുകൾ നടന്നുനീങ്ങിയ തൊഴിലാളികളുടെ ദൈന്യാവസ്ഥ ഇന്ത്യയിലെ തൊഴിലാളികളുടെ ജീവിതസാഹചര്യങ്ങളുടെ നേർചിത്രമാണ്.

രാജ്യതലസ്ഥാനത്ത് കർഷകസമരം നാലുമാസമെത്തുന്നു. 250ലേറെയാളുകൾ സമരഭൂമിയിൽ ഇതിനകം മരിച്ചുവീണു. പാവപ്പെട്ടവന്റെ മിനിമം ബാലൻസില്ലാത്ത അക്കൗണ്ടുകളിൽനിന്നും ബാങ്കുകൾ പണം പിടുങ്ങുന്നത് അനസ്യൂതം തുടരുന്നു.

മോദിയുടെ രാജ്യം കർഷകന്റേതുമല്ല, തൊഴിലാളിയുടേതുമല്ല

(ശേഷം 3–ാം പേജിൽ)




ചങ്ങനാശ്ശേരി മണ്ഡലം സ്ഥാനാർത്ഥി സഖാവ് രജിതാ ജയറാമിന്റെ തെരഞ്ഞെടുപ്പ് പ്രചരണം ഉദ്ഘാടനം ചെയ്തുകൊണ്ട് ചങ്ങനാശ്ശേരി ടൗണിൽ നടത്തിയ പ്രകടനം

# പ്രകൃതി വിഭവങ്ങളും പൊതുമേഖലയുമെല്ലാം കുത്തകകൾക്ക് തീറെഴുതുന്ന നയങ്ങൾക്ക് തുടക്കമിട്ടത് കോൺഗ്രസ് ഭരണം

*(2-ാം പേജിൽ നിന്ന്)*

വൻകിട മുതലാളിമാരുടേത് മാത്രമാണ്. നരേന്ദ്രമോദിയും ബിജെപിയും ഭരിക്കുന്നത് കുത്തകകൾക്കുവേണ്ടിമാത്രമാണ്. ജനങ്ങളുടെ എതിർപക്ഷത്താണ് ബിജെപി എന്നത് തർക്കത്തിനിടയില്ലാതെ തെളിയിക്കപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ ബിജെപിയുടെ പരാജയം ഉറപ്പാക്കുക എന്നത് തെരഞ്ഞെടുപ്പിന്റെ മുന്നിലെ പ്രധാന കർത്തവ്യമാണ്.

### ആഗോളവത്ക്കരണ നയങ്ങൾ ആവിഷ്ക്കരിച്ചത് കോൺഗ്രസ്

കാടും കടലും കരിമണലും കുടിവെള്ളമടക്കമുള്ള പ്രകൃതി വിഭവങ്ങളും ജനങ്ങൾ വിയർപ്പൊഴുക്കി പടുത്തുയർത്തിയ പൊതുമേഖലാ സ്ഥാപനങ്ങളുമെല്ലാം സ്വകാര്യവത്ക്കരിക്കുന്ന ആഗോളവത്ക്കരണ നയങ്ങൾക്ക് തുടക്കമിട്ടത് 1991ൽ കേന്ദ്രത്തിൽ അധികാരത്തിലിരുന്ന് പുതിയ സാമ്പത്തിക വ്യവസായനയങ്ങൾ ആവിഷ്ക്കരിക്കുകവഴി കോൺഗ്രസ് ആണ്. കാർഷികരംഗമാകെ കോർപ്പറേറ്റുകൾക്ക് തീറെഴുതുന്ന കാർഷിക നിയമങ്ങളും യുപിഎ സർക്കാരിന്റെ നയങ്ങളുടെ തുടർച്ചയാണ്. കുത്തകകളുടെ വിശ്വസ്ത പ്രസ്ഥാനമെന്ന് ഇതിനകം തെളിയിച്ചിട്ടുള്ള കോൺഗ്രസ്സും ജനങ്ങളുടെ എതിർ ചേരിയിലാണ്, അക്കൂട്ടരും പരാജയപ്പെടുകതന്നെ വേണം.

### സ്വകാര്യ നിക്ഷേപത്തിനു വീഥിയൊരുക്കലാണ് ഭരണം

കുത്തകകൾക്കായി പദ്ധതിയൊരുക്കുന്നതിൽ അഞ്ചുവർഷം കേരളം ഭരിച്ച ഇടതുമുന്നണി സർക്കാരും കോൺഗ്രസ്സിന്റെയും ബിജെപിയുടെയും അതേ പായയിലായിരുന്നുവെന്നത് നയങ്ങൾ തെളിയിക്കുന്നു.

സെമി സ്പീഡ് റെയിൽ കോറിഡോർ(കെ-റെയിൽ) എന്ന കൂറ്റൻ നിർമ്മാണ പ്രോജക്ക്റ്റ് മുതൽ വനങ്ങൾക്കു സമീപം പ്രവർത്തിക്കുന്ന ക്വാറികളുടെ ദൂരപരിധി കുറയ്ക്കാനുള്ള തീരുമാനത്തിൽവരെ സ്വകാര്യ മൂലധന സേവയുടെ ഈ സമീപനം കാണാം. സംസ്ഥാനത്തിന്റെ വരുമാനത്തിന് ഒട്ടും ആനപാതികമല്ലാത്തവിധം കൂറ്റൻ വായ്പകളെടുത്ത് നടത്തുന്ന ഇത്തരം നിർമ്മാണപ്രവർത്തനങ്ങൾ കേരളത്തിന്റെ അന്തകനായി മാറുമെന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട. ഇതു വികസനമല്ല. വിനാശമാണ്.

കെഎസ്ഇബിയുടെ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി കേബിൾ വഴി ഇൻർനെറ്റ് ലഭ്യത വീടുകളിലെത്തിക്കുക എന്നതാണ് കെ-ഫോൺ പദ്ധതി. സംസ്ഥാന സർക്കാർ 1100 കോടി രൂപ മുടക്കി, ഇന്റർനെറ്റ് സേവനദാതാക്കളായ ജിയോക്കും മറ്റുള്ളവർക്കുംവേണ്ടി നടത്തുന്ന അടിസ്ഥാന സൗകര്യമൊരുക്കലിന്റെ പേരാണ് കെ-ഫോൺ.

ആഴക്കടൽ മൽസ്യബന്ധനത്തിനും മൽസ്യസംസ്കരണത്തിനുംവേണ്ടി ഇഎംസിസി ഗ്ലോബൽ കൺസോർഷ്യത്തിന്റെ ഇൻഡ്യൻ കമ്പിനിയുമായി ഉണ്ടാക്കിയ കരാറും ഈ സമീപനത്തിന്റെ അടിസ്ഥാനത്തിൽ രൂപംകൊണ്ടതാണ്. കേരള തീരത്തെ മൽസ്യ സമ്പത്ത് കൊള്ളയടിക്കാനുള്ള പുതിയ മേഖല നിക്ഷേപകന് തുറന്നുകൊടുക്കുക; ഭരണം തുടങ്ങിയ 2016 മുതൽ ഇന്നുവരെ ഈ ലക്ഷ്യത്തോടെ നടപ്പാക്കിയതോ പ്രഖ്യാപിച്ചതോ ആയ പദ്ധതികളിൽ ഏറ്റവും ഒടുവിലത്തേതാണ് ഇത്.

### ഭരണസിരാകേന്ദ്രം കൺസൾട്ടൻസികളുടെ താവളം

പിണറായി ഭരണത്തിൽ ആഗോളഫണ്ടിങ് ഏജൻസികളും കൺസൾട്ടൻസികളും കേരളത്തിൽ അടിമുടി പിടിമുറുക്കി. തീവ്ര വലത് നയങ്ങളുടെ വക്താവും ലോക ബാങ്കിന്റെ മുതിർന്ന സാമ്പത്തിക വിദഗ്ധയുമായ ഗീതാ ഗോപിനാഥ് ആയിരുന്നു മുഖ്യമന്ത്രിയുടെ സാമ്പത്തിക ഉപദേശക. പ്രളയാനന്തര പുനർനിർമാണ ത്തിന്റെ കൺസൾട്ടൻസി കെപിഎംജി എന്ന കുപ്രസിദ്ധ സ്ഥാപനത്തിനായിരുന്നു. സംഭാവനയായും സാലറി ചലഞ്ചിലൂടെയും ലഭിച്ച ഭീമമായ തുകയിൽ കോടിക്കണക്കിന് രൂപയുടെ അഴിമതി നടന്നതിന്റെ വിവരമാണ് ഇപ്പോൾ പുറത്തുവരുന്നത്.

കോവിഡ് രോഗികളുടെ വ്യക്തിപരമായ വിവരങ്ങളും ആരോഗ്യപരമായ വിവരങ്ങളും ശേഖരിക്കാൻ അമേരിക്കൻ കമ്പനിയായ സ്പ്രിംഗ്ലർക്ക് അനുമതി നൽകി. കുപ്രസിദ്ധമായ കൺസൾട്ടൻസികളുമായുള്ള ഗൂഢമായ ഇടപാടുകളിലൂടെ അരങ്ങേറുന്ന പ്രോജക്റ്റുകളും അവിഹിത ഇടപാടുകളുമാണ് കേരളത്തെ ഇളക്കിമറിച്ച സ്വർണ്ണക്കടത്ത് കേസിലൂടെ പുറത്തുവന്നത്.

### സ്വകാര്യനിക്ഷേപത്തിന് കിഫ്ബി പാതയൊരുക്കുന്നു

മുതലാളിമാർക്കുവേണ്ടി അടിസ്ഥാനസൗകര്യ വികസന കമ്പോളം സർക്കാർ ചെലവിൽ സൃഷ്ടിക്കുന്ന വഞ്ചനയാണ് കിഫ്ബി. ജനങ്ങളുടെ നികുതിപ്പണവും കടമെടുത്തപണവും ബജറ്റിൽ ഉൾപെടുത്തി പ്രഖ്യാപിക്കുകയും, സർക്കാർ നിയന്ത്രണ സംവിധാനത്തിന്റെ വെളിയിൽ ചെലവഴിക്കുകയും, ഭരണഘടനാപരമായ ഓഡിറ്റുകൾ ഒഴിവാക്കുകയും, വരുത്തിവയ്ക്കുന്ന ബാധ്യത മുഴുവൻ ജനങ്ങളുടെ തലയിൽ കെട്ടിവയ്ക്കുകയും ചെയ്യുന്ന ഒരു സൂപ്പർ സർക്കാരാണ് കിഫ്ബി. സ്വന്തമായ വരുമാന ഉറവിടമില്ലാത്ത കിഫ്ബിയുടെ ഫണ്ട് അടിസ്ഥാനപരമായി സമാഹരിക്കുന്നത് വായ്പയിലൂടെയാണ്. സർക്കാർ ഗ്യാരണ്ടിയിലാണ് വായ്പ എടുക്കുന്നത്. ജനങ്ങളുടെ ശിരസ്സിൽ വായ്പയുടെ ഭരം അടിച്ചേൽപ്പിക്കപ്പെടും.

> **കുത്തകകളുടെ താല്പര്യാർത്ഥം കഴിഞ്ഞ ഏഴു വർഷമായി ബിജെപി നയിക്കുന്ന എൻഡിഎ ഭരണം കൈക്കൊള്ളുന്ന നയങ്ങൾ ജനങ്ങളെ ജീവിത ദുരിതങ്ങളുടെ നീർച്ചുഴിയിലകപ്പെടുത്തിയിരിക്കുന്നു. 1991ൽ കോൺഗ്രസ് ഗവൺമെന്റ് ആവിഷ്ക്കരിച്ച ആഗോളവത്കരണ നയങ്ങൾ തന്നെയാണ് ബിജെപി ഗവൺമെന്റും പിന്തുടരുന്നത്. കുത്തകകളുടെ വിശ്വസ്തപ്രസ്ഥാനമെന്ന് ഇതിനകം തെളിയിച്ചിട്ടുള്ള കോൺഗ്രസ്സും ബിജെപിയും ഒരു പോലെ ജനങ്ങളുടെ എതിർ ചേരിയിലാണ്**




അഴീക്കോട് മണ്ഡലം സ്ഥാനാർത്ഥി സഖാവ് രശ്മി രവിയുടെ തെരഞ്ഞെടുപ്പ് കൺവൻഷൻ ഡോ.ഡി.സുരേന്ദ്രനാഥ് ഉദ്ഘാടനം ചെയ്യുന്നു

പിണറായി സർക്കാർ അധികാരത്തിലേറുമ്പോൾ സംസ്ഥാനത്തിന്റെ കടം 1,60,638 കോടി രൂപയായിരുന്നു. കാലാവധി പൂർത്തിയാകുമ്പോൾ അത് രണ്ട് മടങ്ങ് വർദ്ധിച്ച് 3,01,642 കോടി രൂപയായി. കഴിഞ്ഞ അഞ്ചു വർഷം കൊണ്ട് പലിശ കൊടുക്കാൻവേണ്ടി മാത്രം വിനിയോഗിച്ചിരിക്കുന്നത് 83,486 കോടി രൂപയാണ്. റവന്യൂ വരുമാനത്തിന്റെ അഞ്ചിലൊന്ന് ഇപ്പോൾതന്നെ പലിശ കൊടുക്കാൻമാത്രം ചെലവഴിക്കുന്നു.

### തൊഴിലിനായി അലയുന്ന യുവത്വം കേരളത്തിന്റെ നെഞ്ചു നീറ്റുന്ന കാഴ്ച

കേരളത്തിൽ തൊഴിലില്ലായ്മ അതിന്റെ മൂർദ്ധന്യത്തിലാണ്. സിവിൽ എക്സൈസ് റാങ്ക് ലിസ്റ്റിൽ 77-ാം സ്ഥാനത്തുണ്ടായിരുന്ന തിരുവനന്തപുരത്തുകാരനായിരുന്ന അനു എന്ന ഉദ്യോഗാർത്ഥിയുടെ ആത്മഹത്യ തൊഴിലില്ലായ്മയുടെ രൂക്ഷതയുടെയും ചെറുപ്പക്കാർ അഭിമുഖീകരിക്കുന്ന ജീവിതനൈരാശ്യത്തിന്റെയും നേർചിത്രമാണ്. നൂറ് ദിനംകൊണ്ട് അഞ്ച് ലക്ഷം പേർക്ക് നിയമനം നൽകുമെന്നായിരുന്നു തെരഞ്ഞെടുപ്പ് വാഗ്ദാനം. അഭ്യസ്തവിദ്യരായ ചെറുപ്പക്കാരെയും ഉദ്യോഗാർത്ഥികളെയും പിഎസ്സി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവരെയുമൊക്കെ വഞ്ചിച്ച്, തസ്തികകൾ പലതും ഇല്ലാതാക്കി അപ്രഖ്യാപിത നിയമനനിരോധനം കൊണ്ടുവന്നു. ഒപ്പംതന്നെ സിപിഐ(എം) ഒരു സമാന്തര ഏജൻസിയായി മാറിക്കൊണ്ട് കരാർ നിയമനം, ബന്ധുനിയമനം, പിൻവാതിൽ നിയമനം എന്നിങ്ങനെ വേണ്ടപ്പെട്ടവരുടെ സ്ഥിരനിയമനത്തിന് മറ്റൊരു ഔദ്യോഗിക റൂട്ട് സൃഷ്ടിച്ചു.

പിഎസ്സിയിൽ ഓരോ വർഷവും വിവിധ പരീക്ഷകളെഴുതി കാത്തിരിക്കുന്നവരുടെയും തൊഴിലില്ലാതെ അലയുന്ന യുവാക്കളുടെയും എണ്ണം കൂട്ടിയാൽ എണ്ണം ഒരുകോടിയോളം വരും. എസ്എസ്എൽസി മിനിമം യോഗ്യതയായി നിശ്ചയിച്ചിട്ടുള്ള 191 തസ്തികകളിലേക്കായി പ്രാഥമിക സ്ക്രീനിംഗ് പരീക്ഷയ്ക്കു ഇതുവരെ അപേക്ഷിച്ചത് 24 ലക്ഷം പേരാണ്. അവരിൽ ഉന്നത ബിരുദധാരികളുമുണ്ട്. 2020 ജനുവരി മുതൽ മാർച്ച് വരെയുള്ള കാലയളവിലെ കണക്കനുസരിച്ച് കേരളത്തിൽ 15നും 29നും ഇടയിൽ പ്രായമുള്ളവരിൽ തൊഴിലില്ലാത്തവരുടെ എണ്ണം 40.5 ശതമാനമാണ്. കേന്ദ്രസർക്കാർ നടത്തിയ പീരിയോഡിക് ലേബർ ഫോഴ്സ് സർവ്വേ ഫലപ്രകാരമാണിത്. ഈ വർഷം ജനവരി 14ന് ധനമന്ത്രി തോമസ് ഐസക് പറഞ്ഞത് കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക് 36 ശതമാനമാണെന്നായിരുന്നു. 2018-19ലെ കണക്കുകളെ അടിസ്ഥാനപ്പെടുത്തിയാണത്. കോവിഡ് കാലത്തെ കണക്കുകൂടി കിട്ടിയാൽ തൊഴിലില്ലായ്മ നിരക്ക് വളരെ വലുതായിരിക്കും. റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടി നിയമനം കൊടുത്ത് യുവാക്കളുടെ ഭാവി സംരക്ഷിയ്ക്കുവാൻ നിലവിലുള്ള പിഎസ്സി വകുപ്പുകൾ പ്രകാരം സാധ്യമായിട്ടും സർക്കാർ തൊഴിൽ രഹിതരെ തെരുവിൽ തള്ളാനാണ് തീരുമാനിച്ചത്.

### പണം മുടക്കിയാൽ മാത്രം ലഭിക്കുന്ന വിദ്യാഭ്യാസം

കോർപ്പറേറ്റുകളുടെ മൂലധന നിക്ഷേപത്തിനനുകൂലമായ ചിന്തകളുടെയും നയങ്ങളുടെയും സമാഹാരമാണ് പുതിയ ദേശീയ വിദ്യാഭ്യാസ നയം. അതിന്റെ കൃത്യമായ നടപ്പാക്കലാണ് കേരളത്തിലും കാണുന്നത്. സംസ്ഥാനത്ത് കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ ആരംഭിച്ച ഏതാണ്ട് മുഴുവൻ വിദ്യാഭ്യാസ സ്ഥാപനങ്ങളും കോഴ്സുകളും സ്വകാര്യമുതലാളിമാരുടേതാണ്. മുതലാളിമാർതന്നെ യഥേഷ്ടം ഫീസും കോഴ്സും നിശ്ചയിക്കുന്നു. ആട്ടോണമസ് കോളേജുകളും സ്വകാര്യ സർവ്വകലാശാലകളും ഡീംഡ് യൂണിവേഴ്സിറ്റികളുമെല്ലാം ഇതേ ലക്ഷ്യത്തോടെ വരുന്നവയാണ്. ഗവേഷണ മേഖലയ്ക്കുള്ള സർക്കാർ ഫണ്ട് ഏതാണ്ട് നിലയ്ക്കുകയാണ്. ഗവേഷണഫലം മുതലാളിമാർക്ക് വിൽക്കാനുള്ള കരാർ മുൻകൂറായി ഉണ്ടാക്കിക്കൊണ്ട് അവരിൽനിന്ന് ഫണ്ട് തരപ്പെടുത്തി ഗവേഷണം നടത്താനാണ് വിദ്യാർത്ഥികളോട് സർക്കാരുകൾ ഉപദേശിക്കുന്നത്.

### ഇടതുഭരണത്തിൽ കേരളം തൊഴിലവകാശങ്ങളുടെ ശവപ്പറമ്പ്

സംസ്ഥാനത്തെ അസംഘടിത മേഖലയിൽ പണിയെടുക്കുന്ന 14.2 ലക്ഷം തൊഴിലാളികൾക്ക് ജീവൻ നിലനിർത്താനുള്ള മിനിമം കൂലിയോ അവകാശങ്ങളോ ഉറപ്പാക്കപ്പെടുന്നില്ല. സ്വകാര്യ ആശുപത്രികളിലെ നഴ്സുമാർ, ഇതര ആശുപത്രി ജീവനക്കാർ, അൺ എയ്ഡഡ് സ്കൂൾ അധ്യാപകർ, സ്വകാര്യ പ്രീ പ്രൈമറി അധ്യാപകർ, അനധ്യാപകർ, ഷോപ്പുകളിലും മറ്റ് സ്ഥാപനങ്ങളിലും പണിയെടുക്കുന്നവർ, സെക്യൂരിറ്റി ജീവനക്കാർ, ഗാർഹിക തൊഴിലാളികൾ, ഓൺലൈൻ ഭക്ഷണവിതരണ തൊഴിലാളികൾ തുടങ്ങിയവർക്ക് മനുഷ്യോചിതമായ ജീവിതംതന്നെ സാധ്യമല്ല. കശുവണ്ടി, തോട്ടം, കയർ തുടങ്ങിയ മേഖലകളിലെ ലക്ഷക്കണക്കിന് തൊഴിലാളികൾ തൊഴിലും മിനിമം വേതനവും നഷ്ടപ്പെട്ടവരായിട്ടും തൊഴിലാളി സൗഹൃദമായ ഒരു വാക്കുപോലും ഉച്ചരിക്കാൻ സർക്കാർ തയ്യാറായില്ല.

സംസ്ഥാനത്തെ ചുമട്ടുതൊഴി

*(ശേഷം 4-ാം പേജിൽ)*

# വായ്പാധിഷ്ഠിത വികസനമെന്ന എൽഡിഎഫ് മന്ത്രം കോർപ്പറേറ്റ് മൂലധനത്തിന്റെ വികസന തന്ത്രം

(3–ാം പേജിൽ നിന്ന്)

ലാളികളെ പിടിച്ചുപറിക്കാരും ഗുണ്ടകളുമാക്കി ചിത്രീകരിച്ചുകൊണ്ട്, രണ്ടുവർഷംവരെ ജയിലിൽ അടയ്ക്കാനും പിഴ ചുമത്താനും വ്യവസ്ഥ ചെയ്യുന്ന നിയമം സർക്കാർ കൊണ്ടുവന്നു. തൊഴിൽനിയമങ്ങൾ തകർക്കുന്നകേന്ദ്രത്തിലെബിജെപി സർക്കാരിന്റെ നയങ്ങളെ പിന്തുടർന്നുകൊണ്ട് സംസ്ഥാന സർക്കാറും ലേബർ ഇൻസ്‌പെക്ടർമാരെ 'ഫെസിലിറ്റേറ്റർ' ആക്കി മാറ്റി.

നിലവിലുള്ള തൊഴിൽ നിയമങ്ങൾ കാറ്റിൽ പറത്തിക്കൊണ്ട്, 700ഓളം കശുവണ്ടി ഫാക്ടറികൾ ഏകപക്ഷീയമായി അടച്ചുപൂട്ടി, രണ്ടു ലക്ഷത്തോളം തൊഴിലാളികളെ തെരുവാധാരമാക്കി മാറ്റിയപ്പോൾ സർക്കാർ നിയമലംഘകരായ കശുവണ്ടി മുതലാളിമാർക്കൊപ്പംനിന്നു. പി.എഫ്, ഇഎസ്ഐ എന്നിവ നിഷേധിച്ചതിനെതിയും തൊഴിലാളികൾ സമരം ചെയ്തപ്പോൾ സർക്കാറും തൊഴിൽവകുപ്പും തൊഴിലുടമകൾക്ക് ഒപ്പമായിരുന്നു. തോട്ടം മേഖലയിൽ അടിമപ്പണിയിൽ തളച്ചിടപ്പെട്ട തൊഴിലാളികൾ, തോട്ടം ഉടമകളുടെയും യൂണിയൻ നേതൃത്വങ്ങളുടെയും കടുത്ത ചൂഷണത്തിനും വഞ്ചനയ്ക്കും എതിരെ മൂന്നാറിൽ സമരപാതയിൽ എത്തിയിട്ടും തോട്ടം മേഖലയിലെ അതീവ ദയനീയമായ തൊഴിൽ സാഹചര്യത്തിൽ ഗണനീയമായ മാറ്റം കൊണ്ടുവരാൻ സർക്കാർ ഒരു നടപടിയും സ്വീകരിച്ചില്ല.

കേരളത്തിൽ പണിയെടുക്കുന്ന ആശാവർക്കർമാരുടെ എണ്ണം 27000 ആണ്. ആരോഗ്യവകുപ്പിന് കീഴിൽ എട്ടുംപത്തും മണിക്കൂർ നീണ്ട ഫീൽഡ്‌വർക്ക് മുതൽ ആശുപത്രി ഡ്യൂട്ടിയടക്കം ചെയ്യേണ്ടിവരുന്ന ഇവർക്ക് നാമമാത്രമായ വേതനമാണ് ലഭിക്കുന്നത്. അതാകട്ടെ എപ്പോഴും നാലുമാസത്തിലധികം കുടിശികയുമായിരിക്കും. അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും സ്ഥിതിയും വ്യത്യസ്തമല്ല.

## കെഎസ്ആർടിസിയെ തകർത്തു

പ്രതിസന്ധിയിലായ കെഎസ്ആർടിസിയെ സർക്കാർ ഡിപ്പാർട്ട്‌മെൻറ് ആക്കി നിലനിർത്തി സംരക്ഷിക്കുന്നതിന് പകരം സ്വിഫ്റ്റ് എന്ന സ്വതന്ത്ര കമ്പനി സൃഷ്ടിച്ച് ജീവനക്കാരുടെ എണ്ണം വെട്ടിക്കുറച്ചു. സ്ഥിരം തൊഴിൽ ഇല്ലാതാക്കുന്ന കേന്ദ്ര സർക്കാരിന്റെ ഫിക്‌സഡ് ടേം എംപ്ലോയ്‌മെന്റ് കേരളത്തിൽ ആദ്യമായി നടപ്പാക്കുന്നത് ഈ സ്വിഫ്റ്റ് എന്ന കമ്പിനിയിലാണ്. കെഎസ്ആർടിസിയിൽ ശമ്പള പരിഷ്‌കരണം ഏതാണ്ട് അസ്തമിച്ച അവസ്ഥയിലാണ്.

കോവിഡിന്റെയും ലോക്ക്ഡൗണിന്റെയും വേളയിൽ മാസങ്ങളായി ജോലിയില്ലാതെ ദുരിതത്തിലായ നിർമ്മാണ തൊഴിലാളികൾ ഉൾപ്പെടെയുള്ള അസംഘടിത–കരാർ–കാഷ്വൽ തൊഴിലാളികൾക്ക് നാമമാത്രമായ തുക മാത്രം ക്ഷേമനിധികളിലൂടെ നൽകിക്കൊണ്ട് സർക്കാർകൈകഴുകി. എന്നാൽ സാമ്പത്തിക ഞെരുക്കം പറഞ്ഞ് പിരിവ് നടത്തിയ മുഖ്യമന്ത്രി, തെരഞ്ഞെടുപ്പ് അടുത്തപ്പോൾ പരസ്യത്തിനായി പ്രതിദിനം കോടികൾ ചെലവഴിക്കുന്നു.

**പിണറായി സർക്കാർ അധികാരത്തിലേറുമ്പോൾ സംസ്ഥാനത്തിന്റെ കടം 1,60,638 കോടി രൂപയായിരുന്നു. കാലാവധി പൂർത്തിയാകുമ്പോൾ അത് രണ്ട് മടങ്ങ് വർദ്ധിച്ച് 3,01,642 കോടി രൂപയായി. കഴിഞ്ഞ അഞ്ചു വർഷം കൊണ്ട് പലിശ കൊടുക്കാൻവേണ്ടി മാത്രം വിനിയോഗിച്ചിരിക്കുന്നത് 83,486 കോടി രൂപയാണ്. റവന്യൂ വരുമാനത്തിന്റെ അഞ്ചിലൊന്ന് ഇപ്പോൾതന്നെ പലിശ കൊടുക്കാൻമാത്രം ചെലവഴിക്കുന്നു.**

പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിച്ച് സ്റ്റാറ്റ്യൂട്ടറി പെൻഷൻ പുനസ്ഥാപിക്കും എന്ന് കഴിഞ്ഞ തെരഞ്ഞെടുപ്പ് മാനിഫെസ്റ്റോയിൽ വാഗ്ദാനം ചെയ്ത എൽഡിഎഫ് സർക്കാർ, തങ്ങളുടെ കാലാവധി കഴിയുമ്പോഴും പങ്കാളിത്ത പെൻഷൻ പദ്ധതി നിലനിർത്തിയിരിക്കുന്നു.

## മദ്യത്തിൽ മുങ്ങിയ കേരളം

ഇടതുമുന്നണി അധികാരത്തിൽ വരുമ്പോൾ 29 ബാറുകളാണ് കേരളത്തിൽ ഉണ്ടായിരുന്നത്. ഇന്നത് 565 എണ്ണമായി വർദ്ധിച്ചു. വിദ്യാലയങ്ങൾ, ദേവാലയങ്ങൾ, പൊതുശ്മശാനങ്ങൾ, പട്ടികജാതി പട്ടികവർഗ്ഗ കോളനികൾ എന്നിവയിൽനിന്ന് ബാറുകൾക്കുള്ള ദൂരപരിധി 200 മീറ്റർ എന്ന വ്യവസ്ഥമാറ്റി 50 മീറ്ററായി വെട്ടിച്ചുരുക്കി. ദേശീയ പാതയ്ക്കരുകിൽ മദ്യശാല നിരോധിച്ച ഉത്തരവിൽ നിന്നും പഞ്ചായത്ത് പ്രദേശങ്ങളിലെ മദ്യശാലകളെ ഒഴിവാക്കണം എന്ന അപേക്ഷയുമായി സുപ്രീംകോടതിയിൽ പോയി. പട്ടണസ്വഭാവമുള്ള പഞ്ചായത്തുകളിലെ മദ്യശാലകളെ ദേശീയ പാതാ ദൂരപരിധിയിൽനിന്ന് ഒഴിവാക്കാം എന്ന് സുപ്രീംകോടതി പറഞ്ഞപ്പോൾ പതിനായിരത്തിലധികം ജനസംഖ്യയുള്ള പഞ്ചായത്തുകളെല്ലാം പട്ടണസ്വഭാവമുള്ളവയായി പ്രഖ്യാപിച്ച് മദ്യശാലകൾക്ക് അനുമതി നൽകി. ബ്രൂവറികളും ഡിസ്റ്റിലറികളുമുൾപ്പെടെ നാലെണ്ണം തുടങ്ങാനെടുത്ത തീരുമാനം പ്രതിഷേധത്തെത്തുടർന്ന് റദ്ദാക്കി. പബ്ബുകളും രാത്രികാല ഉല്ലാസകേന്ദ്രങ്ങളുംവരെ ആലോചിക്കുന്ന സർക്കാരാണ് വിമുക്തി പരസ്യത്തിനായി കോടികൾ ചെലവഴിക്കുന്നത്.

മദ്യലഭ്യതയില്ലാതെയാക്കിയാൽ തീരാവുന്നതേയുള്ളൂ കേരളത്തിലെ ജനങ്ങളുടെ മദ്യപാനശീലം എന്ന് ലോക്ഡൗൺകാലം തെളിയിച്ചതാണ്. എന്നാൽ കോവിഡ് ഭീഷണി നിലനിൽക്കുമ്പോഴും തിടുക്കപ്പെട്ട് ബെവ്ക്യൂ ആപ്പ് ഉണ്ടാക്കി ബാറും ബിവറേജസ് ഔട്‌ലെറ്റുകളും തുറന്നത് ബാറുടമകളുടെ ലാഭാസക്തി ശമിപ്പിക്കാനായിരുന്നു.

## സ്ത്രീകളുടെ സുരക്ഷിതത്വത്തിന് കനത്ത വെല്ലുവിളി ഉയർത്തിയ ഇടതുഭരണം

പെരുമ്പാവൂരിൽ ജിഷയുടെ കൊലപാതകം ഉയർത്തിയ ജനവികാരംകൂടി മുതലെടുത്തു കൊണ്ട് അധികാരത്തിലെത്തിയ എൽഡിഎഫ്, സ്ത്രീസുരക്ഷയുടെ രംഗത്ത് ഗുരുതരമായ വീഴ്ചയാണ് വരുത്തിയത്. സംസ്ഥാനത്തിന്റെ മനസ്സാക്ഷിയെ ഞെട്ടിച്ച വാളയാറിലെ രണ്ട് പെൺകുഞ്ഞുങ്ങളുടെ കൊലപാതക കേസ്സ് കൈകാര്യം ചെയ്ത ഒരൊറ്റ ഉദാഹരണം മതി സ്ത്രീസുരക്ഷയോടുള്ള ഇടത് പോലീസിന്റെയും സർക്കാരിന്റെയും സമീപനം വ്യക്തമാകാൻ. വാളയാർ കേസ്സിൽ പോലീസും പ്രോസിക്യൂഷനും വരുത്തിയത് വീഴ്ചകളായിരുന്നില്ല, ബോധപൂർവ്വം പ്രതികളെരക്ഷിക്കുന്നതിനുവേണ്ടി നടത്തിയ ക്രിമിനൽ നീക്കങ്ങളായിരുന്നു. പാലത്തായി കേസിലും സർക്കാർ ഒത്തുകളിച്ചു. മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും വ്യാപനം സ്ത്രീകളുടെ നില കൂടുതൽ പരുങ്ങലിലാക്കി. സ്ത്രീകൾക്കും കുട്ടികൾക്കുംനേരെയുള്ള അതിക്രമങ്ങൾ പെരുകിയ അഞ്ചുവർഷങ്ങളാണ് കടന്നുപോയത്.

നിരായുധരായ 12പേരെ മാവോയിസ്റ്റെന്നപേരിൽ അരുംകൊല ചെയ്തു. യാതൊരു തെളിവുമില്ലാതെ രണ്ടു ചെറുപ്പക്കാരെ യുഎപിഎ ചുമത്തി തുറുങ്കിലടച്ചു. പോലീസ് ആക്ട് ഭേദഗതി ചെയ്യാനും പോലീസിന് മജിസ്റ്റീരിയൽ പദവി നൽകാനും നടത്തിയ നീക്കം സർക്കാരിന്റെ ജനാധിപത്യവിരുദ്ധ സ്വഭാവത്തിന്റെ നേർദൃശ്യമാണ്.

വികസനത്തിന്റെ പേരിൽ പതിനായിരങ്ങളെകുടിയിറക്കുകയും പരിസ്ഥിതിയെ തകർക്കുകയും ചെയ്യുന്ന കെ–റെയിൽ, ദേശീയ പാത സ്വകാര്യവൽക്കരിക്കുന്ന ബിഒടി ചുങ്കപ്പാതക്കായുള്ള കുടിയൊഴിപ്പിക്കൽ തുടങ്ങിയ നയങ്ങളെല്ലാം യുഡിഎഫ് കഴിഞ്ഞകാലങ്ങളിൽ നടപ്പിലാക്കിയവതന്നെയാണ്. കർഷകപ്രക്ഷോഭത്തോട് കുറ്റകരമായ നിസ്സംഗതയാണ് സിപിഐ, സിപിഐ(എം) പ്രസ്ഥാനങ്ങൾ വച്ചുപുലർത്തുന്നത്. ജനാധിപത്യ പ്രക്ഷോഭണ വേദിയിൽ ഒരുമിച്ചണിനിരക്കുകവഴിയേ ജാതി, മത, വർഗ്ഗീയ, വിഭാഗീയ ചിന്താഗതികളിൽനിന്ന് ജനങ്ങളെ മോചിപ്പിച്ചെടുക്കാനാകൂ എന്നിരിക്കെ അതിനുമുതിരുന്നില്ല എന്നുമാത്രമല്ല ആസന്നമായിരിക്കുന്ന നിയമസഭാതെരഞ്ഞെടുപ്പിനെ മുൻനിർത്തി ബിജെപിയുടെ അതേ തന്ത്രം പയറ്റി വർഗ്ഗീയ രാഷ്ട്രീയം കളിക്കുകയാണ് സിപിഐ(എം). ഇടതുപക്ഷ രാഷ്ട്രീയത്തിന്റെ അന്തസ്സത്തയും ജനസമരരാഷ്ട്രീയവും ഉപേക്ഷിച്ച ഇടതുമുന്നണിയിൽനിന്നും ജനങ്ങൾക്ക് യാതൊന്നും പ്രതീക്ഷിക്കാനില്ല.




മലമ്പുഴ മണ്ഡലം സ്ഥാനാർത്ഥി സഖാവ് കെ.പ്രസാദിന്റെ തെരഞ്ഞെടുപ്പ് പ്രചരണാർത്ഥം നടന്ന പ്രകടനം

## വികസനമെന്നത് വഞ്ചനയുടെ മുദ്രാവാക്യം

മൂന്നുകൂട്ടരുടെയും പൊതുവായ വായ്ത്താരിയാണ് വികസനം. എല്ലാ പാർട്ടികളുടെയും എല്ലാ മുന്നണികളുടെയും സ്ഥാനാർത്ഥികൾ സമഗ്രവികസനത്തിനുവേണ്ടിയാണ് നിലകൊള്ളുന്നതെന്ന് അവകാശപ്പെടുന്നു. അങ്ങേയറ്റം വഞ്ചനാപരമായ മുദ്രാവാക്യമാണത്. കേവലം നിർമ്മാണപ്രവർത്തനങ്ങളാണ് വികസനം എന്ന പേരിൽ അവതരിപ്പിക്കുന്നത്.

വികസനത്തിന്റെ പിന്നിലെ വർഗ്ഗതാൽര്യം നാം മനസ്സിലാക്കേണ്ടതുണ്ട്. വർഗ്ഗവിഭജിതമായ സമൂഹമാണ് നമ്മുടേത്. മുതലാളിയും തൊഴിലാളിയും, ഉള്ളവനും ഇല്ലാത്തവനും, തൊഴിലുടമയും കൂലിവേലക്കാരനും, ചൂഷകനും ചൂഷിതനും എന്ന നിലയിൽ ഇരുചേരികളായി വിഭജിതമായ സമൂഹം. ഈ വിഭജനം നമ്മുടെ യാരുടെയെങ്കിലും ഇഷ്ടാനുസരണം ഉണ്ടായിട്ടുള്ളതല്ല. ചരിത്രപരമായ കാരണങ്ങളാൽ സമൂഹത്തിൽ നിലവിൽ വന്നിട്ടുള്ള വസ്തുനിഷ്ഠമായ വിഭജനമാണിത്. ഈ വ്യത്യസ്തചേരികളുടെ താല്പര്യങ്ങൾ വിപരീതങ്ങളാണ് എന്നതാണ് യാഥാർത്ഥ്യം. കൂലിവേലക്കാരനായ തൊഴിലാളിയെ ചൂഷണം ചെയ്താണ് തൊഴിലുടമയായ മുതലാളി ലാഭമുണ്ടാക്കുന്നത്.

എല്ലാ മേഖലകളിലെയും ഉൽപ്പാദനം പരമാവധി ലാഭത്തെ മാത്രം ലാക്കാക്കി നടക്കുന്ന ഈ മുതലാളിത്ത വ്യവസ്ഥിതിയിൽ മുതലാളിക്ക് പരമാവധി ലാഭമുണ്ടാകണമെങ്കിൽ തൊഴിലാളിയെ പരമാവധി ചൂഷണം ചെയ്യണം. അതിനാൽ, മുതലാളിയുടെ പുരോഗതിയെന്നാൽ തൊഴിലാളിയുടെ അധോഗതിയെന്നർത്ഥം. ബഹുഭൂരിപക്ഷം വരുന്ന തൊഴിലാളിവർഗ്ഗത്തിനും മറ്റ് അദ്ധ്വാനിക്കുന്ന ജനങ്ങൾക്കും പുരോഗതിയുണ്ടാകണമെങ്കിൽ മുതലാളിവർഗ്ഗം അവരുടെ ചോരയൂറ്റുന്നത് അവസാനിപ്പിക്കണം. മുതലാളി വർഗ്ഗത്തിന്റെ താല്പര്യസംരക്ഷകരായ പ്രസ്ഥാനങ്ങൾ തങ്ങൾ ഭൂരിപക്ഷം വരുന്ന ജനങ്ങളുടെ താല്പര്യത്തിനെതിരെയാണ് നിലകൊള്ളുന്നതെന്ന് തുറന്നുപറയാൻ ഭയപ്പെടുന്നു. അതിനാൽ അവർ മുതലാളി വർഗ്ഗതാല്പര്യങ്ങളെ രാജ്യത്തിന്റെ പൊതുതാല്പര്യമെന്ന നിലയിൽ അവതരിപ്പിക്കുകയും വർഗ്ഗസൂചനകളില്ലാതെ നാടിന്റെ വികസനത്തെയും പുരോഗതിയെയും പറ്റി പറയുകയും ചെയ്യുന്നു. അദ്ധ്വാനിക്കുന്ന ജനങ്ങളെ കബളിപ്പിക്കാനുള്ള ഈ സൂത്രമാണ് എല്ലാ കക്ഷികളും പയറ്റുന്നത്

ഏത് വർഗ്ഗത്തിന്റെ പുരോഗതിയും വികസനവും എന്ന് സൂചിപ്പിക്കാതെ പൊതുവിൽ രാജ്യത്തിന്റെയോ സംസ്ഥാനത്തിന്റെയോ മണ്ഡലത്തിന്റെയോ ഒക്കെ വികസനത്തെപ്പറ്റി പറയുന്നതിന് പിന്നിലുള്ള യഥാർത്ഥ വർഗ്ഗരാഷ്ട്രീയം തുറന്നുകാട്ടി ജനങ്ങളെ ബോധവൽക്കരിച്ച് മുതലാളിത്ത ചൂഷണത്തിനെതിരായി അദ്ധ്വാനിക്കുന്ന ജനങ്ങളുടെ യോജിച്ച വർഗ്ഗ–ബഹുജന പ്രക്ഷോഭം വളർത്തിയെടുക്കുക എന്നതാണ് ശരിയായ ഇടതുപക്ഷരാഷ്ട്രീയം. എന്നാൽ, സിപിഐ(എം) നയിക്കുന്ന വ്യവസ്ഥാപിത ഇടതുപക്ഷവും ഇന്ന് വികസനം എന്ന വഞ്ചനാപരമായ മുദ്രാവാക്യമുയർത്തുന്നു എന്നതാണ് ഖേദകരമായ കാര്യം. അവർ ഇടതുപക്ഷരാഷ്ട്രീയനിലപാട് കൈ

(ശേഷം 5–ാം പേജിൽ)

# ജനസമരങ്ങളുടെ പതാകയേന്തിയ ഏക പ്രസ്ഥാനം എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്)

(4–ാം പേജിൽ നിന്ന്)

വെടിഞ്ഞ് വലതുപക്ഷ നിലപാട് സ്വീകരിച്ചിരിക്കുന്നുവെന്നാണ് ഇത് കാണിക്കുന്നത്.

ഒരു വർഗ്ഗവിഭജിത സമൂഹത്തിൽ രണ്ടുവർഗ്ഗങ്ങൾക്കും 'ഒപ്പം' നിൽക്കാൻ ഒരു പാർട്ടിക്കും ഒരു സർക്കാരിനും സാധ്യമല്ലതന്നെ. ഇടതുപക്ഷസംസ്ഥാനമെന്ന് പുകൾപെറ്റ കേരളത്തിൽ പിന്തിരിപ്പൻശക്തികൾ സ്വാധീനം വർദ്ധിപ്പിക്കുന്നുവെന്ന ആശങ്കാജനകമായ സാഹചര്യം സൃഷ്ടിക്കുന്നതിന് സിപിഐ (എം)ന്റെ ഈ തെറ്റായ നിലപാട് വലിയൊരളവുവരെ കാരണമായിട്ടുണ്ട്.

### ആർക്ക് വോട്ടുചെയ്യണം

വ്യവസ്ഥാപിത മുന്നണികളെല്ലാം അന്തിമവിശകലനത്തിൽ മുതലാളിവർഗ്ഗത്തിന്റെ വിശ്വസ്തദാസന്മാരാണ്. അവരുടെ ജയപരാജയങ്ങൾ ജനങ്ങളുടെ ജീവിതം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളുടെ പരിഹാരമാകുന്നില്ല. ഭരണം മാറിയാലും തുടർന്നാലും നയങ്ങൾക്ക് മാറ്റമില്ല. കുത്തകകൾക്ക് രാജ്യത്തെ തീറെഴുതുന്ന ആഗോളവത്ക്കരണമാണ് മൂന്നുകൂട്ടരുടെയും നയം.

ഭരണാധികാരികളുടെ ഔദാര്യങ്ങളിലൂടെയല്ല, ജനാധിപത്യ പ്രക്ഷോഭങ്ങളിലൂടെയാണ് എക്കാലവും ജനങ്ങൾ അവകാശങ്ങൾ നേടിയെടുത്തിട്ടുള്ളതും തങ്ങളുടെ നില മെച്ചപ്പെടുത്തിയിട്ടുള്ളതും. ഇന്നും അതുതന്നെയാണ് ജനങ്ങളുടെ മുന്നിലുള്ള ഒരേയൊരു മാർഗ്ഗം. തെരഞ്ഞെടുപ്പിനെ ജനാധിപത്യ പ്രക്ഷോഭത്തിന്റെ വേദിയാക്കി മാറ്റുവാൻ പോന്ന ജനാധിപത്യ പ്രബുദ്ധത ആർജ്ജിച്ചെടുത്തുകൊണ്ടേ ഈ ജീർണസാഹചര്യത്തെ മറികടക്കാനാകൂ.

### ജനസമരവേദിയിലെ സമർപ്പിത പ്രസ്ഥാനമായ എസ്‌യുസിഐ(സി) സ്ഥാനാർത്ഥികളെ വിജയിപ്പിക്കുക

ജനസമരത്തിന്റെ രാഷ്ട്രീയം ഉയർത്തിക്കൊണ്ടാണ് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടി കേരളത്തിൽ 36 മണ്ഡലങ്ങളിൽ മത്സരിക്കുന്നത്. തെരഞ്ഞെടുപ്പ് രംഗത്ത് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സ്ഥാനാർത്ഥികൾ പ്രതിനിധാനം ചെയ്യുന്നത് ഭരണരാഷ്ട്രീയത്തെയല്ല, വിട്ടുവീഴ്ചയില്ലാത്ത ജനകീയ സമരത്തിന്റെ രാഷ്ട്രീയത്തെയാണ്.

ന്യായയുക്തമായ ഒരു ജനകീയ മുന്നേറ്റം ജനങ്ങൾക്ക് കൂടുതലുയർന്ന പ്രബുദ്ധത നൽകും. ഒരു പുതിയ സംസ്കാരത്തിന്റെ ചേതന മനുഷ്യരെ തട്ടിയുണർത്തും. വർഗ്ഗീയതയും മതാന്ധതയും അവിടെ മൺമറയും. സമൂഹം ജനാധിപത്യവൽക്കരണത്തിന്റെ ഉയർന്ന തലങ്ങളിലേക്കു കുതിക്കും. പണത്തിന്റെയും നിർമ്മിച്ചെടുക്കുന്ന പ്രശസ്തിയുടെയും പിന്നാലെ പോകുന്ന ദുർബ്ബലചിത്തരായ ജനതയെയല്ല, സ്വന്തം വിവേചനബുദ്ധിയുടെ അടിസ്ഥാനത്തിൽ ശരി–തെറ്റുകൾ തിരിച്ചറിഞ്ഞ് നിലപാട് എടുക്കാൻ പ്രാപ്തിയുള്ള ജനതയെ അത് സൃഷ്ടിക്കും. അധികാരത്തിന്റെ മുഷ്കിനുമുമ്പിൽ ഭീരുക്കളാകുന്നവരെയല്ല, സത്യത്തിനുവേണ്ടി നിലകൊള്ളുന്ന നിർഭയരെ അത് വളർത്തും.

പിറവികൊണ്ട കാലംമുതൽ ജനതാൽപ്പര്യത്തിന്റെ പക്ഷത്ത് അചഞ്ചലമായി നിലയുറപ്പിച്ചുകൊണ്ട് ഭരണാധികാരികളുടെ മുതലാളിത്ത നയങ്ങൾക്കെതിരെ ജനകീയ പ്രക്ഷോഭത്തിന്റെ പതാകയുമേന്തിയാണ് ഈ പ്രസ്ഥാനം മുന്നേറുന്നത്. കേരളത്തിൽ ജനാധിപത്യ പോരാട്ടങ്ങളുടെ രംഗത്ത് താദാത്മ്യപ്പെട്ട നാമമാണ് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്). നിസ്സഹായരും അശരണരുമായ ജനങ്ങൾ എവിടെയൊക്കെ നീതി തേടി പ്രക്ഷോഭത്തിന്റെ മാർഗ്ഗം അവലംബിച്ചിട്ടുണ്ടോ അവിടങ്ങളിലെല്ലാം ഈ പ്രസ്ഥാനം സംഘാടകരായി, സഹപോരാളികളായി, സമരസാഹോദര്യം പേറുന്ന സഖാക്കളായി ജനങ്ങളോടൊപ്പം നിലകൊള്ളുന്നു. പാർലമെന്ററി രാഷ്ട്രീയത്തിന്റെ പേരിനും പെരുമയ്ക്കും വേണ്ടിയല്ലാതെ, യാതൊരു സങ്കുചിത ലക്ഷ്യങ്ങളുമില്ലാതെ സാമൂഹ്യനന്മ എന്ന മഹത്തായ ലക്ഷ്യത്തിനുവേണ്ടി പരിപൂർണ്ണമായും സമർപ്പിതമായ പാർട്ടിയാണ് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്). സമരമുഖങ്ങളിൽ കൈകോർത്തവരെല്ലാം ഈ പ്രസ്ഥാനത്തിന്റെ സത്യസന്ധതയും സമർപ്പണവും ആശയപരമായ കരുത്തും വിശകലന ശേഷിയും തിരിച്ചറിഞ്ഞിട്ടുണ്ട്. ഈ രാഷ്ട്രീയത്തിന് പിന്തുണയും ശക്തിയും നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടാണ് പാർട്ടി തെരഞ്ഞെടുപ്പിൽ മൽസരിക്കുന്നത്.




തിരുവനന്തപുരം മണ്ഡലം സ്ഥാനാർത്ഥി സഖാവ് എ.സബൂറ, വട്ടിയൂർക്കാവ് മണ്ഡലം സ്ഥാനാർത്ഥി സഖാവ് എ.ഷൈജു എന്നിവരുടെ നേതൃത്വത്തിൽ തിരുവനന്തപുരം നഗരത്തിൽ നടന്ന പ്രകടനം

എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പ്രസ്ഥാനത്തിന്റെ ആശയനേതൃത്വത്തിൽ പ്രവർത്തിക്കുന്ന ആൾ ഇൻഡ്യ കിസാൻ ഖേത് മസ്ദൂർ സംഘടന (എഐകെകെഎംഎസ്) രാജ്യത്തെ ഐതിഹാസികമായ കർഷക സമരത്തിൽ നേതൃപരമായ പങ്കുവഹിക്കുന്ന കർഷക സംഘടനകളിലൊന്നാണ്. രാജ്യത്തിന്റെ ജനാധിപത്യപരമായ നിലനിൽപ്പിന്റെ ഭാവിയെ നിർണ്ണയിക്കുന്ന തരത്തിൽ വളർന്നുവന്നിട്ടുള്ള കർഷക സമരത്തിന്റെ സന്ദേശം പ്രചരിപ്പിച്ചുകൊണ്ട് കേരളത്തിൽ വിശ്രമരഹിതമായ ഐക്യദാർഢ്യപ്രവർത്തനങ്ങളിലാണ് നമ്മുടെ പാർട്ടി. കർഷകരെയും ബഹുജനങ്ങളെയും ഐക്യദാർഢ്യ സമിതികളിൽ അണിനിരത്തുന്നതിലും അവയുടെ നേതൃത്വത്തിൽ സ്ഥിരം സമരവേദികൾ പടുത്തുയർത്തുന്നതിലും നമ്മുടെ പാർട്ടി നിർണ്ണായകമായ പങ്കുവഹിക്കുന്നു.

സെക്രട്ടേറിയറ്റ് നടയിൽ ഉദ്യോഗാർത്ഥികൾ നടത്തുന്ന പ്രക്ഷോഭത്തെ സർവ്വാത്മന പിന്തുണച്ചുകൊണ്ട് ദൃഢമായ സഹായപ്രവർത്തനങ്ങളുമായി എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്)ന്റെ യുവജന സംഘടന എഐഡിവൈഒ സജീവമായി രംഗത്തുണ്ട്. പരമതുച്ഛമായ വേതനത്തിന് പണിയെടുക്കാൻ വിധിക്കപ്പെട്ട ആശാ വർക്കേഴ്സിന്റെ സമരസംഘടന രൂപപ്പെടുത്തി അവരുടെ പ്രക്ഷോഭത്തെ മുന്നോട്ടു നയിക്കുന്നതിൽ, നേഴ്സുമാരുടെ അവകാശപ്പോരാട്ട രംഗത്ത്, പ്രീപ്രൈമറി അധ്യാപകരുടെ സമരത്തിൽ അങ്ങിനെ പണിയെടുത്തു ജീവിക്കുന്ന എല്ലാ വിഭാഗം ജനങ്ങളുടെയും അവകാശങ്ങൾ സംരക്ഷിക്കാനായി ഈ പ്രസ്ഥാനത്തിന്റെ പ്രവർത്തകർ വിശ്രമരഹിതമായി പണിയെടുക്കുന്നു. 2020 വർഷാരംഭത്തിൽ പൗരത്വനിയമ ഭേദഗതിക്കെതിരെ ജനാധിപത്യവിശ്വാസികളും മനുഷ്യസ്നേഹികളും മുൻകൈയെടുത്തു നടത്തിയ ആഴ്ചകളോളം നീണ്ടുനിന്ന തിരുവനന്തപുരം ഷഹീൻബാഗിന്റെ സംഘാടനത്തിൽ ഈ പ്രസ്ഥാനത്തിന്റെ പ്രവർത്തകർ നിർണ്ണായകമായ പങ്കുവഹിച്ചിരുന്നു. നവംബർ 26ന്റെ അഖിലേന്ത്യാ പണിമുടക്ക് വിജയിപ്പിക്കാൻ സംസ്ഥാനമെമ്പാടും ശക്തമായ ആശയപ്രചാരണം സംഘടിപ്പിക്കാനും ഈ പാർട്ടിയും അതിന്റെ തൊഴിലാളിപ്രവർത്തകരും മുൻനിരയിലുണ്ടായിരുന്നു. കഴിഞ്ഞ ഒരു ദശാബ്ദത്തിനുള്ളിൽ ഒന്നുകിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്)ന്റെ മുൻകൈയിൽ അല്ലെങ്കിൽ ശക്തമായ പിന്തുണയിൽ മുന്നേറിയിട്ടുള്ള സമരങ്ങൾ നിരവധിയാണ്. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സ്ഥാനാർത്ഥികളെ വിജയിപ്പിച്ചുകൊണ്ട് ഈ സമര രാഷ്ട്രീയത്തിന് ഇനിയും കരുത്തുപകരുവാൻ ഏവരോടും അഭ്യർത്ഥിക്കുന്നു. ■

# എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടി: ഒരു ആമുഖം

## ( 'എന്താണ് എസ്‌യുസിഐ(സി)' എന്ന കൃതിയിൽനിന്ന് )

**1948** ഏപ്രിൽ 24ന് പശ്ചിമബംഗാളിലെ ദക്ഷിണ 24 പർഗാന ജില്ലയിലെ ഒരു ചെറു പട്ടണമായ ജോയ്നഗറിൽവച്ചാണ് സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ അഥവാ എസ്‌യുസിഐ ജന്മംകൊണ്ടത്. 2009 നവംബറിൽ ന്യൂഡൽഹിയിൽ നടന്ന രണ്ടാം പാർട്ടി കോൺഗ്രസ്, പാർട്ടിയുടെ പേര് സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ(കമ്മ്യൂണിസ്റ്റ്) അഥവാ എസ്‌യുസിഐ(സി) എന്ന് മാറ്റി.

എന്നാൽ, 1948നും എത്രയോ മുമ്പേ ആരംഭിച്ച തീക്ഷ്ണമായ ഒരു സത്യാന്വേഷണ സപര്യയുടെയും, കണ്ടെത്തപ്പെട്ട സത്യത്തെ വിട്ടുവീഴ്ചയില്ലാതെ മുറുകെപ്പിടിച്ചുകൊണ്ടുള്ള ജീവിത സമരത്തിന്റെയും അനിവാര്യമായ പരിണതിയായിരുന്നു എസ്‌യുസിഐ(സി). ക്വിറ്റ് ഇന്ത്യ സമരത്തിന് മുമ്പുതന്നെ ദേശീയ സ്വാതന്ത്ര്യ സമരധാരയിലേയ്ക്ക് കടന്നുവന്ന്, അതിൽ സമ്പൂർണ്ണമായും മുഴുകിയവരായിരുന്ന എസ്‌യുസിഐ(സി)യുടെ സ്ഥാപകനേതാക്കൾ എല്ലാവരും. വിദേശ മേൽക്കോയ്മയ്ക്കെതിരെ സന്ധിയില്ലാത്ത സമരത്തിന്റെ മാർഗ്ഗം അവലംബിച്ച വിപ്ലവ ഗ്രൂപ്പുകളിൽ ഏതെങ്കിലുമൊന്നിൽ അംഗമായിരുന്ന അവരിൽ മിക്കപേരും. പാർട്ടിയുടെ സ്ഥാപക ജനറൽ സെക്രട്ടറി സഖാവ് ശിബ്ദാസ്ഘോഷ് അനുശീലൻ സമിതിയിൽ സജീവ പ്രവർത്തകനായിരുന്നു. അദ്ദേഹത്തിന്റെ നിര്യാണത്തെ തുടർന്ന് മൂന്ന് പതിറ്റാണ്ടിലേറെക്കാലം പാർട്ടിയെ നയിച്ച സഖാവ് നിഹാർ മുഖർജിയും അനുശീലൻ സമിതിയിലൂടെയാണ് വിപ്ലവരാഷ്ട്രീയ പ്രവർത്തന രംഗത്തെത്തിയത്. ക്വിറ്റ് ഇന്ത്യ സമരത്തെത്തുടർന്ന് ഇവരെല്ലാവരുംതന്നെ ബ്രിട്ടീഷ് ജയിലറയ്ക്കുള്ളിൽ അടയ്ക്കപ്പെട്ടു.

കഠിനമായ ഒരു പ്രത്യയശാസ്ത്ര സമരത്തിന്റെ നാളുകളായിരുന്നു അവരെ സംബന്ധിച്ചിടത്തോളം തടവറയ്ക്കുള്ളിലെ ജീവിതകാലയളവ്. ജാഗ്രത്തായ പഠന വിശകലനങ്ങളിൽ അവർ സമ്പൂർണ്ണമായും മുഴുകി. സ്വാഭാവികമായും അവരുടെ മുന്നിൽ ഉയർന്നുനിന്നിരുന്ന പരമപ്രധാനമായ ചോദ്യം, അവരെ സദാ അലട്ടിക്കൊണ്ടിരുന്ന ചോദ്യം, രാജ്യത്തിന്റെയും ജനങ്ങളുടെയും മോചനത്തെ സംബന്ധിച്ചുള്ളതായിരുന്നു. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ കൈവരുന്ന സ്വാതന്ത്ര്യം, ജനതയുടെ ആഗ്രഹാഭിലാഷങ്ങളെയും സുദീർഘവും ത്യാഗനിർഭരവുമായ സ്വാതന്ത്ര്യപ്പോരാട്ടങ്ങളെയും ആകെ വഞ്ചിച്ചുകൊണ്ട് ദേശീയ മുതലാളിവർഗ്ഗത്തിന്റെ അധികാരം ഇന്നാട്ടിൽ സ്ഥാപിച്ചുറപ്പിക്കുന്നതിനേ ഉതകൂ എന്ന് അവർ ആരംഭത്തിൽത്തന്നെ മനസ്സിലാക്കി. തുടർന്ന്, ചരിത്രത്തിന്റെ അനിഷേദ്ധ്യങ്ങളായ പാഠങ്ങളിൽനിന്ന് അവർ എത്തിച്ചേർന്ന സുദൃഢമായ നിഗമനം ഇതായിരുന്നു: മാർക്സിസം–ലെനിനിസം എന്ന തത്വചിന്തയ്ക്കുമാത്രമേ ജനങ്ങളെ എല്ലാവിധ ചൂഷണങ്ങളിൽനിന്നും പാരതന്ത്ര്യങ്ങളിൽനിന്നും ആത്യ

(ശേഷം 6–ാം പേജിൽ)

# കമ്മ്യൂണിസ്റ്റ് ആകാൻ ജീവിതത്തിന്റെ സമസ്ത മണ്ഡലങ്ങളെയും ആശ്ലേഷിച്ചുകൊണ്ടുള്ള യാതനാനിർഭരമായ പോരാട്ടം അനിവാര്യം

(5–ാം പേജിൽ നിന്ന്)

ന്തികമായി മോചിപ്പിക്കാനാവൂ.

മാർക്സിസം-ലെനിനിസം അടിസ്ഥാന തത്വസംഹിതയായി സ്വീകരിച്ചുകൊണ്ട്പ്രവർത്തിക്കുന്നു എന്ന് അവകാശപ്പെട്ടിരുന്ന ഇന്ത്യയിലെ വിവിധങ്ങളായ പാർട്ടികളെയെല്ലാം നിഷ്കർഷയോടെ പഠിക്കുകയും ആഴത്തിൽ പരിശോധിക്കുകയും ചെയ്യുക എന്നതായിരുന്നു, തീർച്ചയായും പിന്നീട് അവരുടെ മുന്നിലുണ്ടായിരുന്ന അതിപ്രധാനമായ കർത്തവ്യം.

എല്ലാ ആത്മാർത്ഥതയോടെയും സത്യസന്ധതയോടെയുമുള്ള ആ പരിശോധനയിൽ അവർക്ക് കിട്ടിയ ഉത്തരം, നിരവധിയായ പോരാട്ടങ്ങളുടെയും ആത്മത്യാഗങ്ങളുടെയും ആദരണീയമായ ചരിത്രം കമ്മ്യൂണിസ്റ്റ് എന്ന് പേരുവഹിക്കുന്ന ഈ പ്രസ്ഥാനങ്ങളുടെ ആരംഭകാല നേതാക്കൾക്കും പ്രവർത്തകർക്കും ഉണ്ടെങ്കിൽപോലും കമ്മ്യൂണിസത്തിന്റെ അഥവാ മാർക്സിസം-ലെനിനിസത്തിന്റെ സാരാംശം ഗ്രഹിക്കാനും സ്വാംശീകരിക്കാനും അവയ്ക്കൊന്നിനും കഴിഞ്ഞിട്ടില്ല എന്നതായിരുന്നു. മനുഷ്യരാശിക്ക് കൈവരിക്കാൻ കഴിഞ്ഞതിലേക്കുംവച്ച് ഏറ്റവും ശ്രേഷ്ഠമായ ആ ദർശനത്തെ ഇന്ത്യയുടെ മണ്ണിൽ മൂർത്തമാക്കിത്തീർക്കാൻ അവർക്കായിട്ടില്ല. ഫലമോ, കമ്മ്യൂണിസ്റ്റ് ലേബലിൽ പെറ്റിബൂർഷ്വാ പ്രസ്ഥാനങ്ങൾ വാർത്തെടുക്കുന്നതിൽചെന്ന് കലാശിക്കുക എന്നതും. "ഇന്ത്യയിലെ ഒരേയൊരു കമ്മ്യൂണിസ്റ്റ് പാർട്ടി എസ്‌യുസിഐ ആണ്, എന്തുകൊണ്ട്?" എന്ന ഗ്രന്ഥത്തിൽ അങ്ങേയറ്റം സൂക്ഷ്മതയോടെ, ശാസ്ത്രീയ വെളിച്ചത്തിൽ സഖാവ് ശിബ്ദാസ്ഘോഷ് ഇക്കാര്യങ്ങൾ വിശദമായി പ്രതിപാദിക്കുന്നുണ്ട്.

ജീവിതത്തിന്റെ ഒരു മേഖലയെയും ഒഴിവാക്കാതെ, സമസ്ത മണ്ഡലങ്ങളെയും ആശ്ലേഷിച്ചുകൊണ്ടുള്ള കഠിനവും യാതനാനിർഭരവുമെങ്കിലും ചരിത്രപരവും മഹനീയവുമായ ഒരു സമരത്തിന് സഖാവ് ശിബ്ദാസ്ഘോഷിന്റെ മുൻകൈയോടെ ജയിലിനുള്ളിൽ വച്ചുതന്നെ ആരംഭം കുറിക്കപ്പെട്ടു. കമ്മ്യൂണിസ്റ്റായിത്തീരുന്നതിന് പുതിയ ഒരു പ്രക്രിയ തുടങ്ങേണ്ടതായിട്ടുണ്ട് എന്ന് സഖാവ് ഘോഷ് ചൂണ്ടിക്കാട്ടി. കാരണം, ചരിത്രപരമായി കടന്നുവന്ന് സമൂഹത്തിൽ ഇന്ന് മേധാവിത്വം പുലർത്തി നിലകൊള്ളുന്ന പ്രക്രിയ ബൂർഷ്വാ വ്യക്തിവാദത്തിന്റേതാണ്. വ്യക്തിഗത നേട്ടങ്ങൾക്ക് പ്രാമുഖ്യം കൽപ്പിക്കുന്ന പ്രക്രിയയാണത്. ഏതൊരാളും ഇന്ന് പിറന്നുവീഴുന്നതും സ്വാഭാവികമായും വാർത്തെടുക്കപ്പെടുന്നതും ഈ മൂശയിലാണ്. തൽസ്ഥാനത്ത് യഥാർത്ഥ തൊഴിലാളിവർഗ്ഗ സംസ്കാരം-സാമൂഹികത-എല്ലാ അംശത്തിലും ആർജ്ജിച്ചെടുക്കുന്നതിനുവേണ്ടി വ്യക്തി ജീവിതത്തിൽ നടത്തുന്ന ബോധപൂർവ്വമായ സമരമാണ് കമ്മ്യൂണിസ്റ്റ് ആകാൻവേണ്ട സമരം. എന്നുവച്ചാൽ,ഇന്നത്തെ ചരിത്രഘട്ടത്തിൽ, സാമൂഹ്യ താല്പര്യവുമായി താദാത്മ്യപ്പെടുന്നതിന് ഒരാൾ അഴിച്ചുവിടേണ്ട സർവ്വാശ്ലേഷിയായ ജീവിതസമരമാണത്. സഖാവ് ശിബ്ദാസ്ഘോഷ് ചൂണ്ടിക്കാണിച്ചു: "ശരിയായ ഒരു തൊഴിലാളിവർഗ്ഗ വിപ്ലവപ്പാർട്ടിയില്ലാതെ മർദ്ദിതരും ചൂഷിതരുമായ ജനങ്ങളുടെ മോചനം അസാദ്ധ്യമാണ്....ആ പുതിയപാർട്ടി കെട്ടിപ്പടുക്കാൻവേണ്ടി മുന്നോട്ടുവരുന്നവർ, മാർക്സിസ്റ്റ്-ലെനിനിസ്റ്റ് ആദർശത്തിനനുസരിച്ച് തങ്ങളെത്തന്നെ ഉടച്ചുവാർക്കുവാനുള്ള സമരം ജീവിതത്തിന്റെ എല്ലാ മേഖലകളെയും സ്പർശിക്കത്തക്കവിധം നടത്താൻ തയ്യാറായിരിക്കണം.... തൊഴിലാളിവർഗ്ഗ സാർവ്വദേശീയതയുടെ അടിസ്ഥാനത്തിൽ ഒരു പുതിയ പാർട്ടി കെട്ടിപ്പടുക്കണമെങ്കിൽ നാം ആദ്യം തീക്ഷ്ണമായ സമരത്തിലൂടെ തൊഴിലാളിവർഗ്ഗ സാർവ്വദേശീയതയുൾച്ചേർന്ന മനോഘടനയുണ്ടാക്കണം. അല്ലെങ്കിൽ, മാർക്സിസം-ലെനിനിസത്തോട് കൂറ് പ്രഖ്യാപിച്ചാലും, ഒരു ശരിയായ മാർക്സിസ്റ്റ്-ലെനിനിസ്റ്റ് പാർട്ടി കെട്ടിപ്പടുക്കണമെന്ന് സത്യസന്ധമായി ആഗ്രഹിച്ചാലും തെറ്റായ പദ്ധതി പിന്തുടരുന്നു എന്നതിനാൽ നാം ഉണ്ടാക്കുന്നത് ഒരു പെറ്റിബൂർഷ്വാ പാർട്ടിയായിരിക്കും."

1945ൽ ജയിൽമോചിതനായതിനെ തുടർന്ന് സഖാവ് ശിബ്ദാസ്ഘോഷിന്റെ മുൻകൈയോടെയുള്ള ആ സപര്യ പൂർവ്വാധികം ശക്തിയോടെ മുന്നേറി. ആ സമരത്തിലൂടെ തൊഴിലാളിവർഗ്ഗ വിപ്ലവത്തിനുവേണ്ടി ജീവിതം സമർപ്പിച്ചപൂർണ്ണസമയപ്രവർത്തകരുടെ ഒരു ദളം ഉയർന്നുവന്നു.

പ്രത്യയശാസ്ത്ര കേന്ദ്രീയതയുടെ ഉറച്ച അടിത്തറയിന്മേൽ സാമൂഹിക നേതൃത്വം വ്യക്തിവൽകൃത രൂപത്തിൽപ്രകാശിതമാകുമ്പോഴേ ഒരു ശരിയായ കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് സംഘടനാ കേന്ദ്രീയത കൈവരിക്കാനാവൂ എന്നും സഖാവ് ശിബ്ദാസ്ഘോഷ് വ്യക്തമാക്കുകയുണ്ടായി. അപ്പോൾ മാത്രമേ ഗ്രൂപ്പിസവും വ്യക്തിവാദവും തീർത്തും അന്യമായ ഒരു യഥാർത്ഥ കമ്മ്യൂണിസ്റ്റ് പാർട്ടി ജന്മമെടുക്കൂ; യാന്ത്രിക കേന്ദ്രീയതയുടെ സ്ഥാനത്ത് ജനാധിപത്യ കേന്ദ്രീയത പ്രാവർത്തികമാക്കി ജീവചൈതന്യമായി അതിനെ പരിപാലിക്കുന്ന ഒരു പാർട്ടി രൂപം കൊള്ളൂ. അങ്ങനെ പാർട്ടിയുടെ രൂപീകരണത്തിലേയ്ക്ക് നീങ്ങുംമുമ്പുതന്നെ വ്യക്തിജീവിതത്തിലും സാമൂഹ്യജീവിതത്തിലും തുറന്നുവിട്ട സർവ്വതലസ്പർശിയായ ഒരു സോഷ്യലിസ്റ്റ് പ്രത്യയശാസ്ത്ര സമരത്തിന്റെ പരിണതിയാണ് എസ്‌യുസിഐ(സി) എന്ന പാർട്ടി. അതിന്റെ പേരുതന്നെ സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ എന്നായതും ഇതുകൊണ്ടാണ്.

കമ്മ്യൂണിസ്റ്റുകൾ ആകാശത്തുനിന്നും പൊട്ടിവീണവരല്ല. നാടിന്റെ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള സമരത്തിൽ സബോധമായി പങ്കെടുത്തതിലൂടെ നേടിയ ശാസ്ത്രീയാനുഭവങ്ങളാണ്, ജനങ്ങളുടെ മോചനം അവരുടെ തനതായ വർഗ്ഗോപകരണത്തിലൂടെയല്ലാതെ(തൊഴിലാളിവർഗ്ഗ പാർട്ടിയിലൂടെയല്ലാതെ) നേടാൻ കഴിയില്ലെന്ന ഉറച്ച നിഗമനത്തിലേയ്ക്ക് സഖാവ് ശിബ്ദാസ്ഘോഷിനെ കൊണ്ടുചെന്നെത്തിച്ചത്. മാർക്സിസം-ലെനിനിസം വൈദേശികമാണെന്ന കപടഭാഷണത്തിനുള്ള മറുപടികൂടിയാണിത്. മനുഷ്യവിജ്ഞാനത്തിന് രാജ്യസീമകളില്ല. ലോകമെമ്പാടും മനുഷ്യനാർജ്ജിച്ച് വികസിപ്പിച്ചെടുത്ത അമൂല്യമായ അനുഭവസമ്പത്തിനും അതിരുകളില്ല. അതിന്റെ സാർവ്വദേശീയമായ ഉദ്ഗ്രഥനത്തിന്, നൈസർഗ്ഗികമായ കൊടുക്കൽ വാങ്ങലുകൾക്ക്, ദേശപരിധിയുടെ വേലിക്കെട്ടുകൾകൊണ്ട് ഇന്ന് തടസ്സങ്ങൾതീർക്കുന്നവർ നിശ്ചയമായും മാനവപുരോഗതിയുടെ പാതയിലെ വമ്പിച്ച പ്രതിബന്ധങ്ങളാണ്.

ഏതൊരു മഹത്തായ ദർശനത്തിന്റെയും കാതലും പ്രാണനും കുടികൊള്ളുന്നത് അതിന്റെ നൈതിക-സദാചാര-സൗന്ദര്യ ധാരണകളിലാണെന്നും മാർക്സിസം-ലെനിനിസം സർവ്വശ്രേഷ്ഠമായിരിക്കുന്നത്, ബൂർഷ്വാ മാനവവാദത്തിന്റെ എല്ലാ നന്മകളെയും ആഗിരണംചെയ്ത് അതിനേക്കാൾ ഉന്നതമായനൈതിക-സദാചാര-സൗന്ദര്യ ധാരണകളിലേക്കത് മുന്നേറിയിരിക്കുന്നു എന്നതിനാലാണെന്നും സഖാവ് ഘോഷ് ചൂണ്ടിക്കാണിക്കുകയുണ്ടായി. "ബൂർഷ്വാസിക്ക് സൃഷ്ടിക്കാൻ കഴിഞ്ഞ ഏറ്റവും സൗരഭ്യപൂർണ്ണമായ ചിന്ത മാനവവാദത്തിന്റേതാണ്. എന്നാൽ ചരിത്രവീഥികളിൽ മാനവവാദം അവസാന വാക്കല്ല; ആവുക സാദ്ധ്യവുമല്ല. ബൂർഷ്വാ മാനവവാദത്തിൽനിന്നും മുന്നോട്ടുനീങ്ങി, അതിന്റെ തുടർച്ചയിലും വിപ്ലവകരമായ തുടർച്ചയില്ലായ്മയിലുമാണ് കമ്മ്യൂണിസം പിറന്നുവീണത്. മാനവവാദം അവസാനിക്കുന്നിടത്ത് കമ്മ്യൂണിസം ആരംഭിക്കുന്നു...."

മാർക്സിസം-ലെനിനിസത്തെ അങ്ങനെ ഇന്ത്യൻ മണ്ണിൽ മൂർത്തമാക്കിക്കൊണ്ടും അതിന്റെ ധാരണകളെ കൂടുതൽ സമ്പന്നവും കാലികവുമാക്കിക്കൊണ്ടും സാമൂഹ്യനേതൃത്വത്തെമൂർത്തരൂപത്തിൽ പ്രകാശിപ്പിച്ചുകൊണ്ടുമാണ് സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ(കമ്മ്യൂണിസ്റ്റ്) ആവിർഭവിച്ചത്. ഇന്ത്യയെമ്പാടും ജനാധിപത്യ ബഹുജന പ്രക്ഷോഭണങ്ങളുടെ വേലിയേറ്റങ്ങൾ സൃഷ്ടിച്ചുകൊണ്ട് മുതലാളിത്ത വിരുദ്ധ സോഷ്യലിസ്റ്റ് വിപ്ലവത്തെ അതിന്റെ വിജയപരിസമാപ്തിയിലേക്ക് നയിക്കുന്നതിനുള്ള അക്ഷീണമായ പ്രവർത്തനം അത് തുടർന്നുകൊണ്ടേയിരിക്കുന്നു.

ഇന്ന് നമ്മുടെ നാട്ടിലെ കമ്മ്യൂണിസ്റ്റെന്ന് അവകാശപ്പെടുന്ന പാർട്ടികൾ ആന്തരികമായ ദുഷിപ്പുമൂലം ശിഥിലമായിക്കൊണ്ടിരിക്കുകയാണ്. മരണാസന്ന മുതലാളിത്തത്തിന്റെ കാലഘട്ടത്തിലെ ബൂർഷ്വാ രാഷ്ട്രീയത്തിന്റെ മുഖമുദ്രകളായ അഴിമതി, തൊഴുത്തിൽകുത്ത്, സ്വാർത്ഥത, സ്വജനപക്ഷപാതം, അധോലോക ബന്ധം തുടങ്ങിയ തിന്മകൾ കമ്മ്യൂണിസ്റ്റ് ലേബൽ ധരിച്ച പാർട്ടികളെയും ബാധിച്ചുകൊണ്ടിരിക്കുന്നു. ജീർണ്ണമായ ബൂർഷ്വാ സംസ്കാരത്തിന്റെ സ്വാധീനം അവയുടെ പല നേതാക്കളുടെയും സ്വകാര്യ-പൊതു ജീവിതങ്ങളിൽ പ്രതിഫലിച്ചു കാണുന്നു. ഇതെല്ലാം കമ്മ്യൂണിസമെന്ന ശ്രേഷ്ഠമായ ആദർശത്തെപ്പറ്റി ജനങ്ങളുടെ മനസ്സിൽ തെറ്റിദ്ധാരണ വളർത്തുകയാണ്. അദ്ധ്വാനിക്കുന്ന ജനങ്ങളെ കമ്മ്യൂണിസത്തിൽനിന്ന് അകറ്റുന്ന ഈ സാഹചര്യം മുതലെടുത്ത് കേരളത്തിൽ വേരുറപ്പിക്കാൻ വർഗ്ഗീയ-പിന്തിരിപ്പൻ ശക്തികൾ ശ്രമിക്കുകയാണ്. ഈ അവസരത്തിൽ ജനങ്ങളോടുള്ള ഞങ്ങളുടെ അഭ്യർത്ഥന, പേരിൽ മാത്രം കമ്മ്യൂണിസ്റ്റുകളായിരിക്കുന്ന ഈ പാർട്ടികളുടെ ചെയ്തികൾ കണ്ടിട്ട് നിങ്ങൾ കമ്മ്യൂണിസത്തിൽ നിന്ന് മുഖംതിരിക്കരുത് എന്നാണ്. കാരണം അവർ പ്രതിനിധാനം ചെയ്യുന്നത് കമ്മ്യൂണിസത്തെയല്ല.

ഇന്ത്യയിൽ ശ്രേഷ്ഠമായ കമ്മ്യൂണിസ്റ്റ് ദർശനത്തെ പ്രതിനിധാനം ചെയ്യുന്നത് മഹാനായ തൊഴിലാളിവർഗ്ഗ നേതാവ് സഖാവ് ശിബ്ദാസ്ഘോഷ് സ്ഥാപിച്ച എസ്‌യുസിഐ(സി) ആണ്. മാനുഷികമൂല്യങ്ങൾക്കും സംസ്കാരത്തിനും ഏറ്റവുമധികം വില കൽപ്പിച്ച നേതാവാണ് സഖാവ് ഘോഷ്. കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രത്തിൽ ഉയർന്ന സാംസ്കാരിക-നൈതികബോധം ഉള്ളടങ്ങിയിരുന്നില്ലെങ്കിൽ താൻ ഒരിക്കലും ഒരു കമ്മ്യൂണിസ്റ്റ് ആകുമായിരുന്നില്ല എന്ന് അദ്ദേഹം പറഞ്ഞിരുന്നു. ഒരാൾ മാർക്സിസം-ലെനിനിസം ശരിയായി സ്വാംശീകരിച്ചിട്ടുണ്ടോ എന്നതിന്റെ ഉരകല്ല് അയാൾ സ്വന്തം ജീവിതത്തിൽ ഉയർന്ന സാംസ്കാരിക-നൈതിക നിലവാരം പ്രദർശിപ്പിക്കുന്നുണ്ടോ എന്നതാണ് എന്നും ഉന്നതവും മഹനീയവുമായ മാനുഷിക മൂല്യങ്ങളുടെയും ഭാവങ്ങളുടെയും ഉപാസനയാണ് വിപ്ലവരാഷ്ട്രീയമെന്നും അദ്ദേഹം പഠിപ്പിച്ചു. ഹൃദയവിശാലത, മനുഷ്യത്വം, ആർദ്രത, വാത്സല്യം, വിവേകം തുടങ്ങിയ ശ്രേഷ്ഠങ്ങളായ മാനുഷിക ഗുണങ്ങൾ ആർജ്ജിക്കാതെ യഥാർത്ഥ സ്നേഹത്തെ കണ്ടെത്താൻ കഴിയില്ലെന്നും, തൊഴിലാളിവർഗ്ഗ വിപ്ലവ സമരങ്ങളിലൂടെ മാത്രമേ ഈ യുഗത്തിൽ ഇവയ്ക്ക് വളരാൻ കഴിയൂ എന്നും അദ്ദേഹം ഓർമ്മിപ്പിക്കുന്നു.

മാർക്സിസം-ലെനിനിസത്തിന് സഖാവ് ശിബ്ദാസ്ഘോഷ് തന്റെ പ്രവാചക സമാനമായ ജീവിത സമരത്തിലൂടെ രചിച്ച ഈ ഭാഷ്യമാണ് സർവ്വശ്രേഷ്ഠമായ ആ ദർശനത്തെപ്പറ്റിയുള്ള ഇന്നത്തെ ശരിയായ ധാരണ. മാർക്സിസത്തെപ്പറ്റി വിലയിരുത്തൽ നടത്തുന്നതിനുമുമ്പ് മാർക്സിസം-ലെനിനിസം-ശിബ്ദാസ്ഘോഷ് ചിന്ത പരിശോധനാവിഷയമാക്കാൻ ഞങ്ങൾ ജനങ്ങളോട് അഭ്യർത്ഥിക്കുന്നു. മുൻവിധികളേതുമില്ലാതെ അത്തരമൊരു പരിശോധനയ്ക്ക് തയ്യാറാവുന്ന ഏതൊരു പുരോഗമന വിശ്വാസിയും ആ മഹനീയ ദർശനത്തെ ജീവിതാദർശമായി സ്വീകരിക്കാതിരിക്കില്ല. ■

**മാർക്സിസം-ലെനിനിസത്തെ ഇന്ത്യൻ മണ്ണിൽ മൂർത്തമാക്കിക്കൊണ്ടും അതിന്റെ ധാരണകളെ കൂടുതൽ സമ്പന്നവും കാലികവുമാക്കിക്കൊണ്ടും സാമൂഹ്യ നേതൃത്വത്തെ മൂർത്തരൂപത്തിൽ പ്രകാശിപ്പിച്ചുകൊണ്ടുമാണ് സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ(കമ്മ്യൂണിസ്റ്റ്) ആവിർഭവിച്ചത്. ഇന്ത്യയെമ്പാടും ജനാധിപത്യ ബഹുജന പ്രക്ഷോഭണങ്ങളുടെ വേലിയേറ്റങ്ങൾ സൃഷ്ടിച്ചുകൊണ്ട് മുതലാളിത്ത വിരുദ്ധ സോഷ്യലിസ്റ്റ് വിപ്ലവത്തെ അതിന്റെ വിജയപരിസമാപ്തിയിലേയ്ക്ക് നയിക്കുന്നതിനുള്ള അക്ഷീണമായ പ്രവർത്തനം അത് തുടർന്നുകൊണ്ടേയിരിക്കുന്നു.**

# കുത്തകകൾക്കുവേണ്ടി ജനങ്ങളെ ദ്രോഹിക്കുന്ന മുന്നണികളെ പരാജയപ്പെടുത്തുക. ജനസമര രാഷ്ട്രീയത്തെ ശക്തിപ്പെടുത്തുക.

# എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സ്ഥാനാർത്ഥികളെ വിജയിപ്പിക്കുക

## തിരുവനന്തപുരം

### എ.സബൂറ



20 വർഷത്തിലേറെയായി പൊതുപ്രവർത്തന രംഗത്തുള്ള സഖാവ് എ.സബൂറ, എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്)ന്റെ പൂർണ്ണ സമയ പ്രവർത്തകയും പാർട്ടിയുടെ ജില്ലാ കമ്മിറ്റിയംഗവുമാണ്.

അഖിലേന്ത്യ മഹിളാ സാംസ്കാരിക സംഘടനയുടെ ജില്ലാ സെക്രട്ടറിയും കേരള ആശ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷന്റെ മുൻനിര സംഘാടകയുമാണ്. പൗരത്വ പ്രക്ഷോഭത്തിലും തീരദേശ മത്സ്യത്തൊഴിലാളികളുടെ പോരാട്ടങ്ങളിലും മദ്യവിരുദ്ധ സമരവേദികളിലും ഉൾപ്പെടെ ജനകീയ സമരങ്ങളിലെ നേതൃസ്ഥാനത്തുള്ള സമര പോരാളിയാണ് സഖാവ് എ.സബൂറ

## വട്ടിയൂർക്കാവ്

### എ.ഷൈജു



എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ ജില്ലയിലെ പ്രമുഖസംഘാടകരിലൊരാളും യുവജന നേതാവുമാണ് സഖാവ് എ.ഷൈജു. വിദ്യാർത്ഥി വിഭാഗമായ എഐഡിഎസ്ഒ യുടെ സംസ്ഥാന വൈസ് പ്രസിഡന്റും യുവജനവിഭാഗം എഐഡിവൈഒയുടെ ജില്ലാ കമ്മിറ്റിയംഗവുമാണ്. ദില്ലി ചലോ കർഷക സമര ഐക്യദാർഢ്യസമിതിയുടെ ജില്ലയിലെ സജീവസംഘാടകനായി പ്രവർത്തിക്കുന്നു. പാരലൽ വിദ്യാഭ്യാസ സംരക്ഷണ സമിതിയുടെ നേതാവാണ്. പതിനായിരങ്ങളെ കുടിയൊഴിപ്പിക്കുന്ന കെ.റെയിൽ പദ്ധതിക്കെതിരെയുള്ള ജനകീയസമരസമിതിയുടെ സംസ്ഥാന കമ്മിറ്റിയംഗവും ജില്ലാ കോ-ഓർഡിനേറ്ററുമാണ്.

നിരവധി വിദ്യാർത്ഥിസമരങ്ങളിലും പൗരത്വനിയമത്തിനെതിരെ തലസ്ഥാനത്ത് നടന്ന ഷഹീൻബാഗ് പ്രക്ഷോഭത്തിലും പ്രധാന പങ്ക് വഹിച്ചു. ഉദ്യോഗാർത്ഥികളുടെ സമരത്തിന് സജീവ പിന്തുണ നൽകുന്നു. ശാസ്ത്രപ്രസ്ഥാനത്തിന്റെയും സംഘടകനാണ്.

## ഇരവിപുരം

### എസ്.സുധിലാൽ



1980ൽ ആൾ ഇന്ത്യ ഡെമോക്രാറ്റിക് സ്റ്റുഡന്റ്സ് ഓർഗനൈസേഷന്റെ പ്രവർത്തനത്തിലൂടെ പൊതുപ്രവർത്തനരംഗത്ത് എത്തി. യഥാർത്ഥ കമ്മ്യൂണിസ്റ്റ് പാർട്ടി എന്ന നിലയിൽ എസ്‌യുസിഐ(സി)യെ തിരിച്ചറിഞ്ഞ സഖാവ് സുധിലാൽ മൂന്നു പതിറ്റാണ്ടിലേറെയായി പാർട്ടിയുടെ സജീവ പ്രവർത്തനാണ്. നിരവധി ജനകീയ പ്രക്ഷോഭങ്ങളുടെയും എസ്‌യുസിഐ(സി) ആശയനേതൃത്വം നൽകുന്ന ശാസ്ത്ര-വിദ്യാഭ്യാസ പ്രസ്ഥാനങ്ങളുടെയും ജില്ലയിലെ സജിവ സംഘാടകനുമാണ്.

എസ്‌യുസിഐ(സി) കൊല്ലം ലോക്കൽ കമ്മിറ്റിയുടെ സെക്രട്ടറിയായ സഖാവ് എസ്.സുധിലാൽ റിട്ടയേഡ് പോളിടെക്നിക്ക് അദ്ധ്യാപകനാണ്.

## പുനലൂർ

### കെ.മഹേഷ്



പാർട്ടിയുടെ കൊല്ലം ജില്ലാ കമ്മിറ്റി അംഗവും യുവജനസംഘടനയായ എ.ഐ.ഡി.വൈ.ഒ.യുടെ ജില്ലാ സെക്രട്ടറിയുമാണ് സഖാവ് കെ.മഹേഷ്.

സ്കൂൾ വിദ്യാർത്ഥിയായിരിക്കുമ്പോൾതന്നെ പ്രവർത്തനരംഗത്തേക്ക് കടന്നുവന്ന സഖാവ് മഹേഷ് പിന്നീട് ഈ മേഖലയിലെ പാർട്ടിയുടെ മുൻനിര സംഘാടകരിൽ ഒരാളായിമാറി. തൊഴിലില്ലായ്മക്കെതിരെയും മദ്യത്തിനും മയക്കുമരുന്നിനുമെതിരെയുമുള്ള സമരത്തിലും മറ്റ് നിരവധി ജനകീയ സമരങ്ങളിലും നേതൃത്വപരമായ പങ്ക് വഹിക്കുന്നു. പൗരത്വനിയമ ഭേദഗതിക്കെതിരായ ഷഹീൻബാഗ് കൂട്ടായ്മയുടെയും ഡൽഹി കർഷക പ്രക്ഷോഭ ഐക്യദാർഢ്യസമിതിയുടെയും മേഖലാ കൺവീനർകൂടിയാണ്. ഒരു കലാകാരൻകൂടിയായ സഖാവ് മഹേഷ് ആരംഗത്തുള്ള തന്റെ കഴിവുകളെയും സാമൂഹ്യപുരോഗതിക്കായുള്ള പ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നു.

## കുണ്ടറ

### ആർ.രാഹുൽ



പാർട്ടിയുടെ വിദ്യാർത്ഥി സംഘടനായ എഐഡിഎസ്ഒ യുടെ ജില്ലാ പ്രസിഡന്റാണ് സഖാവ് ആർ.രാഹുൽ. വിദ്യാഭ്യാസ മേഖലയുടെ സ്വകാര്യവത്കരണം, വർഗ്ഗീയ വത്കരണം എന്നിവയ്ക്കെതിരെയും, വിദ്യാഭ്യാസ മേഖലയിലെ മറ്റ് പ്രശ്നങ്ങൾ ഉന്നയിച്ചുകൊണ്ടും എഐഡിഎസ്ഒയുടെ മുൻകൈയിൽ നടക്കുന്ന വിദ്യാഭ്യാസ പ്രക്ഷോഭങ്ങളുടെ മുൻനിര സംഘാടകനാണ് സഖാവ് രാഹുൽ. തൊഴിലില്ലായ്മക്കും സാംസ്കാരിക ജീർണ്ണതയ്ക്കുമെതിരെ വിദ്യാർത്ഥികളുടെയും യുവാക്കളുടെയും പ്രക്ഷോഭങ്ങൾ സംഘടിപ്പിക്കുന്നതിലും ജില്ലയിലെമ്പാടും നേതൃത്വപരമായ പങ്ക് വഹിക്കുന്നു. ചെറുപ്രായത്തിൽതന്നെ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ ആദർശവും നീതിബോധവും തിരിച്ചറിഞ്ഞ് പാർട്ടിയുടെ മുഴുവൻ സമയപ്രവർത്തകനായിമാറിയ ആളാണ് സഖാവ് രാഹുൽ.

## കൊട്ടാരക്കര

### ഇ.കുഞ്ഞുമോൻ



എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ കൊട്ടാരക്കര ലോക്കൽ കമ്മിറ്റി അംഗവും എഐയുറ്റിയുസി ജില്ലാ കമ്മിറ്റി അംഗവുമാണ്. രണ്ട്പതിറ്റാണ്ടായി പാർട്ടിയുടെ സംഘാടകനായി നിലകൊള്ളുന്നു. പാർട്ടി സംഘടിപ്പിക്കുന്ന എല്ലാ ജനകീയ പ്രക്ഷോഭങ്ങളുടെയുംഈ പ്രദേശത്തെമുൻനിരപ്പോരാളിയാണ്. ടാപ്പിംഗ്തൊഴിലാളിയായ സഖാവ് കുഞ്ഞുമോൻ കമ്മ്യൂണിസ്റ്റ് ദർശനത്തിന്റെ വെളിച്ചത്തിൽ ഒരു തൊഴിലാളിക്ക് എങ്ങനെ സമൂഹത്തിൽ ഉയർന്ന ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കാൻ കഴിയുമെന്ന് തന്റെ ജീവിതത്തിലൂടെ മാതൃക കാട്ടുന്ന വ്യക്തിയാണ്.

## കരുനാഗപ്പള്ളി

### എസ്.ഭാർഗ്ഗവൻ



കായംകുളംഎംഎസ്എം കോളേജിൽ വിദ്യാർത്ഥിയായിരിക്കുമ്പോൾ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടി എന്ന ശരിയായ പ്രസ്ഥാനത്തെ തിരിച്ചറിഞ്ഞുകൊണ്ട് പ്രവർത്തനങ്ങൾ ഏറ്റെടുത്തു സഖാവ് എസ്.ഭാർഗ്ഗവൻ. കഴിഞ്ഞ മൂന്ന് പതിറ്റാണ്ടുകളായി പാർട്ടി ഏറ്റെടുക്കുന്ന ജനകീയ പ്രക്ഷോഭങ്ങളുടെയെല്ലാം സംഘാടകനായും പ്രചാരകനായും പ്രവർത്തിക്കുന്നു. ഓട്ടോറിക്ഷാ ഡ്രൈവറായി തൊഴിലെടുത്തുകൊണ്ടിരിക്കുമ്പോൾതന്നെ സഖാവ് ഭാർഗ്ഗവൻ എല്ലാ വിഭാഗം തൊഴിലാളികളുടെയും പ്രശ്നങ്ങൾ മനസ്സിലാക്കി അവരുടെ അവകാശപോരാട്ടങ്ങൾ വളർത്തിയെടുക്കാൻ നിരന്തരം ശ്രമം നടത്തുന്നു. പാർട്ടിയുടെ ട്രേഡ് യൂണിയനായ എഐയുറ്റിയുസിയുടെ സംഘാടകനുമാണ് സഖാവ് ഭാർഗ്ഗവൻ.

## അടൂർ

### ശരണ്യാരാജ്



പാർട്ടിയുടെ അടൂർ ലോക്കൽ കമ്മിറ്റിയംഗം, എഐഎംഎസ്എസ് ജില്ലാക്കമ്മിറ്റിയംഗം, എഐഡിവൈഒ സംസ്ഥാന കമ്മിറ്റിയംഗം എന്നീനിലകളിൽ പ്രവർത്തിക്കുന്ന സഖാവ് ശരണ്യാരാജ് മാദ്ധ്യമ പ്രവർത്തകയുംസാസ്കാരികപ്രവർത്തകയുമാണ്. ആറന്മുള മിച്ചഭൂമി സമരമുൾപ്പെടെ നിരവധി ജനകീയ സമരങ്ങളുടെ മുൻനിര പോരാളിയാണ്.

മുതലാളിത്ത ചൂഷണവാഴ്ചയുടെ ഇരകളായി മാറുന്ന ജനങ്ങളുടെ ജീവിത പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ശരിയായ ജനകീയ സമരങ്ങളിലൂടെയേ കഴിയൂ എന്ന ഉറച്ച ബോദ്ധ്യത്തിന്റെ അടിസ്ഥാനത്തിൽ സാമൂഹ്യമുന്നേറ്റത്തിനായി സമർപ്പിത ജീവിതം നയിക്കുന്ന സഖാവ് ശരണ്യാരാജ്.

## ചെങ്ങന്നൂർ

### ടി.കെ. ഗോപിനാഥൻ



എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ ജില്ലയിലെ ആദ്യകാല സംഘാടകരിലൊരാളും ചെങ്ങന്നൂർ ലോക്കൽ കമ്മിറ്റി അംഗവും എഐയുടിയുസി ആലപ്പുഴ ജില്ലാ വൈസ് പ്രസിഡന്റും ചെങ്ങന്നൂർ താലൂക്ക് പ്രസിഡന്റുമാണ്. 1988 കാലയളവിൽ തിരുവൻവണ്ടൂരിൽ നടന്ന നിരവധി കർഷകത്തൊഴിലാളി സമരങ്ങളിൽ സജീവമായി പങ്കെടുത്തു. പമ്പാ ഷുഗർ ഫാക്ടറി അടച്ചുപൂട്ടുന്നതിനെതിരായ 1987-90 കാലയളവിലെ കരിമ്പ് കർഷക-തൊഴിലാളി സമരങ്ങളിലും നേതൃത്വപരമായ പങ്കുവഹിച്ചു. സഖാവ് കോസലരാമദാസിന്റെ നേതൃത്വത്തിലുള്ള ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിൽ മികച്ച തൊഴിലാളി സംഘാടകനായി പ്രവർത്തിച്ചിട്ടുണ്ട്. ചെങ്ങന്നൂർ തോട്ടിയാട് അനധികൃത ബിവറേജസ് ഔട്ട്‌ലെറ്റിനെതിരായ സമരമടക്കം നിരവധി മദ്യവിരുദ്ധ സമരങ്ങളിലും സജീവ പങ്കുവഹിച്ചു.

## മാവേലിക്കര



### കെ.ശശികുമാർ

മദ്യവിരുദ്ധ സമരത്തിലൂടെയാണ് സഖാവ് കെ.ശശികുമാർ സാമൂഹ്യ പ്രവർത്തന രംഗത്തേക്ക് കടന്നുവന്നത്. കഴിഞ്ഞ 22 വർഷമായി പാർട്ടിയുടെ അടിയുറച്ച പ്രവർത്തകനാണ്.

മാവേലിക്കര ലോക്കൽകമ്മിറ്റി അംഗവും എഐയുറ്റിയുസിയുടെ ആലപ്പുഴ ജില്ലാ കമ്മിറ്റി അംഗവുമാണ്. ഡിപിഇപി വിരുദ്ധ സമരം, കെ-റെയിൽ വിരുദ്ധ സമരം, ദില്ലി ചലോ കർഷക സമരം തുടങ്ങി നിരവധി പ്രക്ഷോഭങ്ങളുടെ പ്രചാരകനും സംഘാടകനുമാണ്.

## കായംകുളം



### മൈന ഗോപിനാഥ്

കായംകുളം ലോക്കൽ കമ്മിറ്റിയംഗവും എഐഡിഎസ്ഒ ആലപ്പുഴ ജില്ലാ സെക്രട്ടറിയുമാണ് സഖാവ് മൈന. തൊഴിലില്ലായ്മയ്ക്കെതിരെ ഉദ്യോഗാർഥികൾ നടത്തിവരുന്ന പ്രക്ഷോഭങ്ങളിൽ സജീവ സാന്നിധ്യമാണ്.

സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾക്കെതിരെയും മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും വ്യാപനത്തിനെതിരെയും നടക്കുന്ന പ്രക്ഷോഭങ്ങളുടെയും വിദ്യാഭ്യാസ വായ്പയെടുത്ത് കടക്കെണിയിലായ രക്ഷാകർത്താക്കളുടെ സംഘടനയായ ഇന്ത്യൻ നേഴ്സസ് പേരന്റ്സ് അസോസിയേഷൻ നടത്തുന്ന പ്രക്ഷോഭങ്ങളുടെയും മുൻനിര സംഘാടകയുമാണ്. ഐതിഹാസികമായ കർഷക സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് കട്ടനാട്ടിൽ നടക്കുന്ന ദില്ലി ചലോ കർഷക ഐക്യദാർഢ്യ സമരത്തിന്റെ സജീവ പ്രവർത്തകയുമായ സഖാവ് മൈന അഖിലേന്ത്യാ മഹിളാ സാംസ്കാരിക സംഘടനയുടെ സംസ്ഥാന കമ്മിറ്റിയംഗവുമാണ്.

## ഹരിപ്പാട്



### ടി.മധു

റ്റികെഎംഎം കോളേജ് വിദ്യാർത്ഥിയായിരുന്ന കാലത്ത് എഐഡിഎസ്ഒയുടെ സജീവ പ്രവർത്തകനായിരുന്നു. നാലുകെട്ടുംകവല, പള്ളിപ്പാട് മേഖലയിലെ ഇഷ്ടിക ചൂളതൊഴിലാളികളെ സംഘടിപ്പിക്കാനുള്ള പരിശ്രമത്തിൽ സദാ മുഴുകിയിരുന്നു. ഇപ്പോൾ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ ഹരിപ്പാട് ലോക്കൽ കമ്മിറ്റി അംഗവും എഐയുടിയുസിയുടെ ആലപ്പുഴ ജില്ലാ കമ്മിറ്റി അംഗവുമാണ്. സംയുക്ത ട്രേഡ് യൂണിയൻ സമിതിയുടെ ആഭിമുഖ്യത്തിലുള്ള എല്ലാ സമരങ്ങളിലും സജീവപങ്കാളിത്തം വഹിക്കുന്നു.

വിദ്യാഭ്യാസ വായ്പ എടുത്ത് കടക്കെണിയിലായ രക്ഷകർത്താക്കളെ അണിനിരത്തിക്കൊണ്ട് ഐഐഎൻപിഎ എന്ന സംഘടന ഹരിപ്പാട് പ്രദേശത്ത് സംഘടിപ്പിക്കുന്നതിൽ വലിയ പങ്ക് വഹിച്ചിട്ടുണ്ട്. തുടർന്ന് വിദ്യാഭ്യാസ വായ്പ സമ്പൂർണ്ണമായും സർക്കാർ ഏറ്റെടുക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള രക്ഷകർത്താക്കളുടെ പോരാട്ടത്തിൽ നേതൃത്വപരമായ പങ്കു വഹിക്കുകയാണ് ഐഎൻപിഎ ജില്ലാ കമ്മിറ്റി അംഗം കൂടിയായ സഖാവ് മധു.

## അമ്പലപ്പുഴ



### കെ.പി.സുബൈദ

ഡിപിഇപിക്കെതിരായ സമരത്തിലൂടെയാണ് സഖാവ് സുബൈദ പാർട്ടി പ്രവർത്തനം ആരംഭിച്ചത്. ആലപ്പുഴ ജില്ലയിലെ മത്സ്യസംസ്കരണ തൊഴിലാളികളുടെയും മത്സ്യബന്ധന തൊഴിലാളികളുടെയും അനിഷേദ്ധ്യ നേതാവായ സുബൈദയുടെ നേതൃത്വത്തിൽ വീറ്റു സമരങ്ങളിലൂടെ നിരവധി ഡിമാന്റുകൾ നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്.

എഐയുടിയുസി, എഐഎംഎസ്എസ്, കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് യൂണിയൻ, സ്ത്രീ സുരക്ഷാസമിതി എന്നിവയുടെ സംസ്ഥാന കമ്മിറ്റി അംഗമാണ്. നിരവധി മദ്യവിരുദ്ധ സമരങ്ങൾക്ക് നേതൃത്വം നൽകിയിട്ടുണ്ട്. പ്രീ പ്രൈമറി ടീച്ചേഴ്സ് & ഹെൽപ്പേഴ്സ് ഓർഗനൈസേഷന്റെയും കേരളാ ആശാ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷന്റെയും ഉജ്ജ്വല സംഘാടക കൂടിയാണ് സഖാവ് സുബൈദ.

## ആലപ്പുഴ



### കെ.എ.വിനോദ്

പാർട്ടിയുടെ ചേർത്തല ലോക്കൽ കമ്മിറ്റി അംഗവും എഐഡിവൈഒ ജില്ലാ വൈസ് പ്രസിഡന്റുമാണ്.

പാരലൽവിദ്യാർത്ഥി പ്രക്ഷോഭത്തിലൂടെ പൊതുപ്രവർത്തനം ആരംഭിച്ചു. ഡിപിഇപി വിരുദ്ധ പ്രക്ഷോഭം, സർവോദയപുരം മാലിന്യവിരുദ്ധ സമരം, ദേശീയപാത സ്വകാര്യവൽക്കരണവിരുദ്ധ സമരം, ദില്ലി ചലോ കർഷകസമര ഐക്യദാർഢ്യ പ്രവർത്തനം, ബാനർ ഫിലിം സൊസൈറ്റി പ്രവർത്തനം തുടങ്ങി വിപുലമായ പ്രവർത്തന മേഖലയുള്ള സഖാവ് വിനോദ് ഐഎൻപിഎ ചേർത്തല താലൂക്ക് ജോയിന്റ് സെക്രട്ടറി, കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതി താലൂക്ക് ജോയിന്റ് സെക്രട്ടറി, മദ്യവിരുദ്ധ ജനകീയ മുന്നണി താലൂക്ക് കൺവീനർ തുടങ്ങി നിരവധി ചുമതലകൾ വഹിക്കുന്നു. കേരള ഹിന്ദി പ്രചാര സഭയുടെ സാഹിത്യാചാര്യ ബിരുദധാരിയുമാണ്.

## കുട്ടനാട്



### ബിജു സേവ്യർ

കുട്ടനാട്ടിലെ എല്ലാ ജനകീയ സമരങ്ങളുടെയും മുൻനിരയിലുള്ള നേതാവാണ് സഖാവ് ബിജു സേവ്യർ. ബാങ്ക് വായ്പയെടുത്ത് കടക്കെണിയിലായവരുടെ സംഘടനയായ ഐഐഎൻപിഎയുടെ താലൂക്ക് സെക്രട്ടറി, എസി കനാൽ ഫുട്പാത്ത് മർച്ചന്റ്സ് അസോസിയേഷൻ നേതാവ്, ദില്ലി ചലോ കർഷകസമരത്തോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് രാമങ്കരിയിൽ പ്രവർത്തിച്ചുവരുന്ന സമരകേന്ദ്രത്തിന്റെ സംഘാടക സമിതിയംഗം, യുവജന സംഘടനയായ എഐഡിവൈഒയുടെ താലൂക്ക് സെക്രട്ടറി, നിർമ്മാണ തൊഴിലാളി യൂണിയൻ നേതാവ് എന്നീ നിലകളിൽ പ്രവർത്തിക്കുന്നു.

പതിറ്റാണ്ടുകളായി റോഡില്ലാതെ കഴിയുന്ന മണലാടി മഠത്തിൽ പറമ്പ് ലക്ഷം വീട് കോളനി നിവാസികൾ റോഡിന് വേണ്ടി നടത്തിയ വഴിവെട്ട് സമരത്തിന്റെ പേരിൽ ജയിൽവാസമനുഭവിച്ച ജനസമരനായകനാണ് സഖാവ് ബിജു സേവ്യർ. മലിനീകരണത്തിനെതിരെ നീലംപേരൂർ നിവാസികൾ നടത്തിയ വിജയം വരിച്ച ജനകീയ സമരത്തിന്റെ സജീവ സംഘാടകരിൽ ഒരാളുമാണ്.

## അരൂർ



### കെ.പ്രതാപൻ

എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) ലോക്കൽ കമ്മിറ്റിയംഗവും എഐയുറ്റിയുസി ആലപ്പുഴ ജില്ലാ കമ്മിറ്റിയംഗവുമാണ്.

പൊക്കാളി പാടങ്ങളിലെ വിജയം വരിച്ച "ഒരു നെല്ല്, ഒരു മീൻ' സമരവും ഉൾനാടൻ മത്സ്യ തൊഴിലാളികളുടെ തൊഴിലവകാശ സമരവും നയിച്ചു. വിജയം വരിച്ച ഉറവൂർ കിൻഫ്രാ കുടിയൊഴിപ്പിക്കൽ വിരുദ്ധ സമരം, പീലിംഗ് തൊഴിലാളികളുടെ വിജയം വരിച്ച നിരവധി സമരങ്ങൾ എന്നിവയുടെയും സംഘാടകൻ. ഐഎൻപിഎയുടെയും, ശാസ്ത്രപ്രസ്ഥാനത്തിന്റെയും, പ്രീ പ്രൈമറി ടീച്ചർമാരുടെയും ഹെൽപ്പർമാരുടെയും സംഘടനയായ പിപിടിഎച്ച്ഒയുടെയും, ഭിന്നശേഷിക്കാരായ കുട്ടികളുടെ രക്ഷകർത്താക്കളുടെ സമര പ്രസ്ഥാനത്തിന്റെയും സജീവ സംഘാടകൻ. പ്രളയാനന്തര ശുചീകരണ പ്രവർത്തനങ്ങളിലും ശ്രദ്ധേയമായ പങ്ക് വഹിച്ചു.

## വൈക്കം




### ടി.കെ.സാബു

എസ്‌യുസിഐ(സി) ലോക്കൽ കമ്മിറ്റിയംഗവും എഐയുറ്റിയുസി കോട്ടയം ജില്ലാ സെക്രട്ടേറിയറ്റ് അംഗവുമാണ്. ഒരു കർഷകതൊഴിലാളിയായ സഖാവ് ടി.കെ. സാബു മൂന്ന് പതിറ്റാണ്ടോളമായി പൊതുപ്രവർത്തന രംഗത്ത് അചഞ്ചലം നിലകൊള്ളുന്നു.

സാധാരണക്കാരന്റെയും തൊഴിലാളികളുടെയും അവകാശപ്പോരാട്ടവേദിയിലെ ഉറച്ച ശബ്ദമാണ്. തൊഴിലില്ലായ്മയ്ക്കെതിരെയും തൊഴിലവകാശങ്ങൾക്കുവേണ്ടിയുള്ള പ്രക്ഷോഭങ്ങൾ, മദ്യവിപത്തിനും സാംസ്കാരിക തകർച്ചയ്ക്കും സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങൾക്കുമെതിരെയുള്ള പോരാട്ടങ്ങൾ ഇവയുടെയെല്ലാം മുൻനിര സംഘാടകനാണ്.

അയ്യൻകാളി നയിച്ച കാർഷിക പ്രക്ഷോഭത്തിന്റെ ശതാബ്ദി ആചരിച്ചുകൊണ്ട് നടന്ന നവോത്ഥാനശക്തി ചരിത്രപ്രദർശനത്തിന്റെ സംഘാടകൻ എന്ന നിലയിലും ശ്രദ്ധേയനാണ്.

## ഏറ്റുമാനൂർ




### എ.ജി. അജയകമാർ

എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ കമ്മിറ്റി അംഗം സഖാവ് അജയകമാർ, ഒന്നര പതിറ്റാണ്ടിലേറെയായി രാഷ്ട്രീയരംഗത്തും ട്രേഡ്‌യൂണിയൻ രംഗത്തും സജീവമായും സമർപ്പിതമായും പ്രവർത്തിക്കുന്നു.

എഐയുടിയുസിയുടെ ജില്ലാ ട്രഷററും ഓഫീസ് സെക്രട്ടറിയുമാണ്. സംയുക്ത ട്രേഡ് യൂണിയൻ സമര സമിതിയുടെ ജില്ലയിലെ മുൻനിര സംഘാടകനാണ്. ഐതിഹാസികമായ കർഷക പ്രക്ഷോഭണത്തിന് നേതൃത്വം കൊടുക്കുന്ന ആൾ ഇന്ത്യ കിസാൻ സംഘർഷ മോർച്ചയിലെ സജീവ അംഗമായ എഐകെകെഎംഎസിന്റെ ജില്ലാ സെക്രട്ടറി എന്ന നിലയിൽ ജില്ലയിൽ കർഷകസമര ഐക്യദാർഢ്യ പ്രവർത്തങ്ങൾക്കും സഖാവ് അജയകമാർ നേതൃത്വം നൽകി വരുന്നു.

## കോട്ടയം

### എം.കെ. ഷഹസാദ്



എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) കോട്ടയം ലോക്കൽ കമ്മിറ്റി അംഗവും എഐഡിഎസ്ഒ സംസ്ഥാന സെക്രട്ടേറിയറ്റംഗവുമാണ്.

മറ്റക്കര ടോംസ് കോളേജിലെ വിദ്യാർത്ഥി പ്രക്ഷോഭം, ഭാരത് ആശുപത്രിയിലെ നഴ്‌സുമാരുടെ ധർമ്മസമരം, ജിഷ്ണു പ്രണോയിയുടെ കൊലപാതകത്തെ തുടർന്ന് പാമ്പാടി നെഹ്റു കോളേജിലും മാളയിലെ മെറ്റ്സ് കോളേജിലും നടന്ന സമരങ്ങൾ, സ്വാശ്രയ ബി.ആർക്ക് കോളേജുകളിലെ അന്യായമായ ഫീസ് വർദ്ധനവിനെതിരായ സമരങ്ങൾ, സർക്കാർ മെഡിക്കൽ കോളേജുകളിലെ വിദ്യാർത്ഥി സമരങ്ങൾ, കാരക്കോണം മെഡിക്കൽ കോളേജിലെ ഹൗസ് സർജൻമാരുടെ സമരം തുടങ്ങിയവയിലൊക്കെ സഖാവ് ഷഹസാദ് നിർണ്ണായക പങ്ക് വഹിച്ചു. മെഡിക്കൽ സർവ്വീസ് സെന്ററിന്റെ സംസ്ഥാന കമ്മിറ്റിയംഗവും ഇന്ത്യൻ നഴ്സസ് പേരന്റ്സ് അസോസിയേഷന്റെ ജില്ലാ ട്രഷററുമാണ്.

## ചങ്ങനാശ്ശേരി



### രജിത ജയറാം

രണ്ടുപതിറ്റാണ്ടായി എസ്‌യുസിഐ(സി) യുടെ സജീവ പ്രവർത്തകയായ സഖാവ് രജിത ജയറാം കുറിച്ചി ലോക്കൽ കമ്മിറ്റിയംഗമാണ്.

ഗായികയും കലാകാരിയുമായ രജിത വിദ്യാർത്ഥിയായിരുന്ന കാലത്താണ് ബാനർ സാംസ്കാരിക സമിതിയുടെ പ്രവർത്തനങ്ങളിലൂടെ പാർട്ടിയുമായി ബന്ധപ്പെടുന്നതും വിദ്യാർത്ഥി സംഘടനാ പ്രവർത്തനങ്ങളിലൂടെ പൊതുപ്രവർത്തന രംഗത്തെത്തിയതും. യുവജന സംഘടനയായ ആൾ ഇന്ത്യാ ഡെമോക്രാറ്റിക് യൂത്ത് ഓർഗനൈസേഷന്റെ കോട്ടയം ജില്ലാ പ്രസിഡന്റും സംസ്ഥാന കമ്മിറ്റി അംഗവും അഖിലേന്ത്യാ മഹിളാ സാംസ്കാരിക സംഘടനയുടെ ജില്ലാ കമ്മിറ്റി അംഗവുമാണ്. എസ്‌യുസിഐ(സി) ഉയർത്തിപ്പിടിക്കുന്ന നിർമ്മലവും നിസ്വാർത്ഥവുമായ പൊതുപ്രവർത്തനത്തിന്റെ പ്രതിനിധിയാണ് സഖാവ് രജിത ജയറാം.

## കാഞ്ഞിരപ്പള്ളി

### മായമോൾ കെ.പി.



എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) കാഞ്ഞിരപ്പള്ളി ലോക്കൽ കമ്മിറ്റിയംഗമാണ് സഖാവ് മായമോൾ. ചെറുപ്രായത്തിൽതന്നെ പാർട്ടിയുടെ ആശയങ്ങളിൽ ആകൃഷ്ടയായ മായമോൾ കുട്ടികളുടെ പ്രസ്ഥാനമായ പ്രചോദനയിലൂടെയാണ് പൊതുപ്രവർത്തനം ആരംഭിക്കുന്നത്. ബിരുദാനന്തര ബിരുദധാരിയായ മായമോൾ ആൾ ഇന്ത്യാ ഡെമോക്രാറ്റിക് യൂത്ത് ഓർഗനൈസേഷന്റെയും അഖിലേന്ത്യ മഹിള സാംസ്കാരിക സംഘടനയുടെയും ജില്ലാ കമ്മിറ്റിയംഗമാണ്. വിദ്യാഭ്യാസ പ്രക്ഷോഭണങ്ങൾ, തൊഴിലിനുവേണ്ടിയുള്ള യുവാക്കളുടെ സമരങ്ങൾ, മദ്യവിരുദ്ധ ജനകീയ മുന്നേറ്റങ്ങൾ, സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾക്കെതിരായ സമരങ്ങൾ, പൊന്തൻപുഴ വന-പട്ടയ സംരക്ഷണ സമരം, ഭൂമിക്കുവേണ്ടി മുണ്ടക്കയം മുറികല്ലുംപുറം നിവാസികൾ നടത്തുന്ന സമരം എന്നിവയിലൊക്കെ മായാമോൾ സജീവ സാന്നിദ്ധ്യമാണ്.

## പുതുപ്പള്ളി

### എം.വി. ചെറിയാൻ



എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാമ്പാടി ലോക്കൽ കമ്മിറ്റിയംഗം, എഐയുറ്റിയുസി കോട്ടയം ജില്ലാ കമ്മിറ്റിയംഗം, ജനകീയ പ്രതിരോധ സമിതി പാമ്പാടി മേഖലാ സെക്രട്ടറി, പാമ്പാടി പൊതുജനാരോഗ്യ സംരക്ഷണ സമിതി സെക്രട്ടറി എന്നിനിലകളിൽ പ്രവർത്തിക്കുന്നു. ഇന്ത്യൻ നഴ്സസ് പേരൻറ്സ് അസോസിയേഷൻ രൂപീകരിക്കുന്നതിൽ പങ്കുവഹിച്ചു. പാമ്പാടി, മീനടം, കൂരോപ്പട, അയർക്കുന്നം പഞ്ചായത്തുകളിൽ കുടിവെള്ള വിതരണം പുനഃസ്ഥാപിക്കാൻ ആവശ്യപ്പെട്ടു നടന്ന സമരങ്ങൾ, കങ്ങഴ ആശുപത്രി ജീവനക്കാരുടെ സമരം, ഗ്യാസ് ഉപഭോക്താക്കളുടെ സമരം, പറക്കാവ് അംഗൻവാടി സമരം, പെട്രോളിയം വിലവർധനവിനെതിരെ നടന്ന സമരങ്ങൾ എന്നിവയിൽ നേതൃത്വപരമായ പങ്കുവഹിച്ചു. നവോത്ഥാനശക്തി ചരിത്രപ്രദർശനം സംഘടിപ്പിക്കുന്നതിന് മുൻകൈയെടുത്ത സഖാവ് ചെറിയാൻ ഒരു ശാസ്ത്രപ്രചാരകനമാണ്.

## തൊടുപുഴ



### ടി.ആർ. ശ്രീധരൻ

ഇടുക്കി ജില്ലയിലെ നിരവധി ആദിവാസി ഭൂസമരങ്ങളുടെ സംഘാടകൻ.

കേന്ദ്ര സർക്കാരിന്റെ കർഷകദ്രോഹ നയങ്ങൾക്കെതിരെയുള്ള പോരാട്ടങ്ങളിലെ സജീവ സാന്നിദ്ധ്യമായ സഖാവ് ശ്രീധരൻ പാർട്ടിയുടെ ആശയനേതൃത്വത്തിൽ പ്രവർത്തിക്കുന്ന കർഷക സംഘടന എഐകെകെഎംഎസ് (അഖിലേന്ത്യാ കിസാൻ ഖേത് മസ്ദൂർ സംഘടൻ) സംഘാടകനമാണ്. ഈറ്റ തൊഴിലാളികളുടെ സമരങ്ങളിലൂടെ പൊതുപ്രവർത്തനം ആരംഭിച്ച സഖാവ് പാർട്ടിയുടെ നേതൃത്വത്തിൽ നടത്തുന്ന എല്ലാ പ്രചാരണ പ്രക്ഷോഭപ്രവർത്തനങ്ങളിലും മുൻനിരയിലുണ്ട്.

## മൂവാറ്റുപുഴ

### സി.കെ തമ്പി



എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) എറണാകുളം ജില്ലാ കമ്മിറ്റി അംഗവും മൂവാറ്റുപുഴ ലോക്കൽ കമ്മിറ്റിയിലെ മുതിർന്ന നേതാക്കളിൽ ഒരാളും എഐയുറ്റിയുസി ജില്ലാ കമ്മിറ്റി അംഗവുമാണ്. ഡൽഹി ചലോ കർഷക പ്രക്ഷോഭ സമിതിയിലെ ഘടക സംഘടനയായ എഐകെകെഎംഎസിന്റെ സംഘാടകനെന്ന നിലയിൽ കർഷക സമരഐക്യദാർഢ്യ സമിതികൾ രൂപീകരിക്കുന്നതിൽ വ്യാപൃതനാണ്.

തൊഴിലാളി കുടുംബത്തിൽ ജനിച്ച സഖാവ് തമ്പി ജില്ലയുടെ കിഴക്കൻ മേഖലയിൽ പാർട്ടി സംഘടന കെട്ടിപ്പടുക്കാനുള്ള ഉത്തരവാദിത്തം നിർവ്വഹിച്ചുകൊണ്ടിരിക്കുന്നു. പ്രളയകാലത്തും കോവിഡ് മഹാമാരിയുടെ കാലത്തും ജനങ്ങൾക്കിടയിൽ മാതൃകാപരമായ പ്രവർത്തനം നടത്തിയ സഖാവ് തമ്പി പാവപ്പെട്ടവന് കൈത്താങ്ങായ വ്യക്തിത്വത്തിനുടമയാണ്.

## തൃപ്പൂണിത്തുറ



### സി.ബി. അശോകൻ

പാർട്ടിയുടെ തൃപ്പൂണിത്തുറ ലോക്കൽ കമ്മിറ്റി സെക്രട്ടറിയും ജില്ലാകമ്മിറ്റിയംഗവും. എഐഡിഎസ്ഒയുടെ പ്രവർത്തനത്തിലൂടെ സഖാവ് ശിബ്ദാസ് ഘോഷ് ചിന്തകൾ മനസ്സിലാക്കിയ അദ്ദേഹം എസ്‌യുസിഐയുടെ മുഴുവൻ സമയ പ്രവർത്തകനായി മാറി. നിരവധിയായ സാമൂഹ്യ സാംസ്കാരിക കൂട്ടായ്മകളിലെ സജീവ സാന്നിദ്ധ്യം. ജനകീയ പ്രതിരോധ സമിതി തൃപ്പൂണിത്തുറ മേഖലാ കമ്മിറ്റി സെക്രട്ടറിയായിയും പ്രവർത്തിച്ചു. ഡിപിഇപി വിരുദ്ധ പ്രക്ഷോഭം, പാരലൽ വിദ്യാർത്ഥിസമരം, സാറ്റലൈറ്റ് ടൗൺഷിപ്പിനെതിരെ ഉയർന്നുവന്ന ജനകീയ സമരം എന്നിവയുടെ സംഘടകനായിരുന്നു. തൃപ്പൂണിത്തുറയിൽ സംഘടിപ്പിച്ച നവോത്ഥാനശക്തി ചരിത്ര പ്രദർശനത്തിന്റെ കൺവീനറായും പ്രവർത്തിച്ചിട്ടുണ്ട്.

## പിറവം

### സി.എൻ. മുകുന്ദൻ



പാർട്ടി ജില്ലാ കമ്മിറ്റിയംഗവും പിറവം ലോക്കൽ കമ്മിറ്റിയിലെ മുതിർന്ന അംഗവുമാണ്. 1983ൽ എസ്‌യുസിഐയുമായിബന്ധപ്പെട്ടുകൊമാര കാലത്തുതന്നെ മുഴുവൻ സമയ പ്രവർത്തകനായി മാറി.

എഐഡിവൈഒ, എഐകെകെഎംഎസ്, ജനകീയ പ്രതിരോധ സമിതി എന്നിവയുടെ സജീവ പ്രവർത്തകൻ. അയ്യങ്കാളിയുടെ നേതൃത്വത്തിൽ നടന്ന കാർഷിക സമരത്തിന്റെ ശതാബ്ദി ആചരണവുമായി ബന്ധപ്പെട്ട് സംഘടിപ്പിച്ച നവോത്ഥാനശക്തി ചരിത്രപ്രദർശനത്തിന്റെ മുഖ്യസംഘാടകൻ.

2006ൽ വയനാട് ജില്ലയിൽ കർഷക ആത്മഹത്യ പെരുകിയപ്പോൾ ജനകീയ പ്രതിരോധ സമിതിയുടെ ആഭിമുഖ്യത്തിൽ കർഷകരുടെ ഇടയിൽ നടത്തിയ പ്രവർത്തനങ്ങളിലെ സജീവ പങ്കാളി. പാർട്ടി വയനാട് ജില്ലാക്കമ്മിറ്റിയംഗമായി അദ്ദേഹം ദീർഘനാൾ പ്രവർത്തിച്ചു. മദ്യവിരുദ്ധ ജനകീയ സമരസമിതി, സേവ് എജ്യുക്കേഷൻ കമ്മിറ്റി, ശാസ്ത്രപ്രസ്ഥാനം, കെ-റെയിൽ വിരുദ്ധ ജനകീയ സമരസമിതി തുടങ്ങിയവയുടെയും വീറുറ്റ സംഘാടകനാണദ്ദേഹം.

## ആലുവ

### എ.ജി.അജയൻ



എറണാകുളം ജില്ലയിലെ ആദ്യകാല സംഘാടകരിലൊരാളും ആലുവ ലോക്കൽ കമ്മിറ്റി അംഗവുമാണ് സഖാവ് എ.ജി.അജയൻ. പോളിടെക്നിക് വിദ്യാർത്ഥിയായിരുന്നപ്പോൾ എഐഡിഎസ്ഒയിലൂടെ പാർട്ടിയുമായി ബന്ധപ്പെട്ടു.

കേന്ദ്രട്രേഡ്‌യൂണിയനായ എഐയുടിയുസി, കേരള സംസ്ഥാന ജനകീയപ്രതിരോധ സമിതി, മദ്യവിരുദ്ധ ജനകീയ സമരസമിതി, സേവ് എജ്യുക്കേഷൻ കമ്മിറ്റി, ശാസ്ത്ര പ്രസ്ഥാനം, ഭരണഘടനാ സംരക്ഷണ സമിതി, കുടിയൊഴിപ്പിക്കൽ വിരുദ്ധ സമരവേദികൾ, ആന്റി-ഇംപീരിയലിസ്റ്റ് ഫോറം, റസിഡന്റ്സ് അസോസിയേഷൻ തുടങ്ങി നിരവധി പ്രസ്ഥാനങ്ങളിലും വേദികളിലും സജീവമാണദ്ദേഹം.

## അങ്കമാലി



### കെ.സി. ജ്യോതിലക്ഷ്മി

അങ്കമാലി ലോക്കൽ കമ്മിറ്റിയംഗമായ സഖാവ് കെ.സി.ജ്യോതിലക്ഷ്മി അഖിലേന്ത്യാ മഹിളാ സാംസ്കാരിക സംഘടനയുടെയും കേന്ദ്ര ട്രേഡ് യൂണിയനായ എഐയുടിയുസിയുടെയും എറണാകുളം ജില്ലാ കമ്മിറ്റിയംഗമാണ്. 90 കളുടെ ആദ്യം പാർട്ടിയുമായി ബന്ധപ്പെട്ടു. തുടർന്ന് സജീവ പ്രവർത്തകയായി മാറി. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ജനവിരുദ്ധ നയങ്ങൾക്കെതിരെയുള്ള സമരങ്ങളിലും മദ്യവിരുദ്ധ പ്രവർത്തനങ്ങളിലും,സ്ത്രീകൾക്കുംകുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങളിൽ നീതി തേടുന്ന ഇരകളുടെ പക്ഷത്തും സഖാവുണ്ട്.

## ചാലക്കുടി

### പി.കെ.ധർമ്മജൻ



യുവജന വിഭാഗമായ എഐഡിവൈഒയിലൂടെയാണ് സഖാവ് ധർമ്മജൻ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുമായി ബന്ധപ്പെടുന്നത്. പാർട്ടി ചാലക്കുടി ലോക്കൽകമ്മിറ്റിഅംഗവും എഐഡിവൈഒയുടെ ജില്ലാ ജോയിന്റ് സെക്രട്ടറിയുമാണ്. 2018 ലെ പ്രളയകാലത്ത് ചാലക്കുടി മേഖലയിൽ രക്ഷാപ്രവർത്തനങ്ങളിൽ സജീവമായിരുന്നു. മാസങ്ങളോളം നീണ്ടുനിന്ന ശുചീകരണ പ്രവർത്തനവും മെഡിക്കൽ ക്യാമ്പുകളും സംഘടിപ്പിക്കുന്നതിൽ നേതൃത്വപരമായ പങ്കുവഹിച്ചു.

ശാസ്ത്ര പ്രചാരണ പ്രവർത്തനങ്ങളിൽ സജീവമാണ്. 'ചാലക്കുടി കൾച്ചറൽ കളക്റ്റീവ്' സംഘടിപ്പിക്കുന്ന സാംസ്കാരിക സദസ്സുകളുടെ സജീവസംഘാടകൻ. അയ്യങ്കാളി നയിച്ച കാർഷിക പണിമുടക്കിന്റെ ശതാബ്ദി ആചരണപ്രവർത്തനങ്ങൾക്ക് ചാലക്കുടിയിൽ നേതൃത്വം നൽകി. നല്ലൊരു നടനും ബാനർ നാടക സംഘത്തിലെ അംഗവുമാണ്. ട്രേഡ് യൂണിയൻ പ്രവർത്തനങ്ങളിലും കർഷക സമര ഐക്യദാർഢ്യ പ്രവർത്തനങ്ങളിലും പങ്കുവഹിക്കുന്നു.

## കൊടുങ്ങല്ലൂർ



### ഒ.എം.ശ്രീജ

മദ്യവിരുദ്ധ പ്രവർത്തനങ്ങളിലൂടെപാർട്ടിയുമായി ബന്ധപ്പെട്ടു. കൊടുങ്ങല്ലൂർ മേഖലയിലെ നിരവധി ഷാപ്പ് വിരുദ്ധ സമരങ്ങളിൽ 3 വയസുള്ള കുഞ്ഞുമായി സഖാവ് ശ്രീജ പങ്കെടുത്തു.

ദേശീയപാത സ്വകാര്യവൽക്കരണത്തിന്റെ ഭാഗമായി കുടിയിറക്കപ്പെട്ടവർക്ക് പുനരധിവാസം ആവശ്യപ്പെട്ടുകൊണ്ട് കൊടുങ്ങല്ലൂർ നഗരത്തിൽ നടന്ന സമരത്തിന്റെ മുഖ്യസംഘാടകരിൽ ഒരാൾ. എഐഎംഎസ്എസ് ജില്ലാ കമ്മിറ്റി അംഗം. നിരവധി സാമൂഹ്യപ്രസക്തിയുള്ള ഷോർട്ട് ഫിലിമുകളിൽ അഭിനയിച്ചിട്ടുണ്ട്. കൊടുങ്ങല്ലൂർ നാടകസംഘത്തിലെ പ്രമുഖ അഭിനേത്രിയാണ്. എഐഡിവൈഒയുടെ ജില്ലാ കമ്മിറ്റി അംഗമാണ്. കുടുംബജീവിതത്തെയും സംഘടനാപ്രവർത്തനത്തെയും സമന്വയിപ്പിക്കുന്ന വിപ്ലവകരമായ ജീവിതകാഴ്ചപ്പാട് ആർജ്ജിച്ചെടുക്കാൻ സഖാവ് ശ്രീജക്ക് കഴിഞ്ഞിട്ടുണ്ട്.

## ഗുരുവായൂർ



### എം.കുമാർ

ദീർഘകാലം പാർട്ടിയുടെ ചാവക്കാട് ലോക്കൽ സെക്രട്ടറിയായിരുന്ന സഖാവ് കുമാർ. 2019 മുതൽ ജില്ലാ കമ്മിറ്റി അംഗമാണ്. ജനങ്ങളോടൊപ്പം ജീവിച്ചുകൊണ്ട് സമരങ്ങൾ വളർത്തിയെടുക്കുവാൻ കഴിഞ്ഞ രണ്ടര പതിറ്റാണ്ടായി പരിശ്രമിക്കുന്നു.

മദ്യവിരുദ്ധ സമരംവും ഡിപിഇപി വിരുദ്ധ സമരവും ആദ്യകാല പ്രവർത്തനങ്ങളാണ്. സംഗീത സഭ, കലാസമിതി തുടങ്ങിയവയിലൂടെ യുവാക്കൾക്കിടയിൽ സാംസ്കാരിക പ്രവർത്തനം നടത്തി വരുന്നു. പ്രാദേശികമായി വർഗ്ഗീയ സംഘർഷമുണ്ടായ അവസരത്തിൽ ജനകീയ ഐക്യം വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തി. എഐയുറ്റിയുസി ജില്ലാ കമ്മിറ്റി അംഗമായ സഖാവ് കുമാർ ട്രേഡ് യൂണിയൻ സമരങ്ങളിലും സജീവമാണ്. പൗരത്വ നിയമ ഭേദഗതിക്കെതിരെ നടന്നതും കാർഷിക കരിനിയമങ്ങൾക്കെതിരെ ഇപ്പോഴും നടന്നു വരുന്നതുമായ പ്രക്ഷോഭണങ്ങളാണ് സമീപകാലത്തെ എടുത്തുപറയാവുന്ന പ്രവർത്തനങ്ങൾ. എഐകെകെഎംഎസ് സംസ്ഥാന കമ്മിറ്റി അംഗമാണ്.

## മലമ്പുഴ

### കെ.പ്രസാദ്



രണ്ടു പതിറ്റാണ്ടായി പാലക്കാട് ജില്ലയിൽ പാർട്ടി സംഘാടകനായി പ്രവർത്തിച്ചു വരുന്ന ആളാണ് സഖാവ് കെ. പ്രസാദ്. ഒരു സാധാരണ തൊഴിലാളി കുടുംബത്തിൽനിന്ന് വന്നിട്ടുള്ള അദ്ദേഹം അസംഘടിത നിർമ്മാണ തൊഴിലാളികളെ സംഘടിപ്പിച്ചുകൊണ്ട് അവരുടെ അവകാശ പോരാട്ടങ്ങളിലും ക്ഷേമ പ്രവർത്തനങ്ങളിലും സജീവമായി പ്രവർത്തന രംഗത്ത് നില്ക്കുന്നു. എഐയുറ്റിയുസിയുടെ ജില്ലാ ജോയിന്റ് സെക്രട്ടറിയും സംസ്ഥാന കമ്മിറ്റി അംഗവുമാണ്. അദ്ദേഹം തൊഴിലാളികളുടെയും കർഷകരുടെയും കുടിയിറക്കപ്പെടുന്ന ജനങ്ങളുടെയും പ്രക്ഷോഭങ്ങൾക്ക് നേതൃത്വം നൽകുന്നു. യുവാക്കളുടെ നീറുന്ന പ്രശ്നങ്ങൾ, മദ്യം, മയക്കുമരുന്ന് ഇവയുടെ വ്യാപനം, സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കും എതിരെയുള്ള അതിക്രമങ്ങൾ ഇവക്കെതിരെയുമുള്ള പോരാട്ടങ്ങളിലെ നിറസാന്നിദ്ധ്യമാണ്.

## മലപ്പുറം



### ടി.കെ.ബോസ്

റിട്ടയേർഡ് സ്കൂൾ അധ്യാപകനും കഥാകൃത്തുമായ സഖാവ് ടി.കെ.ബോസ് മലപ്പുറത്തെ സാമൂഹ്യ-സാംസ്കാരിക മണ്ഡലങ്ങളിൽ ഇതിനോടകം വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്. ജനകീയ പ്രതിരോധ സമിതി ജില്ലാ സമിതി അംഗം, ബാനർ സാംസ്കാരിക സമിതി ജില്ലാ കൺവീനർ എന്നീ നിലകളിൽ അദ്ദേഹം സജീവമാണ്.

പശുവിന്റെ പേരിലുള്ള മനുഷ്യക്കുരുതിക്കെതിരെ ജില്ലയുടെ വിവിധഭാഗങ്ങളിൽ നടന്ന മനുഷ്യസംഗമത്തിന്റെ സംഘാടകനായിരുന്നു. പൗരത്വ നിയമഭേദഗതിക്കെതിരായ പോരാട്ടത്തിന്റെ മുൻനിരയിൽ നിലകൊണ്ടു. തിരുവനന്തപുരം ഷഹീൻബാഗ് സമരവേദിയിൽ സഹപ്രവർത്തകരുമൊന്നിച്ച് താമസിച്ച് സംഘാടന പ്രവർത്തനങ്ങളിൽ മുഴുകി. പ്രളയക്കെടുതിയിൽ വലഞ്ഞ ജനങ്ങൾക്കിടയിൽ ദുരിതാശ്വാസ പ്രവർത്തനങ്ങളുമായും അദ്ദേഹം സജീവമായിരുന്നു.

## കോഴിക്കോട് നോർത്ത്

### കെ. റഹിം



എഐഡിഎസ്ഒയിലൂടെ പാർട്ടിയുമായി ബന്ധപ്പെട്ട് മാർക്സിസം-ലെനിനിസം-ശിബ്ദാസ് ഘോഷ് ചിന്തകളുടെ മഹനീയത തിരിച്ചറിഞ്ഞ സഖാവ് റഹിം പാർട്ടിയുടെ മുഴുവൻ സമയ പ്രവർത്തകനായി മാറി.

എഐഡിഎസ്ഒയുടെ കോഴിക്കോട് ജില്ലാ സെക്രട്ടറിയും പാർട്ടി ജില്ലാ കമ്മിറ്റി അംഗവുമായി പ്രവർത്തിച്ചു വരുന്നു. വിദ്യാഭ്യാസ മേഖലയുടെ സ്വകാര്യവത്കരണം, വർഗ്ഗീയവത്ക്കരണം, കച്ചവടവത്ക്കരണംഎന്നിവക്കെതിരെ ജില്ലയിൽ സമരങ്ങൾ വളർത്തിയെടുക്കുന്നതിൽ ഒരു ദശാബ്ദത്തിലേറെയായി നേതൃത്വപരമായ പങ്ക് വഹിക്കുന്നു. വിലക്കയററം, തൊഴിലാളി ദ്രോഹ നയങ്ങൾ, പൗരത്വനിഷേധം, ജിഎസ്ടി കാർഷിക നിയമങ്ങൾ ഇവയ്ക്കെല്ലാമെതിരെ ജനങ്ങളുടെ സമര രാഷ്ട്രീയം വളർത്തിയെടുക്കുന്നതിൽ ഉറച്ചുമുന്നേറുന്ന പോരാളികൂടിയാണ് അദ്ദേഹം.

## കൊയിലാണ്ടി



### പ്രവീൺ ചെറുവത്ത്

രണ്ട് പതിറ്റാണ്ടിലേറെ കാലമായി കാട്ടിലെപ്പീടിക കേന്ദ്രീകരിച്ച് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടി സംഘടിപ്പിക്കുന്നതിൽ വ്യാപൃതനാണ് സഖാവ് പ്രവീൺ ചെറുവത്ത്.

കൊയിലാണ്ടി ലോക്കൽ കമ്മിറ്റി അംഗവും എഐയുടിയുസിയുടെ കോഴിക്കോട് ജില്ലാകമ്മിറ്റിയംഗവുമാണ്. പാർട്ടിയുടെ നേതൃത്വത്തിൽ നടക്കുന്ന നിരവധിയായ ജനാധിപത്യ സമരങ്ങൾ, ട്രേഡ് യൂണിയൻ പ്രക്ഷോഭങ്ങൾ, സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ എന്നിവക്കെതിരെ ശക്തമായ സമരം വളർത്തിയെടുക്കുന്നതിൽ സജീവപങ്കാണ് സഖാവ് ഏറ്റെടുത്തിരിക്കുന്നത്. കാർഷിക കരിനിയമങ്ങൾക്കും കർഷക സമരത്തിനെതിരെയുള്ള ഫാസിസ്റ്റ് നടപടികൾക്കുമെതിരെയും, ആയിരങ്ങളെ കുടിയൊഴിപ്പിക്കുന്ന കെ-റയിൽ പദ്ധതിക്കെതിരെയും സജീവമായ പോരാട്ടത്തിലാണ് സഖാവ് പ്രവീൺ.

## അഴീക്കോട്

### രശ്മി രവി



വിദ്യാർത്ഥി രാഷ്ട്രീയത്തിലൂടെയാണ് സഖാവ് രശ്മി രവി സാമൂഹ്യ പ്രവർത്തന രംഗത്തേക്ക് കടന്നുവന്നത്. എസ്‌യുസിഐ (കമ്യൂണിസ്റ്റ്) പാർട്ടിയുടെ മുഴുവൻ സമയ പ്രവർത്തകയും, എഐഎംഎസ്എസ് കണ്ണൂർ ജില്ലാ സെക്രട്ടറിയുമാണ്. സ്ത്രീകൾക്കും കുട്ടികൾക്കും നേരെ നടക്കുന്ന അതിക്രമങ്ങൾക്കെതിരെയുള്ള സമരങ്ങളിലും, കലാ-ശാസ്ത്ര പ്രവർത്തനങ്ങളിലും, മദ്യ-ലഹരി വിരുദ്ധ പ്രവർത്തനങ്ങളിലും, നിരവധി ജനകീയ സമരങ്ങളിലും നേതൃപരമായ പങ്കുവഹിക്കുന്നു. ദേശീയപാത സ്വകാര്യവത്കരണത്തിനായി ജനങ്ങളെ കുടിയിറക്കുന്നതിനെതിരെയുള്ള സമരത്തിലും ദില്ലി ചലോ കർഷകസമരഐക്യദാർഢ്യ പ്രവർത്തനങ്ങളിലും സജീവം. ബിരുദാനന്തര ബിരുദധാരിയായ രശ്മി നല്ലൊരു ചിത്രകാരികൂടിയാണ്.

# സ്ഥിരനിയമനങ്ങൾ പരമാവധി കുറച്ചും കരാർ, കൺസൾട്ടൻസി നിയമനങ്ങൾ യഥേഷ്ടം നടത്തിയും ഉദ്യോഗാർത്ഥികളെ വഞ്ചിച്ച എൽഡിഎഫ് ഭരണം

*(1–ാം പേജിൽ നിന്ന്)*

സർ(സിപിഒ) റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർഥികളുടെ പ്രക്ഷോഭം ഡിമാൻഡിൽ അടിയുറച്ച്, വിട്ടുവീഴ്ചയില്ലാതെ മുന്നോട്ടു പോകുകയാണ്. 2019 ജൂലൈ 1ന് നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ സ്വാഭാവിക കാലാവധി 2020 ജൂൺ 30ന് അവസാനിച്ചു. ആ റാങ്ക് പട്ടിക നീട്ടി നൽകണമെന്ന ഉദ്യോഗാർഥികളുടെ നിരന്തരമായ ആവശ്യത്തെ സർക്കാർ തികഞ്ഞ ധാർഷ്ട്യത്തോടെ അവഗണിക്കുകയാണ് ചെയ്തത്. ആകെ ഒരു വർഷം മാത്രം കാലാവധിയുള്ള ലിസ്റ്റിൽ എട്ടുമാസം നിയമനം മരവിപ്പിക്കപ്പെട്ടു. യൂണിവേഴ്സിറ്റി കോളേജിലെ കത്തിക്കുത്ത് കേസിലെ പ്രതികളായ എസ്എഫ്ഐ നേതാക്കൾ, ശിവരഞ്ജിത്തും പ്രണവും നസീമും സി പി ഒ പരീക്ഷ കോപ്പിയടിച്ച് യഥാക്രമം 1, 2, 28 റാങ്കുകളിൽ എത്തിയതിനെത്തുടർന്ന്, കോടതി ഉത്തരവ് പ്രകാരമാണ് നാലുമാസം ലിസ്റ്റ് മരവിപ്പിക്കപ്പെട്ടത്.

പിന്നീട് നാല് മാസം നിയമനം നടന്നെങ്കിലും കോവിഡ് മഹാമാരിയെ തുടർന്ന് രാജ്യം ലോക്ഡൗണിൽ ആയതോടെ അടുത്ത 3 മാസത്തേക്ക് ലിസ്റ്റ് വീണ്ടും മരവിപ്പിക്കപ്പെട്ടു. ശേഷം അവസാനത്തെ ഒരു മാസം കൂടി മാത്രമാണ് ലിസ്റ്റിന് കാലാവധി ലഭിച്ചത്. കാലാവധി ഒരു വർഷമായിരുന്നെങ്കിലും ഫലത്തിൽ 5 മാസം മാത്രമാണ് സിപിഒ ലിസ്റ്റിൽ നിന്നും നിയമനം നടന്നത്. വസ്തുതകൾ ഇതായിരുന്നിട്ടും സിപിഒ ലിസ്റ്റിന്റെ കാലാവധി നീട്ടി നൽകിക്കൊണ്ട് നിയമനങ്ങൾ നടത്തുവാൻ സർക്കാർ തയ്യാറായില്ല. ലിസ്റ്റ് നിലവിലുണ്ടായിരുന്നപ്പോൾ പോലീസ് സേനയിലേക്ക് 3400 പേരെ നിയമിക്കണമെന്ന് കാണിച്ചുകൊണ്ട് രണ്ട് ഉത്തരവുകൾ സർക്കാർ പുറപ്പെടുവിച്ചിരുന്നു. 2020 ജൂൺ 18(G. O (MS) No.130/2020/ HOME) ന് സർക്കാർ പുറത്തിറക്കിയ ഉത്തരവിൽ പറയുന്നത്, 1200 വേക്കൻസികൾ പുരുഷ പോലീസിനും 200 വേക്കൻസികൾ വനിതാ പോലീസിനും വേണ്ടി പി എസ് സി യിൽ റിപ്പോർട്ട് ചെയ്യണമെന്നായിരുന്നു. സ്റ്റേറ്റ് ഇൻഡസ്ട്രിയൽ സെക്യൂരിറ്റി ഫോഴ്സിലേക്ക് 2000പേരെ നിയമിക്കണമെന്നതായിരുന്നു ജൂൺ 9ന് സർക്കാർ പുറപ്പെടുവിച്ച ഉത്തരവിൽ (G.O (MS) 07/2020/ HOME) പറയുന്നത്. എന്നാൽ, ഗവൺമെന്റ് ഉത്തരവ് പ്രകാരം സിപിഒ ഉദ്യോഗാർത്ഥികൾക്ക് ലഭിക്കേണ്ട 3200 ഒഴിവുകൾ നികത്തുവാൻ ഒരു നടപടിയും സർക്കാർ ഇതുവരെയും കൈക്കൊണ്ടിട്ടില്ല. പുതിയ ലിസ്റ്റ് നിലവിൽ വരാത്ത കാലത്തോളം,പരമാവധി മൂന്നുവർഷത്തേക്കോ റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടി നൽകാൻ സർക്കാരിന് അവകാശമുണ്ടെന്ന് പി എസ് സിയുടെ റൂൾ 13/5 വ്യക്തമായി പറയുന്നുണ്ട്. എന്നിട്ടും പോലീസ് കോൺസ്റ്റബിൾ ഉദ്യോഗാർഥികളുടെ കാര്യത്തിൽ സർക്കാർ കടുംപിടുത്തം തുടരുന്നത് തികച്ചും ജനാധിപത്യ വിരുദ്ധവും നിയമവിരുദ്ധവുമാണ്.

ലാസ്റ്റ് ഗ്രേഡ് സെർവന്റ് (എൽജിഎസ് ) ഉദ്യോഗാർത്ഥികളുടെ സമരം 35 ദിവസം പിന്നിട്ടു കഴിഞ്ഞപ്പോഴാണ് സർക്കാർ ഒരു മന്ത്രിതല ചർച്ചയ്ക്കുപോലും തയ്യാറായത്. നൈറ്റ് വാച്ച്മാൻമാരുടെ ജോലി സമയം 16 മണിക്കൂറിൽ നിന്നും 8 മണിക്കൂറായി കുറച്ചുകൊണ്ട് അവിടെ വരുന്ന ഒഴിവുകളിൽ എൽജിഎസ് ലിസ്റ്റിൽനിന്നും ഇലക്ഷൻ കമ്മീഷന്റെ അനുമതിയോടെ നിയമനം നടത്താം എന്ന നിയമമന്ത്രി എ.കെ ബാലന്റെ ഉറപ്പിലാണ് ഉദ്യോഗാർത്ഥികൾ സമരം അവസാനിപ്പിച്ചത്. തൊട്ടടുത്ത ദിവസം തന്നെ, 'പിഎസ്സിക്ക് നിയമ നടപടികൾ നടത്തുന്നതിനും വിവിധ സർക്കാർ വകുപ്പുകളിലെ ഒഴിവുകൾ പിഎസ്സിക്ക് റിപ്പോർട്ട് ചെയ്യുന്നതിനും തടസ്സമില്ലെന്ന് ' ചീഫ് ഇലക്ടറൽ ഓഫീസർ വ്യക്തമാക്കുകയുണ്ടായി.

എന്നാൽ, എൽജിഎസ് ലിസ്റ്റിലെ നിയമനക്കാര്യത്തിൽ ഇപ്പോഴും നടപടിയുണ്ടായിട്ടില്ല. നൈറ്റ് വാച്ചർമാരുടെ തസ്തികകൾ സൃഷ്ടിക്കപ്പെട്ടാൽ തന്നെ പുരുഷ ഉദ്യോഗാർത്ഥികൾക്കായിരിക്കും ജോലി ലഭിക്കുക. അപ്പോഴും ലിസ്റ്റിലെ ബഹുഭൂരിപക്ഷം വരുന്ന വനിതകളുടെ നിയമനത്തിലെ അനിശ്ചിതത്വം തുടരുക തന്നെ ചെയ്യും. എച്ച്എസ്എസ്ടി,എൽപിഎസ്എ, യുപിഎസ്എ, കെഎസ്ആർടിസി മെക്കാനിക്, ഡ്രൈവർ, ഫോറസ്റ്റ് വാച്ചർ, ബീറ്റ് ഫോറസ്റ്റ് ഓഫീസർ തുടങ്ങിയ നിരവധി റാങ്ക് ലിസ്റ്റിലുള്ള ആയിരക്കണക്കിന് ഉദ്യോഗാർത്ഥികളാണ് സമരം നടത്തുന്നത്. സിപിഒ റാങ്ക് ഹോൾഡേഴ്സ് നൂറുകണക്കിന് ഉദ്യോഗാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് മഹാസംഗമം വരെ നടത്തി. അത് ഉദ്ഘാടനം ചെയ്തുകൊണ്ട് ജസ്റ്റിസ് കമാൽ പാഷാ പറഞ്ഞു: 'ഇത്രയും ന്യായമായ ഡിമാൻഡ് മുൻനിർത്തിയുള്ള ഒരു സമരം സെക്രട്ടറിയേറ്റിന് മുന്നിൽ നടന്നിട്ടില്ല .തൊഴിൽ എന്നത് ഏതൊരാളുടെയും അവകാശമാണ്. അതിനുവേണ്ടി നിങ്ങൾ ആരുടെ മുന്നിലും യാചിക്കരുത്.



മാർച്ച് 3ന് സെക്രട്ടേറിയറ്റിന് മുന്നിൽ നടന്ന ഉദ്യോഗാർത്ഥികളുടെ മഹാസംഗമം ജസ്റ്റിസ് കമാൽ പാഷ ഉദ്ഘാടനം ചെയ്യുന്നു

നിയമനം ലഭിക്കും വരെ സമരം ചെയ്യുക'. ജസ്റ്റിസ് കമാൽ പാഷയെപ്പോലുള്ള അനേകം പേരുടെ പിന്തുണയോടെയാണ് ഉദ്യോഗാർത്ഥികളുടെ സമരം മുന്നോട്ടു പോകുന്നത്.

### സ്വന്തക്കാരെ സ്ഥിരപ്പെടുത്തുന്ന സർക്കാർ, മെറിറ്റ് കുഴിച്ചുമൂടുന്നു

എൽഡിഎഫ് സർക്കാർ 5 വർഷക്കാലവും, മന്ത്രിമാർക്കും നേതാക്കൾക്കും വേണ്ടപ്പെട്ടവരെ വിവിധ സർക്കാർ വകുപ്പുകളിൽ പിൻവാതിലിലൂടെ താൽക്കാലികക്കാരായി പ്രവേശിപ്പിച്ചു കൊണ്ടിരുന്നു.അഡ്വ. പ്രാണകുമാറിന് ധനവകുപ്പ് നൽകിയ വിവരാവകാശ രേഖ പ്രകാരം സർക്കാർ ഡിപ്പാർട്ട്മെന്റുകളിൽ 1,17,267 താൽക്കാലിക, കരാർ ജീവനക്കാരെ പിണറായി സർക്കാർ നിയമിച്ചിട്ടുണ്ട്. എന്നാൽ, എൽഡിഎഫ് ഗവൺമെന്റിന്റെ കാലത്തെ സർക്കാർ ഡിപ്പാർട്ട്മെന്റുകളിലെ സ്ഥിരനിയമനം വെറും 95,196 മാത്രമാണെന്ന് എം.ഷാജർഖാന് ലഭിച്ച വിവരാവകാശ രേഖകൾ വ്യക്തമാക്കുന്നു. ഓരോ വർഷത്തെയും റിട്ടയർമെന്റ് വേക്കൻസികളിൽപോലും സ്ഥിര നിയമനം നടത്താൻ സർക്കാർ തയ്യാറായിട്ടില്ലെന്നാണ് ഈ കണക്കുകളിലൂടെ മനസ്സിലാകുന്നത്. സർക്കാർ വകുപ്പുകളിൽനിന്നും ശരാശരി 20,000 പേരാണ് പ്രതിവർഷം വിരമിക്കുന്നത്. വിരമിച്ചവരുടെ ഒഴിവുകളിൽ നിയമനം നടത്തിയാൽ തന്നെ 5 വർഷം കൊണ്ട് 1 ലക്ഷം ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ കൊടുക്കണം. എന്നാൽ, റിട്ടയർമെന്റ് വേക്കൻസികളിൽ സമ്പൂർണമായി നിയമനം നടത്തുവാൻ സംസ്ഥാന സർക്കാർ തയാറായിട്ടില്ല. സ്വാഭാവിക വേക്കൻസികളിൽ പോലും നിയമനം നടത്താത്ത സർക്കാറാണ് ആയിരക്കണക്കിന് പുതിയ വേക്കൻസികൾ സൃഷ്ടിച്ചു എന്ന പ്രചാരണം നടത്തുന്നത്. ഇത് പച്ചക്കള്ളമാണെന്ന് തെളിയിക്കുന്നതാണ് മേൽപ്പറഞ്ഞ വിവരാവകാശരേഖയിലെ കണക്കുകൾ.

**സിവിൽ പോലീസ് ഓഫീസർ(സിപിഒ) റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർഥികളുടെ പ്രക്ഷോഭം ഡിമാൻഡിൽ അടിയുറച്ച്, വിട്ടുവീഴ്ചയില്ലാതെ മുന്നോട്ടു പോകുകയാണ്. 2019 ജൂലൈ 1ന് നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ സ്വാഭാവിക കാലാവധി 2020 ജൂൺ 30ന് അവസാനിച്ചു. ആ റാങ്ക് പട്ടിക നീട്ടി നൽകണമെന്ന ഉദ്യോഗാർഥികളുടെ നിരന്തരമായ ആവശ്യത്തെ സർക്കാർ തികഞ്ഞ ധാർഷ്ട്യത്തോടെ അവഗണിക്കുകയാണ് ചെയ്തത്. ആകെ ഒരു വർഷം മാത്രം കാലാവധിയുള്ള ലിസ്റ്റിൽ എട്ടുമാസം നിയമനം മരവിപ്പിക്കപ്പെട്ടു.**

സ്ഥിര നിയമനങ്ങൾ പരമാവധി കുറച്ചെങ്കിലും കരാർ, കൺസൾട്ടൻസി നിയമനങ്ങൾ യഥേഷ്ടം നടത്തിയെന്ന 'ഖ്യാതി'യോടെയാകും പിണറായി സർക്കാർ ഭരണം അവസാനിപ്പിക്കുന്നത്. നിയമനം ആവശ്യപ്പെട്ടുകൊണ്ട് ഉദ്യോഗാർത്ഥികൾ ജീവന്മരണ സമരം നടത്തുമ്പോൾ മന്ത്രിസഭായോഗം ചേർന്ന് വിവിധ വകുപ്പുകളിലെ താൽക്കാലികക്കാരെ സ്ഥിരപ്പെടുത്തുകയുണ്ടായി. സ്ഥിരപ്പെടുത്തിയത് 10 വർഷം സർവീസുള്ള താൽക്കാലികക്കാരെയാണെന്ന ന്യായമാണ് മുഖ്യമന്ത്രി അവതരിപ്പിക്കുന്നത്. മുഖ്യമന്ത്രിയുടെ ന്യായീകരണത്തിന് നിയമപരമായ എന്ത് പിൻബലമാണുള്ളത്. എംപ്ലോയ്മെൻറ് റൂൾ പ്രകാരം താൽക്കാലിക ജീവനക്കാർക്ക് 179 ദിവസത്തിൽ കൂടുതൽ ജോലി കൊടുക്കുവാൻ പാടില്ല. ശേഷം ആവശ്യമെങ്കിൽ, മറ്റൊരാളെ തൽസ്ഥാനത്ത് ജോലിക്ക് വയ്ക്കാം. എന്നാൽ,പിഎസ്സിലിസ്റ്റ് വന്നാലുടൻ താൽക്കാലിക ജീവനക്കാരെ പിരിച്ചുവിട്ട് പിഎസ്സി ലിസ്റ്റിൽനിന്നും സ്ഥിര നിയമനം നടത്തണം. സംസ്ഥാന സർക്കാരിന്റെ എംപ്ലോയ്മെന്റ് റൂൾ ഇതായിരിക്കവേ, 10 വർഷം താൽക്കാലിക ,കരാർ, ദിവസ വേതന ജീവനക്കാർ സർക്കാർ വകുപ്പുകളിൽ ജോലി ചെയ്തതെങ്ങനെയാണ്. അങ്ങനെ ആരെങ്കിലും ജോലി ചെയ്തിട്ടുണ്ടെങ്കിൽ അത് നിയമ വിരുദ്ധമാണ്. നിയമ വിരുദ്ധമായ ഒരു കാര്യം നടത്തുകയും പിന്നീടത് ഒരവകാശമായി ഉയർത്തുകയും ചെയ്യുന്നത് മറ്റാരുമല്ല, കേരളത്തിന്റെ മുഖ്യമന്ത്രി തന്നെയാണെന്നത് പ്രശ്നത്തിന്റെ ഗൌരവം വർദ്ധിപ്പിക്കുന്നു.

10 വർഷമായ താൽക്കാലിക ജീവനക്കാരെസ്ഥിരപ്പെടുത്താമെന്ന സുപ്രീം കോടതി വിധിയെയാണ് സർക്കാർ അവലംബമാക്കിയതെന്ന് സി.പി.ഐ (എം) നേതാക്കൾ ചാനൽ ചർച്ചകളിലും സോഷ്യൽ മീഡിയ കാമ്പയിനുകളിലും ന്യായീകരിക്കുന്നുണ്ട്. എന്നാൽ, കർണാടക സർക്കാരും ഉമാദേവിയും തമ്മിലുള്ള കേസിലെ വിഖ്യാതമായ സുപ്രീം കോടതി വിധി താൽക്കാലികക്കാരെസ്ഥിരപ്പെടുത്തുന്നത് തടയുകയാണുണ്ടായത്. 2006 ഏപ്രിൽ10ന് വന്ന സുപ്രീം കോടതി വിധിയിൽ പറയുന്നു: 'പൊതു സ്ഥാപനങ്ങളുടെ കീഴിൽ ഉടലെടുക്കുന്ന അവസരങ്ങളിൽ തുല്യത എന്നത് ഭരണഘടനയുടെ അടിസ്ഥാനമാണ്... അടുക്കും ചിട്ടയുമില്ലാത്ത വിധത്തിലും പ്രത്യേകതരം പരിഗണനകൾ നൽകിയും നികത്തേണ്ടതല്ല താൽക്കാലിക ഒഴിവുകൾ... ഭരണഘടനയുടെ 309–ാം വകുപ്പ് പ്രകാരം മാത്രം നിയമനങ്ങൾ നടത്തേണ്ട തൊഴിൽ ദാതാവാണ് സർക്കാർ...ഏറെക്കാലമായി താൽക്കാലികാടിസ്ഥാനത്തിൽ ജോലി

*(ശേഷം 12–ാം പേജിൽ)*

# തൊഴിലില്ലായ്മയുടെ അടിസ്ഥാന കാരണം മുതലാളിത്ത ഉല്പാദന ക്രമം

(11-ാം പേജിൽ നിന്ന്)

ചെയ്യുന്ന എന്നത് അയാൾക്ക് ആ തസ്തികയിലേക്കുള്ള അവകാശമായി മാറുന്നില്ല... പരസ്യം നൽകി, എല്ലാ തൊഴിലന്വേഷകർക്കും അവസരം നൽകി, കൃത്യമായ തെരഞ്ഞെടുപ്പ് ചട്ടങ്ങൾ പാലിച്ച് നിയമനം നടത്തണം... അല്ലെങ്കിൽ അത് ഭരണഘടനയുടെ ലംഘനമാണ്...കരാർ ജോലിയാണെങ്കിൽ, അതിന്റെ സാധുത കരാർ തീരുന്നതോടെ അവസാനിക്കും... അവസാന അവസരമായി നിലവിൽ 10 വർഷം പൂർത്തിയാക്കിയവരെ മാത്രം സ്ഥിരപ്പെടുത്താം. ഈ ഉത്തരവിനു ശേഷം ഒരു തരത്തിലും സ്ഥിരപ്പെടുത്തൽ അനുവദിക്കാനാവില്ല...'

10.4.2006ലെ കോടതി വിധിക്കു ശേഷം താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നത് അനുവദിക്കില്ല എന്ന സുപ്രീം കോടതി വിധി നിലനിൽക്കെയാണ് പിണറായി സർക്കാർ സ്വന്തക്കാരെയും പാർട്ടിക്കാരെയും സ്ഥിരപ്പെടുത്തുന്ന തീരുമാനം കൈക്കൊണ്ടത്.ഇതിനെതിരെ ബി. ടെക് ബിരുദധാരിയും സി.പി.ഒ റാങ്ക് ഹോൾഡറുമായ എം.വിഷ്ണു, ഫെഫ സംസ്ഥാന വർക്കിംഗ് സെക്രട്ടറി ജ്യോതി ലക്ഷ്മി, പ്രവീൺ തുടങ്ങിയ 6 ഉദ്യോഗാർത്ഥികൾ ഹൈക്കോടതിയിൽ കേസ് കൊടുക്കുകയുണ്ടായി. ആ കേസ് പരിഗണിച്ചുകൊണ്ട്, 10 സർക്കാർ സ്ഥാപനങ്ങളിൽ താൽക്കാലികക്കാരെ സ്ഥിരപ്പെടുത്താനുള്ള മന്ത്രിസഭായോഗ തീരുമാനം ഏപ്രിൽ 8 വരെ കോടതി സ്റ്റേ ചെയ്യുകയുണ്ടായി. എന്നിട്ടുപോലും മുഖ്യമന്ത്രി പിണറായി വിജയൻ പ്രഖ്യാപിച്ചത്, അടുത്ത തവണ അധികാരത്തിലെത്തിയാൽ ബാക്കിയുള്ള താൽക്കാലികക്കാരെക്കൂടി സ്ഥിരപ്പെടുത്തും എന്നായിരുന്നു. തികഞ്ഞ ധാർഷ്ട്യത്തോടെ, നിയമവ്യവസ്ഥയെപ്പോലും വെല്ലുവിളിച്ചുകൊണ്ട്, മെറിറ്റിനെ സമ്പൂർണമായി അട്ടിമറിക്കുന്ന പിണറായി സർക്കാരിന്റെ നടപടികൾക്കെതിരെ ശക്തമായ യുവജന രോഷം ഉയരണം.

### നിയമന സമരത്തിൽ യുവാക്കൾക്കൊപ്പം എഐഡിവൈഒ മാത്രം

രാജ്യം അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ സാമൂഹ്യ പ്രശ്നങ്ങളിലൊന്ന് അതിരൂക്ഷമായ തൊഴിലില്ലായ്മയാണ്.ആൾഇന്ത്യാ ഡെമോക്രാറ്റിക് യൂത്ത് ഓർഗനൈസേഷൻ (എഐഡിവൈഒ) തൊഴിലില്ലായ്മയ്ക്കെതിരെ രാജ്യവ്യാപകമായി യുവാക്കളുടെ വീറുറ്റ പ്രക്ഷോഭങ്ങൾ വളർത്തിയെടുക്കുകയാണ്. കേരളത്തിലും തൊഴിൽരഹിതരായ യുവാക്കളോടൊപ്പം ശരിയായ കാഴ്ചപ്പാടുയർത്തിപ്പിടിച്ച്, തികഞ്ഞ ആത്മാർത്ഥതയോടെ എഐഡിവൈഒ സഖാക്കൾ സമരമുഖത്തുണ്ട്. കോവിഡിന്റെ കാലഘട്ടത്തിൽ, തൊഴിലില്ലായ്മ പരിഹരിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് ഓൺലൈനിലൂടെ സംസ്ഥാന കൺവൻഷനും 10 ജില്ലാകളിൽ കൺവൻഷനുകളും സംഘടിപ്പിച്ചു. സാമൂഹ്യ-സാംസ്കാരിക രംഗത്തെ നിരവധി പ്രഗത്ഭർ പങ്കെടുത്ത കൺവൻഷനുകളിൽ പതിനായിരക്കണക്കിന് ഉദ്യോഗാർത്ഥികളാണ് പങ്കാളികളായത്.

ഉദ്യോഗാർത്ഥികൾ സെക്രട്ടേറിയറ്റിനു മുന്നിൽ പ്രക്ഷോഭം ആരംഭിക്കുമ്പോൾതന്നെ അവരോടൊപ്പം ഏതൊരു സഹായത്തിനും എഐഡിവൈഒ പ്രവർത്തകരുമുണ്ടായിരുന്നു. 2015ലെ ദേശീയ ഗെയിംസ് ജേതാക്കൾക്ക് വാഗ്ദാനം ചെയ്ത ജോലി ലഭിക്കാത്തതിനെ തുടർന്ന്, 45 ദിവസം അവർ സെക്രട്ടേറിയറ്റിനു മുന്നിൽ സമരം നടത്തി. ആ സമരത്തിൽ അവരുടെ കൂടെനിന്ന ഏക സംഘടന എഐഡിവൈഒ ആയിരുന്നു. തലമുണ്ഡനം ചെയ്തും ശയനപ്രദക്ഷിണം നടത്തിയും കായികതാരങ്ങൾ സർക്കാരിനു മേൽ കടുത്ത സമ്മർദ്ദം ചെലുത്തി. അവസാനം 45-ാം ദിവസമാണ് നിയമന ഉത്തരവ് ലഭിച്ച് കായിക താരങ്ങൾ ജോലിയിൽ പ്രവേശിച്ചത്. എന്നാൽ, സമരം കഴിഞ്ഞപ്പോൾ എട്ടുകാലി മമ്മൂഞ്ഞിനെപ്പോലെ ഡിവൈഎഫ്ഐ സംസ്ഥാന സെക്രട്ടറി സമര വിജയത്തിന്റെ പിതൃത്വം അവകാശപ്പെട്ട് രംഗത്ത് വന്നിട്ടുണ്ട്. സമരം നടന്ന നാളുകളിൽ ഉദ്യോഗാർത്ഥികളെ നിരന്തരം ആക്ഷേപിക്കുകയും സമരത്തെ തകർക്കാൻ ശ്രമിക്കുകയും ചെയ്ത ഡിവൈഎഫ്ഐ നേതാക്കളിൽ പ്രമുഖനാണ് എ.എ.റഹിം. വിട്ടുവീഴ്ചയില്ലാത്ത പ്രക്ഷോഭത്തിന് വിജയം വരിക്കാനാകും എന്ന ശക്തമായ സന്ദേശമാണ് കായിക താരങ്ങളുടെ സമര വിജയം നൽകുന്നത്. അത് ജനാധിപത്യ പ്രക്ഷോഭത്തിന്റെ വിജയം മാത്രമാണ്.

സപിഒ റാങ്ക് ഹോൾഡേഴ്സിന്റ സമരത്തെ സർവ്വാർത്ഥത്തിലും സഹായിച്ചുകൊണ്ട് എഐഡിവൈഒ അവരോടൊപ്പം അടിയുറച്ച് നിലകൊള്ളുന്നു. എഐഡിവൈഒ സംസ്ഥാന സെക്രട്ടറി സഖാവ് ഇ.വി.പ്രകാശിന്റെ നേതൃത്വത്തിൽ സംസ്ഥാന കമ്മിറ്റിയംഗങ്ങളായ സഖാക്കൾ റ്റി. ഷിജിൻ, എസ്.ശ്രീകുമാർ, ശ്രീകാന്ത് വേണുഗോപാൽ, വി.സുജിത്, കോട്ടയം ജില്ലാ സെക്രട്ടറി അനില ബോസ്, ആശാ രാജ്, എ.ഷൈജു, നിലീന മോഹൻകുമാർ, ഗോവിന്ദ് ശശി, അജിത് മാത്യു, അഞ്ജലി സുരേന്ദ്രൻ എന്നിവർ സമര സംഘാടകരായി പ്രവർത്തിക്കുന്നു. കഴിഞ്ഞ ഒന്നര മാസത്തിലേറെയായി തുടരുന്ന പ്രക്ഷോഭത്തിലൂടെ എഐഡിവൈഒ സഖാക്കളും ഉദ്യോഗാർത്ഥികളും തമ്മിൽ ശക്തമായ സമര സാഹോദര്യം രൂപപ്പെട്ടു വന്നിരിക്കുന്നു. അത് വരുംനാളുകളിലെ യുവജന പ്രക്ഷോഭങ്ങൾക്ക് ശക്തി പകരും.

### നിയമന നിരോധനത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് ഒരേ നയം

കേന്ദ്ര സർക്കാർ വകുപ്പുകളിൽ 8 ലക്ഷം ഒഴിവുകളാണ് നിയമനമില്ലാതെ കിടക്കുന്നത്. അഞ്ചിൽ ഒന്ന് വീതം തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ 24 ശതമാനമായി ഉയർന്നിരിക്കെയാണ് മോദി സർക്കാർ നിയമനങ്ങൾ മരവിപ്പിച്ചിരിക്കുന്നത്. പാർലമെന്റിന്റെ ബജറ്റ് സമ്മേളനത്തിൽ കേന്ദ്ര സഹമന്ത്രി ജിതേന്ദ്ര സിംഗ് അറിയിച്ചത് 2018 മാർച്ച് 1ലെ കണക്കു പ്രകാരം 6.83 ലക്ഷം ഒഴിവുകൾ സർക്കാർ വകുപ്പുകളിൽ ഉണ്ടന്നാണ്. 2019, 20 വർഷങ്ങളിൽ ഒരു ലക്ഷത്തിലേറെപ്പേർ വിരമിച്ചിട്ടുണ്ട്. ഇതിലൊന്നും നിയമനം നടത്തിയിട്ടില്ല. മറുവശത്ത്, കരാർ, താൽക്കാലിക നിയമനങ്ങൾ വ്യാപകമായി നടക്കുന്നുമുണ്ട്. മൂന്നു ലക്ഷം കരാർ ജീവനക്കാരാണ് കേന്ദ്ര സർക്കാർ വകുപ്പുകളിൽ മാത്രം ജോലി ചെയ്യുന്നത്. വിരമിച്ചവരെ ദിവസക്കൂലിക്ക് അതേ വകുപ്പുകളിൽ നിയമിക്കാനും കേന്ദ്ര സർക്കാർ അനുമതി നൽകുകയുണ്ടായി.പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവത്കരണ നടപടികളിലൂടെ വലിയ തോതിൽ തൊഴിലവസരങ്ങൾ ഇല്ലാതാക്കപ്പെട്ടിട്ടുണ്ട്. പ്രതിവർഷം 2 കോടി പുതിയ തൊഴിലുകൾ വാഗ്ദാനം ചെയ്ത് അധികാരത്തിലേറിയ മോദി സർക്കാർ, ലക്ഷക്കണക്കിന് തൊഴിലവസരങ്ങൾ ഇല്ലാതാക്കിക്കൊണ്ട് യുവജനങ്ങളുടെ ഭാവി ഇരുളടഞ്ഞതാക്കിയിരിക്കുന്നു.

കേന്ദ്ര മോദി സർക്കാർ ആവിഷ്ക്കരിച്ച് നടപ്പാക്കുന്ന യുവജന ദ്രോഹനയങ്ങൾ തന്നെയാണ് എൽഡിഎഫ് ഗവൺമെന്റും നടപ്പിലാക്കുന്നത്. 1991 മുതൽ കോൺഗ്രസ് ആവിഷ്ക്കരിച്ച ആഗോളവത്ക്കരണ നയങ്ങളുടെ തുടർച്ചയാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തീവ്രമായി പിന്തുടരുന്നത്. സ്ഥിരം തൊഴിൽ ഇല്ലാതാക്കുക എന്ന കേന്ദ്ര സർക്കാർ നയം, വിട്ടുവീഴ്ചയില്ലാതെ അനുവർത്തിക്കുകയാണ് പിണറായി സർക്കാരും. സേവന-വേതന വ്യവസ്ഥകളോടു കൂടിയ സ്ഥിരം തൊഴിലിനു പകരം 'ഹയർ ആന്റ് ഫയർ ' സമ്പ്രദായം അടിച്ചേൽപ്പിക്കുന്നു. സർക്കാർ വകുപ്പുകളിൽ പരമാവധി കരാർ, താൽക്കാലിക നിയമനങ്ങൾ നടത്തുക എന്നതാണ് കേന്ദ്ര-സം സ്ഥാന സർക്കാരുകളുടെ നയം. പൊതുമേഖലാ സ്ഥാപനങ്ങൾ കോർപ്പറേറ്റുകൾക്ക് തീറെഴുതുന്നതോടെ തൊഴിലാളികളുടെ എണ്ണം വെട്ടിക്കുറയ്ക്കപ്പെടുകയും സ്ഥിരം തൊഴിൽ എന്ന അവകാശംഅസ്തമിക്കുകയുംചെയ്യും.

### തൊഴിലില്ലായ്മ: മുതലാളിത്ത വ്യവസ്ഥയുടെ സൃഷ്ടി

മാനവചരിത്രത്തിൽ മുതലാളിത്ത വ്യവസ്ഥ ഉദയം ചെയ്തതിനുശേഷം പ്രത്യക്ഷപ്പെട്ട ഒരു പ്രതിഭാസമാണ് തൊഴിലില്ലായ്മ. അധ്വാനശക്തി മാത്രം കൈമുതലായുള്ള തികച്ചും സ്വതന്ത്രനായ തൊഴിലാളി ആവിർഭവിച്ചത് മുതലാളിത്ത സാമൂഹ്യ ക്രമത്തോടൊപ്പമാണ്. തൊഴിലാളികളുടെ അധ്വാനഫലം മുതലാളി കവർന്നെടുക്കുന്നതാണ് ലാഭം അഥവാ മിച്ചമൂല്യം. ആ മിച്ച മൂല്യമാണ് മൂലധനം ആയി മാറുന്നത്. തൊഴിലാളിയ്ക്ക് ലഭിക്കേണ്ട കൂലി മുതലാളി കവർന്നെടുക്കുമ്പോൾ തൊഴിലാളിയുടെ വാങ്ങൽ ശേഷി കുറയുകയും മാർക്കറ്റിൽ ഉൽപ്പന്നങ്ങൾ കെട്ടിക്കിടക്കുകയും ചെയ്യും. ഇതിന്റെ ഫലമായി മുതലാളിത്ത - സാമ്രാജ്യത്വ ശക്തികൾ ഗുരുതരമായ കമ്പോള പ്രതിസന്ധിയെ അഭിമുഖീകരിക്കുകയും തങ്ങളുടെ ഉൽപാദനം വെട്ടിക്കുറയ്ക്കാൻ അവർ നിർബന്ധിതരായിത്തീരുകയും ചെയ്യുന്നു. ഉൽപാദനം കുറയ്ക്കുമ്പോൾ സ്വാഭാവികമായി തൊഴിലാളികളെ പിരിച്ചു വിടേണ്ടിവരും. അങ്ങനെ ചരിത്രത്തിലാദ്യമായി ഒരു തൊഴിലില്ലാപ്പട സൃഷ്ടിക്കപ്പെട്ടു. എല്ലാ മുതലാളിത്ത- സാമ്രാജ്യത്വ രാജ്യങ്ങളിലും തൊഴിലില്ലാത്ത കോടാനുകോടി യുവാക്കൾ അതിജീവനത്തിനുവേണ്ടി പൊരുതേണ്ട ഗതികേടിലാണ്. രൂക്ഷമായ കമ്പോള പ്രതിസന്ധിമൂലം മരണാസന്നമായ മുതലാളിത്ത സാമ്രാജ്യത്വത്തിന് പുതിയ തൊഴിലുകളൊന്നും സൃഷ്ടിക്കാനാവില്ല. എന്നു മാത്രമല്ല, നിലവിലുണ്ടായിരുന്ന തൊഴിലുകൾക്കൂടി കവർന്നെടുത്ത് ആയുസ്സ് നീട്ടി എടുക്കുവാനുള്ള തത്രപ്പാടിലാണ് മുതലാളിത്ത വ്യവസ്ഥിതി.

കേന്ദ്രത്തിൽ അധികാരത്തിലിരിക്കുന്ന ബിജെപി സർക്കാരിന്റെ നയനടപടികൾ പരിശോധിച്ചാൽ മേൽപ്പറഞ്ഞ കാര്യങ്ങൾ വസ്തുതയാണെന്ന് ബോധ്യമാകും. പ്രതിവർഷം രണ്ട് കോടി പുതിയ തൊഴിലുകൾ വാഗ്ദാനം ചെയ്ത് അധികാരത്തിലേറിയ നരേന്ദ്ര മോദി സർക്കാർ ഒരു തൊഴിലുപോലും പുതുതായി സൃഷ്ടിക്കാതെ ഉണ്ടായിരുന്ന തൊഴിൽ പോലും ഇല്ലാതാക്കുന്നു. 2018ൽ നാഷണൽ സാമ്പിൾ സർവേ ഓർഗനൈസേഷൻ പറഞ്ഞത്, 45 വർഷത്തിനിടയിലെ ഏറ്റവും രൂക്ഷമായ തൊഴിലില്ലായ്മയിലൂടെയാണ് രാജ്യം കടന്നു പോകുന്നതെന്നാണ്. ഓരോ മണിക്കൂറിലും ഒരു തൊഴിൽ രഹിതൻ ആത്മഹത്യ ചെയ്യുന്നു എന്ന ഞെട്ടിക്കുന്ന കണക്ക് നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോ ഈ അടുത്ത കാലത്ത് പുറത്തുവിടുകയും ചെയ്തു. ഭയാനകമായ നിലയിൽ തൊഴിലില്ലായ്മ വർദ്ധിക്കുമ്പോഴും കാലങ്ങളായി തൊഴിൽ നൽകിപ്പോരുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ കോർപ്പറേറ്റുകൾക്ക് തീറെഴുതുകയാണ് മോദി സർക്കാർ. ഇന്ത്യൻ റെയിൽവേ,ബി.എസ്.എൻ.എൽ, ബി.പി.സി.എൽ തുടങ്ങിയ സർക്കാർ സ്ഥാപനങ്ങൾ കുത്തകകൾക്ക് തീറെഴുതുന്നതിലൂടെ തൊഴിൽനഷ്ടമെന്നത് അതിഗുരുതരമായ നിലയിൽ വർദ്ധിക്കും.

ലാഭാധിഷ്ഠിത ഉൽപാദന സമ്പ്രദായമാണ് തൊഴിലില്ലായ്മ അടക്കമുള്ള സാമൂഹിക പ്രശ്നങ്ങളുടെ അടിസ്ഥാന കാരണം.മുതലാളിത്ത സാമൂഹ്യക്രമം അവസാനിപ്പിച്ച സോവിയറ്റ് യൂണിയനിൽ എല്ലാവർക്കും തൊഴിൽ നൽകിയിരുന്നു എന്നത് പ്രത്യേകം ഓർക്കേണ്ടതാണ്. എല്ലാവർക്കും തൊഴിൽ നൽകിക്കൊണ്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് അടച്ചുപൂട്ടിയ ഏക രാജ്യം സോവിയറ്റ് യൂണിയൻ ആയിരുന്നു. തൊഴിലില്ലായ്മക്കെതിരായ ഏതൊരു പ്രക്ഷോഭവും ഉള്ളടക്കത്തിൽ തൊഴിലില്ലായ്മ സൃഷ്ടിക്കുന്ന മുതലാളിത്ത സാമൂഹ്യ ക്രമത്തിനെതിരായ പോരാട്ടമായി മാറണം. സംസ്ഥാനത്ത് രൂപപ്പെട്ടിട്ടുള്ള യുവജന പ്രക്ഷോഭത്തിന് ആ ദിശയിൽ മുന്നേറാൻ സാധിക്കും. ■

**മൂന്നു ലക്ഷം കരാർ ജീവനക്കാരാണ് കേന്ദ്ര സർക്കാർ വകുപ്പുകളിൽ മാത്രം ജോലി ചെയ്യുന്നത്. വിരമിച്ചവരെ ദിവസക്കൂലിക്ക് അതേ വകുപ്പുകളിൽ നിയമിക്കാനും കേന്ദ്ര സർക്കാർ അനുമതി നൽകുകയുണ്ടായി.പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവത്കരണ നടപടികളിലൂടെ വലിയ തോതിൽ തൊഴിലവസരങ്ങൾ ഇല്ലാതാക്കപ്പെട്ടിട്ടുണ്ട്.**

# 'ബ്ലൂ ഇക്കോണമി 'എന്ന കേന്ദ്രനയവും കേരള സർക്കാരിന്റെ രഹസ്യ ഇടപാടുകളും

**കടൽ മത്സ്യബന്ധനംകൊണ്ട് ഉപജീവനം തേടുന്ന 40 ലക്ഷം തൊഴിലാളികളുണ്ട് ഇന്ത്യയിൽ. അനുബന്ധ തൊഴിലിൽ രണ്ടുകോടി പേരും. ഏതാണ്ട് 10 കോടി മനുഷ്യരുടെ ജീവിത മാർഗമാണ് മത്സ്യബന്ധനം. അതിൽ 90 ശതമാനവും അരപ്പട്ടിണിക്കാരാണുതാനും. അതുകൊണ്ട് തന്നെ ഈ മേഖലയിലെ ഏതൊരു പരിഷ്കാരത്തിന്റെയും മുഖ്യപരിഗണന ഈ വിഭാഗം തൊഴിലാളികളുടെ ജീവിതം മെച്ചപ്പെടുത്തുക എന്നതാവണം. പക്ഷേ കഴിഞ്ഞ ഏതാനും ദശാബ്ദങ്ങളായി, പ്രത്യേകിച്ചും ആഗോളവൽക്കരണ വിനാശ പദ്ധതികൾ ആരംഭിച്ചതിനുശേഷം ക്രമേണ മത്സ്യബന്ധനം കൊണ്ട് ഉപജീവനം കഴിക്കുന്നവരുടെ ജീവിതം തകർക്കുന്ന നടപടികളാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ കൈക്കൊണ്ടുവരുന്നത്.**

ജനരോഷത്തിന് മുന്നിൽ പിൻവലിക്കേണ്ടി വന്നുവെങ്കിലും, ഒരു അമേരിക്കൻ കമ്പനിക്ക് കേരളതീരത്തെ മത്സ്യസമ്പത്ത് വാരിയെടുത്തു കൊണ്ടു പോകാൻ അനുവാദം നൽകിയ കേരള സർക്കാരിന്റെയും, "ബ്ലൂ ഇക്കോണമി" എന്ന പേരിലുള്ള നയരേഖയുമായി നീങ്ങുന്ന കേന്ദ്രസർക്കാരിന്റെയും നീക്കം ഈ ദിശയിലായിരുന്നു.

പ്രതിസന്ധികളിൽനിന്നും കരകയറാൻ പാടുപെടുന്ന കേരളത്തിലെ മത്സ്യബന്ധന മേഖലയെ കൂടുതൽ അപകടത്തിലാക്കുന്ന ഒരു പദ്ധതിയുടെ ഗൂഢനീക്കങ്ങളാണ് അടുത്തിടെ പുറത്തുവന്നത്.

ആഴക്കടൽമത്സ്യബന്ധനത്തിനും മത്സ്യ സംസ്കരണത്തിനും വിപണനത്തിനുംവേണ്ടി ഇഎംസിസി ഗ്ലോബൽ കൺസോർഷ്യം എന്ന അമേരിക്കൻ കമ്പനിയുടെ ഉപ കമ്പനിയായ ഇഎംസിസി ഇന്റർനാഷണൽ(ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡുമായി കേരള സർക്കാരിന്റെ വ്യവസായ വികസന കോർപ്പറേഷനും കേരള ഷിപ്പിങ് ആന്റ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷനും ഒപ്പുവച്ച ധാരണാപത്രത്തിലെ വ്യവസ്ഥകൾ ഏറെ ഗൗരവത്തോടെ കാണേണ്ടതാണ്.

ആഴക്കടൽമത്സ്യബന്ധനത്തിനുള്ള പുതിയ 400 അത്യാധുനിക ട്രോളറുകൾ നിർമ്മിച്ച്, നമ്മുടെ കടലിലെ മത്സ്യങ്ങളെ അരിച്ചു പെറുക്കിയെടുത്ത്, അത് സംസ്കരിച്ച്, സ്വദേശത്തും വിദേശത്തും വിറ്റഴിച്ച് ആയിരക്കണക്കിന് കോടികൾ സമ്പാദിക്കാനുള്ള ഒരു ബൃഹത് പദ്ധതിയാണ് കേരള സർക്കാരിന്റെ മുന്നിൽ ഇഎംസിസി കമ്പനി സമർപ്പിച്ചത്.

ഈ കമ്പനിയുമായി ഒരു ചർച്ചയും കരാറും ഉണ്ടാക്കിയിട്ടില്ലെന്നും അസംബന്ധമായ ആരോപണങ്ങളാണ് ഉന്നയിക്കുന്നതെന്നുമായിരുന്നു സംസ്ഥാന ഫിഷറീസ് വകുപ്പ് മന്ത്രിയുടെയും വ്യവസായ വകുപ്പ് മന്ത്രിയുടെയും ഇതിനെക്കുറിച്ചുള്ള ആദ്യ പ്രതികരണങ്ങൾ.

എന്നാൽ, കുത്തക കമ്പനിയുമായി നടത്തിയ ചർച്ചകളും ധാരണാപത്രവും വ്യവസ്ഥകളും തെളിവു സഹിതം പുറത്തായതോടെ മന്ത്രിമാരും അധികാര കേന്ദ്രങ്ങളും പ്രതിസന്ധിയിലായി. കമ്പനിക്ക് ചേർത്തല പള്ളിപ്പുറത്ത് സർക്കാർ നാലേക്കർ ഭൂമി അനുവദിച്ചത് വ്യവസായ മന്ത്രിക്ക് സമ്മതിക്കേണ്ടി വന്നു.

ലക്ഷക്കണക്കിന് പരമ്പരാഗത മത്സ്യത്തൊഴിലാളികളും ബോട്ടുകളിൽ പണിയെടുക്കുന്ന ആയിരങ്ങളും പതിനായിരക്കണക്കിന് അനുബന്ധ തൊഴിലാളികളും തങ്ങളുടെ ഉപജീവനം കണ്ടെത്തുന്ന, കേരളത്തിലെ മത്സ്യമേഖലയുടെ സമ്പൂർണ്ണ കുത്തകവൽക്കരണമാണ് യഥാർത്ഥത്തിൽ ഈ പദ്ധതിയിലൂടെ ലക്ഷ്യമിട്ടിരുന്നത്.

ബിൽഡ്, ഓൺ, ഓപ്പറേറ്റ് ആന്റ് ട്രാൻസ്ഫർ (ബൂട്ട്) എന്ന വ്യവസ്ഥയിലാണ് ഈ കമ്പനിയെ കേരളതീരത്തേക്ക് കൊണ്ടുവന്നത്. ഇതേ പോലുള്ള വ്യവസ്ഥകൾ മുന്നോട്ട് വച്ചുകൊണ്ടാണ് വിഴിഞ്ഞത്ത് അദാനി വന്നത്. മത്സ്യതൊഴിലാളികളെ ഒഴിപ്പിച്ച് ആ പ്രദേശമാകെ വികസിപ്പിച്ചെന്നാണ് ഈ സർക്കാരുകൾ നമ്മെ ബോധ്യപ്പെടുത്താൻ ശ്രമിക്കുന്നത്. തിരുവനന്തപുരം അന്തർദ്ദേശീയ വിമാനത്താവളവും ഇവർ 'വികസിപ്പിച്ചത്' ഇതേ തന്ത്രത്തിലൂടെ തന്നെയായിരുന്നു.

ആഴക്കടൽ മത്സ്യസമ്പത്ത് കൊള്ളയടിക്കാൻ കുത്തക കമ്പനികളെ ആനയിച്ച് ഇപ്പോൾ നടക്കുന്ന നീക്കങ്ങൾക്ക് "കേരളത്തിന്റെ മത്സ്യമേഖലാ വികസനം" എന്നുതന്നെയാണ് സർക്കാർ പേരിട്ടിരിക്കുന്നതും !

വിദേശ ഫാക്ടറികപ്പലുകളെ ഇന്ത്യൻ സമുദ്രത്തിൽ മീൻ പിടിക്കാൻ അനുവദിച്ചുകൊണ്ടുള്ള പല പദ്ധതികളും കേന്ദ്ര ഗവണ്മെന്റ് ആസൂത്രണം ചെയ്തുകൊണ്ടുവന്നപ്പോഴെല്ലാം മത്സ്യത്തൊഴിലാളികളും സംഘടനകളും ഉയർത്തിയ ശക്തമായ എതിർപ്പിനോടൊപ്പം നിലകൊള്ളേണ്ടി വന്നിട്ടുണ്ട് നമ്മുടെ സർക്കാരുകൾക്ക്. കേന്ദ്ര സർക്കാർ നിയോഗിച്ച ഡോ.മീനാകുമാരി കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം 270 വിദേശ കപ്പലുകൾക്ക് നമ്മുടെ സമുദ്രാതിർത്തിക്കുള്ളിൽ മത്സ്യബന്ധനത്തിന് പെർമിറ്റ് നൽകാൻ തീരുമാനിച്ചപ്പോൾ കേരളത്തിൽ ഉയർന്നുവന്ന അതിശക്തമായ പ്രതിഷേധം ഈ സർക്കാർ മറക്കുന്നത് ആർക്കു വേണ്ടിയാണ് ?

വൻകിട കപ്പലുകൾ വഴിയുള്ള അമിതമായ മത്സ്യചൂഷണം കാരണം രൂക്ഷമായ മത്സ്യക്ഷാമം നേരിടുന്ന കടലിലേക്കാണ് വീണ്ടും ഈ നീക്കം നടത്തിയത്. വൻകിട കമ്പനികളുമായി കരാറുണ്ടാക്കി അവരെ അഴിച്ചുവിട്ടാൽ ടെ പിടിക്കപ്പെടുമ്പോൾ മാത്രം പറയുന്ന പതിവ് പല്ലവികളായി അതു മാറി.

കടലിന്റെ സമ്പത്താകെ സമാഹരിച്ചെടുക്കാനെന്ന ലക്ഷ്യത്തോടെ 2018ൽ ആരംഭിച്ച പ്രക്രിയയുടെ സമാപനം എന്ന നിലയിലാണ് "ബ്ലൂ ഇക്കോണമി" നയം വരുന്നത്. നയരേഖ 2021 ഫെബ്രുവരി 17ന് പ്രസിദ്ധീകരിച്ചതായി അറിയിപ്പ് വരുന്നതിനുമുമ്പ് ലോക ബാങ്ക്, വ്യവസായ പ്രമുഖർ, ഉദ്യോഗസ്ഥ സാങ്കേതിക മേധാവികൾ തുടങ്ങി ഉന്നത ശ്രേണികളിലുള്ളവരുമായി സർക്കാർ വിശദമായ ചർച്ച നടത്തിയിരുന്നു.പക്ഷേ ഈ മേഖലയെ ആശ്രയിച്ച് ജീവസന്ധാരണം നടത്തുന്ന 10 കോടി മനുഷ്യരുടെ പ്രതിനിധികളെ ആരെയും സർക്കാർ കണ്ടില്ല. ഇംഗ്ലീഷിൽ ഇന്റർനെറ്റിൽ പ്രസിദ്ധീകരിച്ച രേഖ പഠിച്ച് അഭിപ്രായം പറയാൻ അവർക്ക് നൽകിയത് വെറും പത്തുദിവസം. തീരക്കടലിന്റെ, ആഴക്കടലിന്റെ സമ്പത്ത് അപ്പാടെ ദേശത്തെയും വിദേശത്തെയും കുത്തക കമ്പനികൾക്ക് ദാനംചെയ്യാൻ അണിയിച്ചൊരുക്കി ആവിഷ്കരിച്ചതാണ് ഈ നയം. ഇപ്പോൾതന്നെ മത്സ്യസമ്പത്തിന്റെ ദൗർലഭ്യവും പ്രകൃതി ക്ഷോഭങ്ങളും കാരണം ഈ തൊഴിലാളികൾ കൊടിയ ദാരിദ്ര്യത്തിലാണ് ജീവിതം തള്ളിനീക്കുന്നത്.

**വിദേശ ഫാക്ടറികപ്പലുകളെ ഇന്ത്യൻ സമുദ്രത്തിൽ മീൻ പിടിക്കാൻ അനുവദിച്ചുകൊണ്ടുള്ള പല പദ്ധതികളും കേന്ദ്ര ഗവണ്മെന്റ് ആസൂത്രണം ചെയ്ത് കൊണ്ടുവന്നപ്പോഴെല്ലാം മത്സ്യത്തൊഴിലാളികളും സംഘടനകളും ഉയർത്തിയ ശക്തമായ എതിർപ്പിനോടൊപ്പം നിലകൊള്ളേണ്ടി വന്നിട്ടുണ്ട് നമ്മുടെ സർക്കാരുകൾക്ക്. കേന്ദ്ര സർക്കാർ നിയോഗിച്ച ഡോ.മീനാകുമാരി കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം 270 വിദേശ കപ്പലുകൾക്ക് നമ്മുടെ സമുദ്രാതിർത്തിക്കുള്ളിൽ മത്സ്യബന്ധനത്തിന് പെർമിറ്റ് നൽകാൻ തീരുമാനിച്ചപ്പോൾ കേരളത്തിൽ ഉയർന്നുവന്ന അതിശക്തമായ പ്രതിഷേധം ഈ സർക്കാർ മറക്കുന്നത് ആർക്കു വേണ്ടിയാണ് ?**

ആഴക്കടൽ മാത്രമല്ല തീരക്കടലും കാലിയാകുമെന്നതല്ലേ നമ്മുടെ അനുഭവം.

പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സ്ഥിരം സംരക്ഷകരായി നമ്മുടെ മുന്നിൽ കയറി നിൽക്കുന്നവർ യഥാർത്ഥത്തിൽ, മത്സ്യതൊഴിലാളികളെ അടിയോടെ വാരി തകർക്കുന്ന നീക്കങ്ങളാണ് നടത്തുന്നത്.

തൊഴിലാളികൾക്ക് ദോഷകരമായതൊന്നും നടപ്പാക്കില്ലെന്ന് ഇവർ ആണയിടും. തെളിവുകളോടെ പിടിക്കപ്പെടുമ്പോൾ ...

കഴിഞ്ഞകാലങ്ങളിൽ കോൺഗ്രസ് സർക്കാരും തുടർന്ന് ബിജെപി സർക്കാരും പിന്തുടർന്ന നയങ്ങളെല്ലാം അങ്ങേയറ്റം ജനദ്രോഹകരമായിരുന്നു. തീരദേശ പരിപാലന നിയമം, വള്ളം അടുപ്പിക്കുന്നതിന് കൊണ്ടുവന്ന നിയന്ത്രണങ്ങൾ, വിദേശ ഫാക്ടറി കപ്പലുകൾക്ക് ആഴക്കടലിൽനിന്ന് നമ്മുടെ മത്സ്യസമ്പത്ത് ഒന്നാകെ വാരി കൊണ്ടുപോകാൻ നൽകിയ അനുവാദങ്ങൾ, മീനാകുമാരി കമ്മീഷൻ റിപ്പോർട്ട് എന്നിവയെല്ലാം മത്സ്യമേഖലയിലെ ചെറുകിട ജീവിതങ്ങളെ തകർക്കുന്നതായിരുന്നു. ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്ന പുതിയ നയം ഈ തകർച്ചയ്ക്ക് ആക്കം കൂട്ടുകയേ ഉള്ളൂ. എന്ന് മാത്രമല്ല, മത്സ്യം, ധാതുക്കൾ, ഇന്ധനം തുടങ്ങിയവയെല്ലാം അപ്പാടെ വലിച്ചെടുത്തു പോകാൻ കുത്തക വ്യവസായികൾക്ക് അവസരമൊരുക്കുക എന്നതും ഇത് ലക്ഷ്യമാക്കുന്നു. വമ്പിച്ച പാരിസ്ഥിതിക പ്രത്യാഘാതങ്ങളുണ്ടാക്കുന്ന നീക്കങ്ങളാണ് ഈ നയത്തിലുള്ളത്. ചെറുകിട മത്സ്യബന്ധനത്തിനും വിപണനത്തിനും വിവിധ നിയന്ത്രണങ്ങൾ കൊണ്ടുവരികയും ചെയ്യും. ഈ നയത്തിന്റെ പരിധിയിൽപ്പെടുന്ന മേഖലകളെല്ലാംതന്നെ വലിയ മുതൽ മുടക്ക് വേണ്ടവയാണ്. സാധാരണക്കാരന് അവിടേക്ക് പ്രവേശനം ഇല്ലതന്നെ. ഈ നയം നടപ്പിലാക്കുന്നതു വഴി തുറമുഖങ്ങളുടെ എണ്ണത്തിലെ വർദ്ധന, വൻതോതിലുള്ള നിർമ്മാണ പ്രവർത്തികൾ എന്നിവമൂലം കടലാക്രമണം രൂക്ഷമാവും. തീരങ്ങൾ കടലെടുത്തു പോകും. തീരദേശജനത കൂടുതൽ പാർശ്വവൽക്കരിക്കപ്പെടും. വിഴിഞ്ഞം തുറമുഖം നിർമാണദശയിൽതന്നെ സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന കെടുതികൾക്ക് തീരദേശജനത ഇരയാവുന്നത് നീറുന്ന ഉദാഹരണമാണ്. ഇത്രയും ദോഷകരമായി ബാധിക്കുന്ന ഒരു നയത്തിന്റെ ചർച്ചാവേളയിൽ സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ എതിർപ്പ് രേഖപ്പെടുത്തുകയോ കേരളജനതയെ ഇതിനെതിരെ ഉണർത്തുകയോ ചെയ്തില്ല എന്നകാര്യം ശ്രദ്ധിക്കേണ്ടതാണ്. എന്നുമാത്രമല്ല, കേരള സർക്കാരും സമാനമായ രീതിയിൽതന്നെ പ്രവർത്തിക്കുന്നു എന്നതിന് തെളിവാണ്, ഇഎംസിസി യുമായി നടന്ന രഹസ്യ ഇടപാടുകൾ സൂചിപ്പിക്കുന്നത്.

കുത്തകകൾക്കായി കാർഷിക മേഖലയിലെ ജീവിതത്തെ തകർക്കുന്ന തരത്തിൽ കൊണ്ടുവന്ന മൂന്ന് നിയമങ്ങളെ പോലെതന്നെ മാരകമാണ് ബ്ലൂ ഇക്കോണമി എന്ന നയവും. കടലും തീരവും അതിനെ ആശ്രയിച്ചുള്ള ജീവിതവും സംരക്ഷിക്കാൻ തീരദേശ ജനത ഒറ്റക്കെട്ടായി കർഷക സമരത്തിന്റെ മാതൃകയിൽ സംഘടിച്ച് പ്രതിരോധനിര സൃഷ്ടിക്കുക എന്ന ഒരേ ഒരു രക്ഷാമാർഗ്ഗം മാത്രമേ അവശേഷിക്കുന്നുള്ളൂ.മത്സ്യമേഖലയിലെ തൊഴിലാളികളും ബഹുജനങ്ങളും സ്വന്തം ജനകീയ സമരസമിതികൾക്ക് രൂപം നൽകി സംഘടിച്ചു കൊണ്ട്, ജാഗ്രതയോടെ നിലകൊള്ളണമെന്നാണ് ഓരോ നിമിഷവും നമ്മെ ഇക്കാര്യങ്ങൾ ഓർമ്മപ്പെടുത്തുന്നത്. ■

# മ്യാൻമറിൽ ജനകീയ പ്രക്ഷോഭം ശക്തമാകുന്നു

**മ്യാൻമർ വീണ്ടും പ്രക്ഷുബ്ധമായിരിക്കുന്നു. സ്റ്റേറ്റ് കൗൺസലർ ആങ് സാൻ സൂക്കിയുടെ നേതൃത്വത്തിലുള്ള, ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ട ഗവണ്മെന്റിനെ ഒരു പട്ടാള അട്ടിമറിയിലൂടെ പുറത്താക്കിക്കൊണ്ട് മ്യാൻമറിലെ സൈനിക ശക്തിയായ തത്മദോവ് ഒരിക്കൽക്കൂടി അധികാരം പിടിച്ചെടുത്തിരിക്കുന്നു. സൂക്കിയും മറ്റ് നാഷണൽ ലീഗ് ഫോർ ഡെമോക്രസി (എൻഎൽഡി) നേതാക്കളും ഗവണ്മെന്റ് ഉദ്യോഗസ്ഥരും അറസ്റ്റുചെയ്യപ്പെട്ടു. എന്നാൽ ഈ അട്ടിമറി മ്യാൻമറിലെ ജനാധിപത്യ സ്നേഹികളായ ജനങ്ങൾ അംഗീകരിച്ചിട്ടില്ല. പട്ടാളത്തിന്റെ ഭീഷണിയും അടിച്ചമർത്തലുമൊക്കെ അവഗണിച്ചുകൊണ്ട് രാജ്യത്തുടനീളം ജനകീയ പ്രതിഷേധം അലയടിക്കുകയാണ്.**

വിദ്യാർത്ഥികൾ, അദ്ധ്യാപകർ, യുവാക്കൾ, വനിതകൾ, തൊഴിലാളികൾ, കർഷകർ തുടങ്ങി എല്ലാ ജനവിഭാഗങ്ങളും ആയിരങ്ങളായി ദിവസേന തെരുവിലിറങ്ങിക്കൊണ്ടിരിക്കുന്നു. നേതാക്കളെവിട്ടയയ്ക്കണമെന്നും സൈനിക സ്വേച്ഛാധിപത്യം അവസാനിപ്പിക്കണമെന്നും ജനാധിപത്യം പുനസ്ഥാപിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് 2020 ഫെബ്രുവരി 7ന് യാംഗങ്ങിൽ പതിനായിരങ്ങൾ പ്രകടനംനടത്തി. നേരായി ചിന്തിക്കുന്ന അന്തർദ്ദേശീയ സമൂഹവും സൈനിക അട്ടിമറിയെ ശക്തമായി അപലപിക്കുകയും ജനങ്ങളുടെ ന്യായമായ പ്രക്ഷോഭത്തോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്.

## ഇപ്പോഴത്തെ പ്രക്ഷോഭത്തിന്റെ പശ്ചാത്തലം

2020 നവംബറിൽ നടന്ന തെരഞ്ഞെടുപ്പിൽ സൈനിക പിന്തുണയുള്ള യൂണിയൻ സോളിഡാരിറ്റി ആന്റ് ഡവലപ്പ്മെന്റ് പാർട്ടി(യുഎസ്ഡിപി)ക്കെതിരെ സൂക്കി നയിച്ച എൻഎൽഡി വൻ വിജയം നേടുകയുണ്ടായി. തെരഞ്ഞെടുപ്പിൽ കൃത്രിമം നടന്നുവെന്നും പരാതിപ്പെട്ടിട്ട് യാതൊരു നടപടിയും കൈക്കൊണ്ടില്ലെന്നുമായിരുന്നു അട്ടിമറിക്ക് ന്യായീകരണമായി പട്ടാളം പറഞ്ഞത്. എന്നാൽ, കൃത്രിമം നടന്നതിന് തെളിവൊന്നുമില്ലെന്ന് തെരഞ്ഞെടുപ്പ് കമ്മീഷനും ദേശീയ, അന്തർദ്ദേശീയ മാദ്ധ്യമങ്ങളും സ്ഥിരീകരിച്ചിരുന്നു. 2008ലെ ഭരണഘടനയാകട്ടെ ദേശീയ രാഷ്ട്രീയത്തിൽ സൈന്യത്തിന് മുൻതൂക്കം നൽകുന്നതാണ്. 644 അംഗ പാർലമെന്റിൽ 166 സീറ്റ്, അതായത് 25 ശതമാനം, സൈന്യത്തിനായി നീക്കിവച്ചിരുന്നു. ബാക്കി 476 സീറ്റുകളിലേയ്ക്ക് മാത്രമാണ് തെരഞ്ഞെടുപ്പ് നടക്കുന്നത്. ആഭ്യന്തരം, പ്രതിരോധം, അതിർത്തി കാര്യങ്ങൾ എന്നീ സുപ്രധാന വകുപ്പുകളും സൈന്യത്തിന്റെ നിയന്ത്രണത്തിലായിരുന്നു. ഭരണഘടനാ ഭേദഗതികളിൽ സൈന്യത്തിന് വീറ്റോ അധികാരവും നൽകിയിട്ടുണ്ട്. പിൻവാതിലിലൂടെ അധികാരം പിടിച്ചടക്കാൻ സൈന്യത്തിന് പഴുത് നൽകുന്ന ഈ ഭരണഘടനാ വ്യവസ്ഥകളുടെ ചുവടുപിടിച്ചാണ് പട്ടാളം, തെരഞ്ഞെടുക്കപ്പെട്ട ഗവണ്മെന്റിനെ അട്ടിമറിച്ച് രാജ്യത്തിന്റെ അധികാരം കൈക്കലാക്കിയത്. അടിയന്തര സാഹചര്യം പരിഗണിച്ച് ഒരു വർഷത്തേയ്ക്ക് അധികാരം ഏറ്റെടുക്കുന്നുവെന്നും ഒരു വർഷത്തിനുള്ളിൽ തെരഞ്ഞെടുപ്പ് നടത്തി ജനാധിപത്യ മാർഗത്തിൽ അധികാരത്തിലെത്തുന്ന ഗവണ്മെന്റിന് അധികാരം കൈമാറുമെന്നുമുള്ള സൈന്യത്തിന്റെ ഭാഷ്യം, മുൻകാല അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ, വിശ്വസിക്കുവാൻ ജനങ്ങൾ തയ്യാറല്ല.

## പാതിവെന്ത ദേശീയ പ്രസ്ഥാനം

ബർമ എന്നറിയപ്പെട്ടിരുന്ന മ്യാൻമർ 1948 ജനുവരി 4ന് ബ്രിട്ടീഷ് സാമ്രാജ്യത്വ ശക്തിയിൽ നിന്ന് രാഷ്ട്രീയ സ്വാതന്ത്ര്യം നേടുന്നത് സാമ്രാജ്യത്വ വിരുദ്ധ സ്വാതന്ത്ര്യ സമരത്തിലൂടെയാണ്. അതിന് നേതൃത്വം നൽകിയ ദേശീയ നേതാക്കളിൽ പ്രമുഖനായിരുന്ന ജനറൽ ആംഗ് സാൻ. സ്വാതന്ത്ര്യം നേടി ഒരു പരമാധികാര ബൂർഷ്വാ രാഷ്ട്രമായിത്തീരുന്നതിനുമുമ്പ് വിവിധ വംശീയ വിഭാഗങ്ങളും ജനറൽ ആംഗ് സാനെപ്പോലുള്ള സൈനിക ഓഫീസർമാരുമൊക്കെ സായുധ പോരാട്ടം നയിച്ചിരുന്നു. എന്നാൽ പിന്നീട്, ആംഗ് സാൻ, സിവിലിയൻ പ്രസ്ഥാനമായ ആന്റി ഫാസിസ്റ്റ് പീപ്പിൾസ് ഫ്രീഡം ലീഗിൽ (എഎഫ്പിഎഫ്എൽ) ചേരുകയുണ്ടായി. പ്രക്ഷോഭകാരികളുടെ വിവിധ വംശീയ ഗ്രൂപ്പുകളെയും വിഘടനവാദികളായ രാഷ്ട്രീയ ശക്തികളെയും ഒരു വിശാല വേദിയിൽ അണിനിരത്താൻ ആ പ്രസ്ഥാനം ശ്രമിച്ചിരുന്നു. പരസ്പരം കലഹിച്ചിരുന്ന ഈ വംശീയഗ്രൂപ്പുകളെയെല്ലാം പീപ്പിൾസ് വോളന്റിയർ ഓർഗനൈസേഷൻ (പിവിഒ) എന്ന ഒരു അർദ്ധസൈനിക സംഘടനയിൽ ഒന്നിപ്പിക്കാനും അവർ ശ്രമിച്ചു. പരസ്പര വിരുദ്ധമായ ഈ വിഭാഗങ്ങളെയെല്ലാം ഒന്നിച്ചണിനിരത്താനുള്ള ഈ ശ്രമത്തിനിടയിൽ എഎഫ്പിഎഫ്എൽ നേതൃത്വം പല വിട്ടുവീഴ്ചകൾക്കും തയ്യാറാകുകയും അത് സമരത്തെ ദുർബലപ്പെടുത്തുകയും ചെയ്തു. 1947 ജൂലൈ മാസത്തിൽ ആംഗ് സാൻ കൊല്ലപ്പെടുകയും ചെയ്തു.

മ്യാൻമറിൽ സ്വാതന്ത്ര്യ സമരം നടക്കുമ്പോൾ ചരിത്രപരമായി ലോകം സാമ്രാജ്യത്വത്തിന്റെയും തൊഴിലാളവർഗ വിപ്ലവത്തിന്റെയും യുഗത്തിലേയ്ക്ക് പ്രവേശിച്ചു കഴിഞ്ഞിരുന്നു എന്നതുകൊണ്ടു തന്നെ ലോക മുതലാളിത്തം പുരോഗമന സ്വഭാവം നഷ്ടപ്പെട്ട് ഒരു പിന്തിരിപ്പൻ ശക്തിയായി മാറിക്കഴിഞ്ഞിരുന്നു. അതിനാൽ, ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെയും ഏഷ്യൻ-ആഫ്രിക്കൻ രാജ്യങ്ങളിലെയും കോളനി വാഴ്ചയ്ക്കെതിരായ സമരത്തിൽ ഏർപ്പെട്ടിരുന്ന മുതലാളി വർഗത്തിന് വീര്യം നഷ്ടപ്പെടുകയും മുതലാളിത്തവിരുദ്ധ സോഷ്യലിസ്റ്റ് വിപ്ലവത്തെക്കുറിച്ചുള്ള ഭീതിയാൽ സാമ്രാജ്യത്വവും ജന്മിത്തവുമായി സന്ധിചെയ്തുകൊണ്ട് അധികാരം നേടിയെടുക്കാനുള്ള ശ്രമം ആരംഭിക്കുകയും ചെയ്തിരുന്നു. അതിനാൽ നമ്മുടേതടക്കം ഈ രാജ്യങ്ങളിലെയെല്ലാം ബൂർഷ്വാ ജനാധിപത്യ വിപ്ലവ മുന്നേറ്റങ്ങളും രാഷ്ട്ര നിർമാണ പ്രക്രിയയും പാതിവെന്ത നിലയിൽ പര്യവസാനിക്കുകയാണുണ്ടായത്. ബ്രിട്ടീഷ് സാമ്രാജ്യത്വം ഇന്ത്യയിലെപ്പോലെതന്നെ മ്യാൻമറിലെയും സന്ധിമനോഭാവം പേറുന്ന മുതലാളിവർഗത്തിന് അധികാരം കൈമാറുകയാണുണ്ടായത്. ഈ പശ്ചാത്തലത്തിലാണ് ഒരു പരമാധികാര മുതലാളിത്ത രാഷ്ട്രമായി മാറിയിട്ടും മ്യാൻമറിന്റെ സാമൂഹ്യ-രാഷ്ട്രീയ അന്തരീക്ഷം അസ്ഥിരതയുടേതായി തുടർന്നത്.

## തത്മദോവ് രംഗത്തുവന്നതെങ്ങനെ

തത്മദോവ് എന്നറിയപ്പെടുന്ന ബർമ്മയിലെ സായുധ സേനയ്ക്ക് ഉയർന്നുവരുന്ന മുതലാളി വർഗ്ഗത്തിന്റെ പിന്തുണയുണ്ടായിരുന്നു. അവർ ബർമയുടെ സ്വാതന്ത്ര്യസമരത്തിൽ സുപ്രധാനമായ പങ്ക് വഹിക്കുകയും ചെയ്തു. രാഷ്ട്രീയ സ്വാതന്ത്ര്യത്തിന്റെയും ജനാധിപത്യ സംവിധാനത്തിന്റെയും സംരക്ഷകരെന്നനിലയിലാണ് അവരെ ജനങ്ങൾ വീക്ഷിച്ചത്. 1958ൽ എഎഫ്പിഎഫ്എൽ പിളർന്നതോടെ ഒരു പട്ടാള അട്ടിമറിയുടെ ഭീഷണി ഉയർന്നു. സ്ഥിതിഗതികൾ നിയന്ത്രണ വിധേയമാക്കുന്നതിനായി സൈന്യത്തെ വിളിച്ച് ഒരു താത്ക്കാലിക ഗവണ്മെന്റുണ്ടാക്കാൻ അന്ന് നിലവിലിരുന്ന ഗവണ്മെന്റ് നിർബ്ബന്ധിതമായി. 1958 ഒക്ടോബർ 27ന് അവർ അധികാരമേറ്റു. അന്നുമുതലാണ് ഭരണഘടനാനുസൃതമെന്ന് തോന്നുംവിധമുള്ള സൈനിക വാഴ്ചയുടെ പാരമ്പര്യം മ്യാൻമറിൽ തുടങ്ങുന്നത്. താത്കാലിക ഗവണ്മെന്റ് തുടക്കത്തിൽ മുൻഗാമികളുടെ പാതയാണ് സ്വീകരിച്ചത്. അഴിമതി തടയാനും ഭരണ കാര്യക്ഷമത വർദ്ധിപ്പിക്കാനും പ്രാദേശിക വിഘടനവാദ സേനകളെ അമർച്ചചെയ്യാനുമൊക്കെ ശ്രമമുണ്ടായി. ഈ കാലയളവിൽ വോട്ടുചെയ്യാനും തെരഞ്ഞെടുക്കപ്പെടുവാനുമൊക്കെയുള്ള അവകാശം പൗരന്മാർക്ക് നൽകുന്നതുപോലുള്ള ജനാധിപത്യ പരിഷ്കരണങ്ങളൊക്കെ നടന്നു. 1960 ലെ തെരഞ്ഞെടുപ്പിനെത്തുടർന്ന് ഒരു സിവിലിയൻ ഗവണ്മെന്റ് രൂപീകരിക്കുകയും ചെയ്തു. എന്നാൽ അതുകൊണ്ടൊന്നും സ്ഥിതിഗതികൾ മെച്ചപ്പെട്ടില്ലെന്നുമാത്രമല്ല ദേശീയോദ്ഗ്രഥന പ്രക്രിയ അപകടത്തിലാകുകയും ചെയ്തു. 1962 മാർച്ച് 2ന് ഒരു പട്ടാള അട്ടിമറി നടത്താൻ ഇത് സൈന്യത്തിന് അവസരം നൽകി. ഇതോടെ ജനാധിപത്യ ഗവണ്മെന്റ് ഇല്ലാതാകുകയും നേരിട്ടുള്ള സൈനിക ഭരണം ആരംഭിക്കുകയും ചെയ്തു. 1988 വരെ അത് തുടർന്നു. സ്ഥിരവും ശക്തവുമായ ഒരു ഗവണ്മെന്റിനുകീഴിൽ കഴിയുന്നത്ര സുഗമമായി മുതലാളിത്ത ദൃഢീകരണം നടത്താൻ സൈനിക വാഴ്ച സഹായകമാണെന്ന് മ്യാൻമറിലെ മുതലാളിവർഗം തിരിച്ചറിഞ്ഞു. അവരുടെ ഈ വർഗ താല്പര്യമാണ് സൈന്യത്തെ അധികാരത്തിലെത്തിച്ചതും നിലനിർത്തിയതുമൊക്കെ.

## യഥാർത്ഥ നേതൃത്വമായി സൂക്കിയുടെ ഉദയം

ഇതിനിടയിലാണ്, സ്വാതന്ത്ര്യസമര നായകനായ ആംഗ് സാന്റെ പുത്രിയായ ആംഗ് സാൻ സൂക്കി വലിയ പ്രശസ്തി നേടുകയും രാജ്യത്ത് ജനാധിപത്യ വാഴ്ച പുനസ്ഥാപിക്കുന്നതിനുവേണ്ടിയുള്ള സമർപ്പിത പോരാട്ടത്തിലൂടെ യഥാർത്ഥ ജനനേതാവായി ഉയർന്നുവരികയും ചെയ്തത്. സൂക്കിക്ക് ജനങ്ങളുടെയിടയിൽ അംഗീകാരം വർദ്ധിച്ചുവരുന്നുവെന്ന് മനസ്സിലാക്കിയ സൈനിക ഭരണകൂടം 1989 വരെ നീണ്ട പതിനഞ്ചുവർഷക്കാലം അവരെ വീട്ടുതടങ്കലിൽ പാർപ്പിക്കുകയും ചെയ്തു. എന്നാൽ ജനകീയസമ്മർദ്ദത്തെത്തുടർന്ന് 2010ൽ അവരെ മോചിപ്പിക്കാൻ സൈന്യം നിർബന്ധിതമായി. വീട്ടുതടങ്കലിൽ കഴിയവെ 1991ൽ നോബൽ സമ്മാനിതയായ സൂക്കി "ശക്തിഹീനരുടെ കരുത്തിന്റെ പ്രതീക" മെന്ന് വിശേഷിപ്പിക്കപ്പെട്ടു.

കാലംചെല്ലുംതോറും സൈനിക ഭരണത്തിന്റെ ഏകാധിപത്യമുഖം കൂടുതൽകൂടുതൽ വെളിപ്പെടുകയും ജനകീയ മുന്നേറ്റത്തിലൂടെ പട്ടാള ഭരണത്തിന് അന്ത്യം കുറിക്കപ്പെടുകയും ചെയ്തു. 2010ൽ പൊതുതെരഞ്ഞെടുപ്പ് നടക്കുകയും 2011ൽ പട്ടാളഭരണം ഔദ്യോഗികമായിത്തന്നെ അവസാനിപ്പിച്ചുകൊണ്ട് പേരിന് ഒരു സിവിലിയൻ ഗവണ്മെന്റ് നിലവിൽ വരികയും ചെയ്തു. തുടർന്ന് നിരവധി ജനാധിപത്യ പരിഷ്കരണങ്ങൾ കൈക്കൊള്ളുകയുണ്ടായി. "അച്ചടക്കം പൂത്തുലയുന്ന ജനാധിപത്യം" എന്നാണ് സൈന്യം ഇതിനെ വിശേഷിപ്പിച്ചത്. മ്യാൻമർ ജനതയുടെയും ലോകപൊതുജനാഭിപ്രായത്തിന്റെയും സമ്മർദ്ദംമൂലം ഒരു പ്രത്യേക തരത്തിൽ ജനാധിപത്യത്തെ അംഗീകരിക്കാൻ സൈന്യം തയ്യാറായി. 2015ലെ പൊതുതെരഞ്ഞെടുപ്പിൽ സൂക്കിയുടെ നേതൃത്വത്തിലുള്ള എൻഎൽഡി വൻ ഭൂരിപക്ഷത്തോടെ അധികാരത്തിലെത്തി. സൈന്യമാകട്ടെ എതിർപ്പൊന്നും പ്രകടിപ്പിച്ചുമില്ല. സൂക്കിയും സൈന്യവും തമ്മിൽ ധാരണയിലാണെന്ന അഭ്യൂഹം പോലും ഉയർന്നു. എന്നാൽ സൂക്കിയുടെ മക്കൾ വിദേശപൗരത്വമുള്ളവരായതിനാൽ മ്യാൻമറിലെ ഭരണഘടനയനുസരിച്ച് അവർക്ക് പ്രസിഡന്റുപദം നിഷേധിക്കപ്പെട്ടു. എന്നാൽ യഥാർത്ഥ നേതാവെന്ന നിലയിൽ അവർ വലിയ അംഗീകാരം നേടുകയും സ്റ്റേറ്റ് കൗൺസലർ എന്ന ഔദ്യോഗിക പദവിയിൽ അവരോധിക്കപ്പെടുകയും ചെയ്തു.




## റോഹിംഗ്യൻ പ്രശ്നത്തിൽ സൂക്കി വിമർശനം നേരിട്ടു

പ്രധാനമായും മുസ്ലീം വംശീയ ന്യൂനപക്ഷത്തിൽപ്പെട്ട റോഹിംഗ്യകൾ നിരന്തരമായ പീഡനങ്ങൾക്കും അടിച്ചമർത്തലിനും വിധേയരായിട്ടുള്ളവരാണ്. സൈനിക സുരക്ഷാസേന ഇവർക്കുമേൽ നടത്തിയ ക്രൂരമായ അടിച്ചമർത്തലിനോട് അനുരഞ്ജകനിലപാട് സ്വീകരിച്ചതിന്റെ പേരിൽ സൂക്കി അന്തർദ്ദേശീയ തലത്തിൽത്തന്നെ വലിയ വിമർശനങ്ങൾക്ക് വിധേയയായിരുന്നു. 2017ൽ രാഖൈൻ സ്റ്റേറ്റിൽ പോലീസ് സ്റ്റേഷനുകൾ

(ശേഷം 15–ാം പേജിൽ)

# എസ്‌യുസിഐ(സി) സ്ഥാനാർത്ഥികൾ താഴെ കൊടുത്തിട്ടുള്ള ജനകീയ ആവശ്യകതകൾ നേടിയെടുക്കാനായി നിലകൊള്ളും. തെരഞ്ഞെടുക്കപ്പെട്ടാൽ ജനപ്രതിനിധി എന്ന പദവിയും ഈ ലക്ഷ്യത്തിനായി വിനിയോഗിക്കും

1. മുതലാളിമാരുടെ ആസ്തി വർദ്ധിപ്പിക്കാൻവേണ്ടി മാത്രമായി കഴിഞ്ഞ രണ്ടര പതിറ്റാണ്ടായി നടപ്പാക്കുന്ന ജനവിരുദ്ധമായ സാമ്പത്തിക നയ നടപടികൾ പൂർണ്ണമായി പിൻവലിക്കും. സർക്കാർ ഖജനാവിലെ പണവും രാജ്യത്തിന്റെ പ്രകൃതിവിഭവങ്ങളും മുതലാളിമാരുടെ വികസനത്തിനുവേണ്ടിയല്ല, ജനക്ഷേമത്തിനുവേണ്ടിയുള്ളതാണെന്ന സമീപനം അടിസ്ഥാനമായി സ്വീകരിച്ചുകൊണ്ട് സാമ്പത്തിക നയങ്ങൾ കൈക്കൊള്ളും.

2. ബഹുഭൂരിപക്ഷം വരുന്ന സാധാരണ ജനങ്ങളെ ഭീമമായ നികുതിഭാരത്തിൽനിന്ന് മോചിപ്പിക്കും. സമ്പന്നരുടെ സ്വത്തിന്റെയും വരുമാനത്തിന്റെയുംമേൽ നികുതി ചുമത്തും. നികുതി നൽകാതെ അതിസമ്പന്നർ കുന്നുകൂട്ടിയിട്ടുള്ള മുഴുവൻ കള്ളപ്പണവും പിടിച്ചെടുക്കും. സംസ്ഥാനത്തെ കടവിമുക്തമാക്കും.

3. കാർഷികോൽപ്പന്നങ്ങൾക്ക് ന്യായവില നൽകി കർഷകരിൽനിന്ന് സംഭരിക്കും. ഇടനിലക്കാരെ പൂർണ്ണമായും ഒഴിവാക്കി നിത്യോപയോഗ സാധനങ്ങളുടെ മൊത്ത-ചില്ലറ വ്യാപാരം സമ്പൂർണ്ണ സ്റ്റേറ്റ് ട്രേഡിംഗിന് കീഴിലാക്കിക്കൊണ്ട് വിലവർദ്ധന തടയും.

4. ജനക്ഷേമത്തിനുവേണ്ടിയുള്ള പൊതുസംവിധാനങ്ങൾ വിപുലീകരിക്കുകയും വ്യാപിപ്പിക്കുകയും ചെയ്തുകൊണ്ടും ഉൽപ്പാദനരംഗം ശക്തിപ്പെടുത്തിയും തൊഴിലവസരങ്ങൾ സൃഷ്ടിക്കും. അപ്രഖ്യാപിത നിയമന നിരോധന ഉത്തരവുകൾ പിൻവലിക്കും. നിലവിലുള്ള ഒഴിവുകൾ നികത്തും. പുതിയ തസ്തികകൾ സൃഷ്ടിക്കും. പിൻവാതിൽ നിയമനം അവസാനിപ്പിക്കും.

5.വർഗ്ഗീയ-ജാതീയ-വിഭാഗീയ വികാരങ്ങൾ കത്തിയാളിക്കാൻ ശ്രമിക്കുന്ന ശക്തികളെ ജനാധിപത്യ നിയമവാഴ്ച ഉപയോഗപ്പെടുത്തി നേരിടും. വർഗ്ഗീയ- ജാതീയ-വിഭാഗീയ മനോഭാവങ്ങളുടെ വ്യാപനത്തിൽ നിന്ന് തലമുറകളെ മോചിപ്പിക്കുവാനുള്ള ജനാധിപത്യ വൽക്കരണത്തിന് ഉതകുന്ന സാമൂഹ്യ നയങ്ങൾ ആവിഷ്കരിക്കും. ശ്രീനാരായണഗുരു, ചട്ടമ്പിസ്വാമികൾ, അയ്യൻകാളി, പണ്ഡിറ്റ് കറുപ്പൻ, സഹോദരൻ അയ്യപ്പൻ, പൊയ്കയിൽ യോഹന്നാൻ, വി.ടി. ഭട്ടതിരിപ്പാട് തുടങ്ങി മുഴുവൻ നവോത്ഥാന നായകന്മാരെയും സംബന്ധിച്ചുള്ള യഥാർത്ഥചരിത്ര വസ്തുതകൾ പ്രചരിപ്പിച്ചുകൊണ്ട് നവോത്ഥാന കടമകൾ പൂർത്തീകരിക്കുവാൻ വേണ്ടിയുള്ള നയ-നടപടികൾക്കുവേണ്ടി നിലകൊള്ളും.

6. അഴിമതിക്കെതിരെ ശക്തമായ ശിക്ഷാനടപടികൾ കൈക്കൊള്ളുന്നതോടൊപ്പം ബഹുജനങ്ങളെ അണിനിരത്തിക്കൊണ്ടുള്ള ഒരു ജനാധിപത്യപ്രസ്ഥാനം സംഘടിപ്പിക്കും. സത്യസന്ധവും വിശ്വാസയോഗ്യവുമായ ചരിത്രമുള്ള സാമൂഹ്യ വ്യക്തിത്വങ്ങളുടെ നേതൃത്വത്തിൽ എല്ലാ തലങ്ങളിലും ജനങ്ങളുടെ ജാഗ്രതാ സമിതികൾക്ക് രൂപം നൽകും.

7. 1986ലെ ദേശീയ വിദ്യാഭ്യാസ നയത്തിൽ തുടങ്ങി ഡി.പി.ഇ.പി., എസ്.എസ്.എ, ആർ.എം.എസ്.എ, റൂസ തുടങ്ങിയ പരിഷ്ക്കാരങ്ങളിലൂടെ തകർക്കപ്പെട്ട പൊതുവിദ്യാഭ്യാസത്തെ പുനഃസ്ഥാപിച്ച് സാധാരണക്കാരുടെ കുട്ടികൾക്ക് ശാസ്ത്രീയ-മതേതര- സാർവ്വത്രിക വിദ്യാഭ്യാസം സൗജന്യമായി നൽകും.

8. മദ്യം, മയക്കുമരുന്നുകൾ തുടങ്ങിയ മാരകമായ ലഹരിവസ്തുക്കളുടെ വ്യാപനം തടയുവാനുള്ള നിയമ നിർമ്മാണത്തിനുവേണ്ടി നിലകൊള്ളും.

9. അശ്ലീലത, ലൈംഗീക വൈകൃതങ്ങൾ തുടങ്ങിയ വൈകല്യങ്ങളിൽനിന്ന് വിദ്യാർത്ഥി-യുവജന വിഭാഗങ്ങളെ മോചിപ്പിക്കുവാൻവേണ്ട നയനടപടികൾക്കുവേണ്ടി നിലകൊള്ളും.

10. സ്ത്രീകൾക്കും കുട്ടികൾക്കും നേരേ വ്യാപകമാകുന്ന അതിക്രമങ്ങൾ തടയുവാൻ സർവ്വമേഖലകളിലും കർശന നിയമ നടപടികൾ കൈക്കൊള്ളുവാൻ വേണ്ടി നിലകൊള്ളും. സ്ത്രീപീഡന, കൊലപാതക കേസുകളിലെ മുഴുവൻ പ്രതികളെയും നിയമത്തിനുമുന്നിൽ കൊണ്ടുവരാനും മാതൃകാപരമായി ശിക്ഷിക്കുവാനും വേണ്ടി നിലകൊള്ളും.

11. കേരളത്തിലെ എല്ലാ ജില്ലകളിലും അത്യാധുനിക സൗകര്യങ്ങളോടുകൂടിയ മെഡിക്കൽ കോളേജുകളും സുസജ്ജമായ ജില്ലാ ആശുപത്രികളും യാഥാർത്ഥ്യമാക്കുവാൻവേണ്ടി നിലകൊള്ളും. അർഹരായവർക്കെല്ലാം സൗജന്യ ചികിത്സ ഉറപ്പാക്കും. ആരോഗ്യമേഖലയിലെ നിലവിലുള്ള മുഴുവൻ ഒഴിവുകളും നികത്തും.

12. വിദ്യാഭ്യാസ വായ്പകൾ സമ്പൂർണ്ണമായി എഴുതിത്തള്ളുവാനുള്ള നിയമ നിർമ്മാണത്തിനുവേണ്ടി നിലകൊള്ളും.

13. വിവിധ ആവശ്യങ്ങൾക്കുവേണ്ടി ഖനനം ചെയ്ത് ഫലശൂന്യമായിത്തീർന്ന കൃഷിഭൂമികളും തരിശുഭൂമികളും കൃഷിയോഗ്യമാക്കുകയും കാർഷികമേഖലകളോട് ബന്ധിപ്പിച്ചുകൊണ്ടുള്ള ശാസ്ത്രീയ കന്നുകാലി വളർത്തലും പാൽവിതരണ സംവിധാനങ്ങളും സൃഷ്ടിക്കുവാൻ വേണ്ട നയ-നടപടികൾ ആവിഷ്ക്കരിക്കുവാനായി നിലകൊള്ളും. കർഷകരുടെ മുഴുവൻ കടങ്ങളും എഴുതിത്തള്ളുവാൻ വേണ്ട നിയമനിർമ്മാണത്തിനുവേണ്ടി നിലകൊള്ളും.

14. കർഷകത്തൊഴിലാളികളെ സർക്കാർ രജിസ്റ്ററിൽ കൊണ്ടുവരാനും മാസശമ്പളം നിർണ്ണയിക്കുവാനും പെൻഷൻ അനുവദിക്കുവാനും കാർഷികമേഖലയോടുചേർന്ന് സൗജന്യ മെസ്സുകൾ സ്ഥാപിക്കുവാനും അവശ്യമായ നിയമ നിർമ്മാണത്തിനുവേണ്ടി നിലകൊള്ളും.

15. ചെറുകിട-പരമ്പരാഗത വ്യവസായം ശാസ്ത്രീയമായി പുനഃസംഘടിപ്പിക്കും. സ്ഥിര സ്വഭാവത്തിലുള്ള കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ ഉതകുന്ന നിയമനിർമ്മാണത്തിനുവേണ്ടി നിലകൊള്ളും.

16. ഭൂരഹിതരായ ആദിവാസി-ദളിത് ജനവിഭാഗങ്ങൾക്കും ഇതര ദരിദ്രജനവിഭാഗങ്ങൾക്കും കൃഷിയോഗ്യമായ ഭൂമി നൽകുവാൻവേണ്ടി നിലകൊള്ളും.

17. ബി.ഒ.റ്റി. സമ്പ്രദായം മാറ്റിക്കൊണ്ട് 30.5 മീറ്ററിൽ നാലുവരിപ്പാത നാഷണൽ ഹൈവേ അതോറിറ്റിയെക്കൊണ്ട് നിർമ്മിച്ച് സംസ്ഥാനത്തിന്റെ ഗതാഗത പ്രശ്നം പരിഹരിക്കാനുള്ള നിയമനിർമ്മാണത്തിനുവേണ്ടി നിലകൊള്ളും.

18. പ്രകൃതിയെയും പരിസ്ഥിതിയെയും ജലസ്രോതസ്സുകളെയും സംരക്ഷിക്കും.

19. പ്രകൃതി ദുരന്തങ്ങൾ ഒഴിവാക്കുന്നതിനും നേരിടുന്നതിനും ശാസ്ത്രീയ പദ്ധതികൾ ആവിഷ്കരിക്കും.

20. ഭരണത്തിലെ കൺസൾട്ടൻസി രാജ് അവസാനിപ്പിക്കും.

## മ്യാൻമർ പ്രക്ഷോഭം...

(14-ാം പേജിൽ നിന്ന്)

ആക്രമിക്കപ്പെട്ടതിനെത്തുടർന്ന് സൈന്യം നടത്തിയ അടിച്ചമർത്തലിൽ ആയിരക്കണക്കിന് റോഹിംഗ്യകൾ ബംഗ്ലാദേശിലേയ്ക്ക് പലായനം ചെയ്തു. ഇതിനെ ന്യായീകരിച്ചതിന്റെ പേരിൽ സൂക്കിക്ക് അന്തർദ്ദേശീയ പിന്തുണയും മനുഷ്യാവകാശ സംരക്ഷക എന്ന ഖ്യാതിയും നഷ്ടമായി. സൈന്യം വംശഹത്യ ലക്ഷ്യംവച്ച് അക്രമവുംകൊള്ളിവയ്പ്പുംകൊലയുംബലാൽസംഗവുമൊക്കെ നടത്തിയതായി ഐക്യരാഷ്ട്രസഭയുടെഅന്വേഷണ സംഘം കണ്ടെത്തി. എന്നാൽ സൈന്യം വംശഹത്യയ്ക്ക് മുതിർന്നു എന്ന ആരോപണം സൂക്കി നിഷേധിച്ചു. 10 റോഹിംഗ്യകളെ രഹസ്യമായി കൊന്ന സംഭവത്തെക്കുറിച്ച് അന്വേഷിച്ച രണ്ട് പത്രപ്രവർത്തകരെസൈന്യംഅറസ്റ്റുചെയ്തപ്പോൾ സൂക്കി അതിനെ എതിർത്തില്ല എന്നുമാത്രമല്ല അവർ ഔദ്യോഗിക രഹസ്യ നിയമം ലംഘിച്ചുവെന്ന്, വിധിവരുന്നതിനുമുമ്പുതന്നെആരോപിക്കുകയും ചെയ്തു.

### ജനാധിപത്യാഭിലാഷവുമായി ജനങ്ങൾ തെരുവിൽ

സൈനിക ഭരണത്തിനെതിരെയും ജനാധിപത്യഭരണം ഉറപ്പിച്ചെടുക്കുന്നതിനുവേണ്ടിയും ജനങ്ങൾ സൂക്കിയുടെ പിന്നിൽ അണിനിരന്നു. കാരണം, അമ്പതുവർഷത്തെ സൈനിക ഭരണം മ്യാൻമർ ജനതയെ ദുരിതത്തിലാഴ്ത്തി. തൊഴിലില്ലായ്മയും ദാരിദ്ര്യവും പട്ടിണിയും പെരുകി. മനുഷ്യാവകാശങ്ങൾ നിഷേധിക്കപ്പെടുകമാത്രമല്ല തീർത്തും ലംഘിക്കപ്പെട്ടു. സാധാരണ പൗരന്റെ അടിസ്ഥാന ജനാധിപത്യാവകാശങ്ങൾപോലും മുതലാളിത്ത ഭരണം പാടെ കൈയൊഴിഞ്ഞു. അഞ്ചു പതിറ്റാണ്ടുകാലം ഈ ഭീകരവാഴ്ചക്കെതിരെ ജനങ്ങൾ പൊരുതിയത് ഭീകരമായ അടിച്ചമർത്തലുകളെ നേരിട്ടുകൊണ്ടായിരുന്നു. ആയിരക്കണക്കിന് നേതാക്കളും പ്രവർത്തകരും ഇന്നും ഇരുമ്പഴിക്കുള്ളിലാണ്. പൗരാവകാശങ്ങളോ ജനാധിപത്യാവകാശങ്ങളോ സ്വാതന്ത്ര്യമോ ഇല്ലാത്ത ശ്വാസംമുട്ടിക്കുന്ന സാഹചര്യമാണ് രാജ്യത്ത് നിലനിന്നത്. എന്നാൽ ജനാധിപത്യത്തിനായുള്ള പ്രക്ഷോഭത്തെ തടയാൻ ഇതൊന്നും പര്യാപ്തമായിരുന്നില്ല. സമരങ്ങൾ അടിക്കടി ഉയർന്നുവന്നു. സൈനികേതര വാഴ്ചക്കാലത്തും മുതലാളിത്ത ചൂഷണത്തിന് ഒരുകുറവുമുണ്ടായില്ല.

### മുതലാളിത്തത്തെ വിപ്ലവത്തിലൂടെ കടപുഴക്കാതെ മോചനമുണ്ടാവില്ല

മരണാസന്ന മുതലാളിത്ത ഘട്ടത്തിൽ ഭരണസംവിധാനത്തിന്റെ രൂപം എന്തുതന്നെയായാലും ഏതൊരു രാജ്യത്തും ഫാസിസ്റ്റ് സ്വേച്ഛാധിപത്യം ഒരു പൊതുസ്വഭാവമായി മാറിയിരിക്കുന്നു എന്ന വസ്തുത മ്യാൻമർ ജനത തിരിച്ചറിയേണ്ടതുണ്ട്. എത്ര സത്യസന്ധനായ ഭരണാധികാരി ഗവൺമെന്റിനെ നയിച്ചാലും മുതലാളിത്ത വ്യവസ്ഥയ്ക്കുള്ളിലാകുമ്പോൾ ആ വ്യവസ്ഥയുടെ ജീർണതയിൽനിന്ന് ഗവൺമെന്റിന് മുക്തമായിരിക്കാൻ കഴിയില്ല എന്ന യാഥാർത്ഥ്യവും മനസ്സിലാക്കണം. ഭരണരൂപത്തിൽ മാറ്റംവരാം. പക്ഷേ മുതലാളിവർഗ ഭരണത്തിനും ചൂഷണ മുതലാളിത്ത ഭരണകൂടത്തിനും മാറ്റമുണ്ടാകുന്നില്ല. കാരണം മുതലാളിത്ത വ്യവസ്ഥയ്ക്കുള്ളിൽ ഗവൺമെന്റിന്റെ ധർമ്മം മുതലാളിവർഗത്തിന്റെ താല്പര്യം സംരക്ഷിക്കുക എന്നതാണ്. അതിന്റെ എല്ലാ ക്രൂരമായ ചെയ്തികളെയും ഭരണാധികാരിക്ക് ന്യായീകരിക്കേണ്ടിവരും. മ്യാൻമറിൽ റോഹിംഗ്യകൾക്കുനേരെയുണ്ടായ ക്രൂരമായ അടിച്ചമർത്തലിനെ സൂക്കിക്ക് ന്യായീകരിക്കേണ്ടിവന്നതും അതുകൊണ്ടുതന്നെ.

മുതലാളിത്ത വ്യവസ്ഥയ്ക്ക് അന്ത്യംകുറിക്കാതെ ഒരു മുതലാളിത്ത രാജ്യത്ത് അദ്ധ്വാനിച്ച് ജീവിക്കുന്ന ജനങ്ങൾ അനുഭവിക്കുന്ന ചൂഷണത്തിനും അടിച്ചമർത്തലിനും അന്ത്യം കുറിക്കാനാവില്ല. അതിനെ നയിക്കാനാകട്ടെ ഒരു ശരിയായ വിപ്ലവശക്തിക്ക് രൂപം നൽകുകയും വേണം. ജനാധിപത്യ പുനസ്ഥാപന ശ്രമങ്ങൾ മുതലാളിത്തവിരുദ്ധ വിപ്ലവ പ്രസ്ഥാനത്തിന് അനുപൂരകമായിരിക്കണം. ജനാധിപത്യ പുനസ്ഥാപനമെന്ന ലക്ഷ്യം മുൻനിർത്തി പ്രവർത്തിക്കാൻ സന്നദ്ധരായി മുന്നോട്ടുവരുന്ന മുഴുവൻ ശക്തികളെയും ഒരു പൊതുവേദിയിൽ അണിനിരത്തണം. ലക്ഷ്യം നേടുംവരെ രാജ്യവ്യാപകമായ സമരം ശരിയായ ദിശയിൽ മുന്നോട്ടുകൊണ്ടുപോകാൻ അത് നേതൃത്വം നൽകണം. അതോടൊപ്പം, ജനങ്ങളുടെ വിമോചന പോരാട്ടങ്ങളെ അതിന്റെ യുക്തിപരമായ പരിണതിയിലെത്തിക്കുവാൻ പര്യാപ്തമായ യഥാർത്ഥ വിപ്ലവ നേതൃത്വം വികസിപ്പിച്ചെടുക്കുന്നതിനുള്ള സമരവും തികഞ്ഞ ആർജ്ജവത്തോടെ മുന്നോട്ടുകൊണ്ടുപോകേണ്ടതുണ്ട്. ■

**FORM IV**

Statement about ownership and other particulars about newspaper UNITY.

*1. Place of publication :* Trivandrum

*2. Periodicity of its publication :* Monthly

*3. Printer's Name :* V. Venugopal.

*Nationality :* Indian

*Address :* SUCI(C) Office, TC 12/1242, Law College Jn, Kunnukuzhi, Vanchiyoor P.O, Trivandrum-695035.

*4. Publisher's Name :* V. Venugopal

*Nationality :* Indian

*Address :* -do-

*5. Editor's Name :* V. Venugopal

*Nationality :* Indian

*Address :* -do-

*6. Names and addresses of individuals who own the newspaper and partners or shareholders holding More than one per cent of the total capital.:* Kerala State Organising Committee, Socialist Unity Centre of India (Communist)

I, V. Venugopal, hereby declare that the particulars given above are true to the best of my knowledge and belief.

*(Sd/-)*

*Date:* 01-03-2021 *Signature of Publisher*

RNI REG No 24773/1992
UNITY Malayalam Monthly
2021 March
Vol.47 No.12 Price: Rs. 5.00

# രാജ്യത്തിന് വഴികാട്ടിയായി വീറുറ്റ കർഷക പ്രക്ഷോഭം

കാർഷിക മേഖലയെ ദേശ-വിദേശ കോർപറേറ്റുകൾക്ക് തീറെഴുതുന്ന മോഡി സർക്കാരിന്റെ രാജ്യദ്രോഹ, കർഷകദ്രോഹ നയങ്ങൾക്ക് എതിരെ രാജ്യമെമ്പാടും തീജ്ജ്വാല കണക്കെ കർഷക പ്രക്ഷോഭം പടരുകയാണ്. ന്യൂഡൽഹിയിലെ രാജവീഥികൾ നാലാം മാസത്തിലും അണയാത്ത പ്രക്ഷോഭത്തിന്റെ സിരാ കേന്ദ്രം ആയി തുടരുന്നു. മോഡി ഭരണകൂടം മനുഷ്യത്വരഹിതമായ ആക്രമണങ്ങൾ നിരന്തരം അഴിച്ചു വിടുമ്പോഴും അവയെയെല്ലാം പ്രതിരോധിച്ചുകൊണ്ട് കർഷക ലക്ഷങ്ങൾ ജനാധിപത്യ പ്രക്ഷോഭത്തിന്റെ മഹനീയ മാതൃക ലോകത്തിന് കാട്ടിക്കൊടുത്തുകൊണ്ട് മുന്നേറുകയാണ്. 'സമര ജീവികൾ' എന്ന് പ്രക്ഷോഭകരെ വിളിച്ചാക്ഷേപിക്കാമെന്ന മോദിയുടെ മോഹവും വിലപ്പോയില്ല. 'കോർപ്പറേറ്റ് ജീവി' എന്ന് മോദിയെ വിളിച്ച് കർഷകർ തിരിച്ചടിച്ചു. കാർഷിക കരിനിയമങ്ങൾ പിൻവലിക്കുന്നില്ലെങ്കിൽ ബിജെപി സർക്കാരിന്റെ അന്ത്യം വരെ പ്രക്ഷോഭം തുടരാൻ തങ്ങൾക്ക് കഴിയുമെന്ന് പ്രക്ഷോഭം നയിക്കുന്ന ദേശിയ നേതാക്കൾ പ്രഖ്യാപിച്ചു കഴിഞ്ഞു. ന്യായമായ ആവശ്യങ്ങൾ നേടാൻ ജനാധിപത്യ പരമായി എങ്ങനെ പ്രക്ഷോഭം നയിക്കണമെന്ന് ഇന്ത്യയിലെ ജനങ്ങൾക്ക് കാട്ടിക്കൊടുത്ത മഹത്തായ സമരഭൂമിയിൽനിന്നുള്ള ആവേശകരമായ വാർത്തകൾ പുറം ലോകം അറിയാതിരിക്കാനായി ഇന്റർനെറ്റ്പോലും വിച്ഛേദിച്ചുകളഞ്ഞു. അങ്ങനെ അതിഭീകര കുതന്ത്രങ്ങൾകൊണ്ട് സമരത്തെ നേരിടുന്ന ഫാസിസ്റ്റ് ഭരണകൂടത്തിന്റെ ചെയ്തികൾക്കെതിരെ എല്ലാ വിഭാഗം ആളുകളുകളുടെയും ഇടയിൽ പ്രതിഷേധം ആളിക്കത്തുന്നു.കർഷക സമരത്തിന്റെസന്ദേശം രാജ്യത്തിന്റെ എല്ലാ കോണുകളിലേയ്ക്കും,വിദൂര ഗ്രാമങ്ങളിലേയ്ക്കും, എത്തിക്കാൻ സമര സംഘടനകൾ തയ്യാറെടുക്കുന്നുവെന്നതും സന്തോഷകരം.

ചരിത്രത്തിൽ ഇന്നോളം ദർശിക്കാനാവാത്ത വിധത്തിലുള്ള നിശ്ചയദാർഢ്യം പ്രകടിപ്പിക്കുന്ന സമര യോദ്ധാക്കളെ നമുക്ക് ഡൽഹിയിൽ കാണാം. ഡൽഹി അതിർത്തിയിൽ തിക്രിയിലെ സമര കേന്ദ്രത്തിൽ സമരം ചെയ്യുന്ന കർഷകർക്ക് താമസിക്കാൻ ഇഷ്ടിക വീടുകൾ നിർമിച്ചു തുടങ്ങിയിരിക്കുന്നു. ബഹാദുർഗഡ് ദേശിയ പാതയ്ക്കരികിൽ സമര വീടുകൾ നിർമിച്ചു കഴിഞ്ഞു. വീടുകൾനിർമിക്കുന്നതും സമര വോളന്റീർമാരായ കർഷകർ തന്നെ.

## പ്രക്ഷോഭത്തിന്റെ കുന്തമുന കോർപറേറ്റുകൾക്കെതിരെ

മോദി, അദാനി, അംബാനി തുടങ്ങിയ കോർപ്പറേറ്റുകൾക്ക് എതിരെയാണ് തങ്ങൾ പ്രക്ഷോഭം നയിക്കുന്നതെന്ന് കർഷകർ പലകുറി വ്യക്തമാക്കിയതാണ്. പൊതുമേഖലാ സ്ഥാപനങ്ങൾ കൂട്ടത്തോടെ വിറ്റഴിക്കുന്നസ്വകാര്യവൽക്കരണ നയങ്ങൾക്കെതിരായ പ്രക്ഷോഭത്തിന്റെ തലത്തിലേയ്ക്ക് ഈ സമരം ഉയരുന്നതാണ് പുതിയ കാഴ്ച. മാർച്ച് 15ന് രാജ്യവ്യാപകമായി നടന്ന കുത്തക വിരുദ്ധ-സ്വകാര്യവൽക്കരണ വിരുദ്ധ ദിനാചരണം അതിന്റെ ഭാഗമായിരുന്നു. തൊഴിലാളി സംഘടനകളെക്കൂടി അതിന്റെ ഭാഗമാക്കാൻ കർഷക സംഘടനകൾ മുന്നിട്ടിറങ്ങി. കർഷകരും തൊഴിലാളികളും പ്രക്ഷോഭ വേദിയിൽ അങ്ങനെ സംയോജിക്കുന്നത് നിശ്ചയമായും സമരത്തിന് പുതിയ ഒരു മാനം നൽകും. കൂടുതൽ വീറുറ്റതും വിശാലവുമായി സമരത്തെ വളർത്താൻ സഹായിക്കുന്ന ചുവടുവെയ്പ്പായിരിക്കും അത്. മാർച്ച് 26ന് സംഘടിപ്പിക്കുന്ന ഭാരതബന്ദ്. ആ ദിശയിൽ മറ്റൊരു മുന്നേറ്റം ആയിരിക്കും.അങ്ങനെ ദേശിയ കർഷക സമരത്തിന്റെ കുന്തമുന മോദി സർക്കാരിനും കോർപറേറ്റുകൾക്കുമെതിരെ തിരിച്ചു വെച്ചാണ് അതി ബ്രഹത്തായ പ്രക്ഷോഭമായി വളരുന്നത്.

## തെരഞ്ഞെടുപ്പിൽ കർഷകർ ബിജെപിക്കെതിരെ

കേരളമടക്കം ഏപ്രിൽ മാസം തെരഞ്ഞെടുപ്പ് നടക്കുന്ന അഞ്ച് സംസ്ഥാനങ്ങളിൽ ബിജെപിയെ തോല്പിക്കാനായി ക്യാമ്പയിൻ നടത്താൻ സമര പ്രസ്ഥാനമായ സംയുക്ത കിസാൻ മോർച്ച രംഗത്തിറങ്ങുകയാണ്. അതിനായി അവർ ജനങ്ങളുടെ മുൻപാകെ ഒരു തുറന്ന അഭ്യാർത്ഥന മുന്നോട്ട് വച്ചിരിക്കുന്നു. ആ അഭ്യാർത്ഥനയിൽ പറയുന്നു: "മൂന്നര മാസമായി ഡൽഹിയുടെ പടിവാതിൽക്കൽ ട്രാക്ടറുകളും ട്രോളികളുമായി സ്വന്തം ഗ്രാമങ്ങൾ വിട്ട് കുത്തിയിരിക്കുകയാണ് കർഷകർ. കോപ്പറേറ്റുകൾക്കും വൻകിടക്കാർക്കുമായി ബിജെ പി സർക്കാർ ആവിഷ്കരിച്ചതാണ് കാർഷിക കരി നിയമങ്ങൾ. സത്യം, നന്മ, നീതി, ഭരണഘടനാ മൂല്യങ്ങൾ എന്നിവയുടെയൊന്നും ഭാഷ മോദി സർക്കാരിന് മനസ്സിലാവില്ല. അധികാര മോഹികളും കർഷകവിരുദ്ധരുമായ ബിജെപി യെ ഒരു പാഠം പഠിപ്പിക്കുവാനുള്ള അവസരമാണിത്. ആർക്ക് വോട്ട് ചെയ്യണമെന്ന് കിസാൻ മോർച്ച ആവശ്യപ്പെടില്ല. പക്ഷേ ബിജെപി ക്ക് വോട്ട് ചെയ്യരുതെന്ന് അഭ്യർത്ഥിക്കുന്നു."

കേരളത്തിലെ അസംബ്ലി നിയോജകമണ്ഡലങ്ങളിലും വിവിധ കർഷക സംഘടനകളുടെയും മറ്റും ആഭിമുഖ്യത്തിൽ കേന്ദ്ര സർക്കാരിന്റെ കർഷക ദ്രോഹ നയങ്ങക്കെതിരെ വ്യാപക പ്രചാരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാനുള്ള തീരുമാനത്തിലാണ് കിസാൻ മോർച്ച.

എന്തായാലും 2014 ൽ ഒന്നാം മോദി സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രാജ്യം അഭിമുഖീകരിക്കുന്ന ഗുരുതര പ്രശ്നങ്ങൾ കൂടുതൽ രൂക്ഷമാവുകയും സാഹോദര്യവും മതേതര മനോഭാവവും ജനാധിപത്യ അന്തരീക്ഷവും അപകടകരമായ നിലയിൽ എത്തിച്ചേരുകയും ചെയ്തിരിക്കുന്നു. ഫാസിസത്തിന്റെ കാലൊച്ചകൾ അടുത്തടുത്ത് വന്നിരിക്കുന്നു. അതിനെതിരെ അതിബൃഹത്തായ ദേശിയ പ്രക്ഷോഭത്തിന്റെ ഏകോപനത്തിന് വഴി തുറക്കുന്ന മഹത്തായ സമരമാണ് കർഷകർ നയിക്കുന്നത്. അതിനോടൊപ്പം ചേരേണ്ടതും ആ സമരത്തെ കേരളത്തിൽ വളർത്തേണ്ടതും ഇടതു-ജാതിപത്യ ബോധമുള്ള മുഴുവൻ മനുഷ്യരുടെയും കർത്തവ്യമാണ്. നിർഭാഗ്യവശാൽ സിപിഐ, സിപിഐ(എം) തുടങ്ങിയ പാർട്ടികൾ ആ കർത്തവ്യം നിർവഹിക്കുന്നില്ല എന്ന് മാത്രമല്ല, കേരളത്തിൽ ബിജെപിക്കെതിരായ പ്രക്ഷോഭംപോലും വളർത്തിയെടുക്കുന്നില്ല. ഈയൊരു സാഹചര്യത്തിലാണ് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടി കേരളത്തിൽ കർഷക സമരത്തിന്റെ സന്ദേശവാഹകരായി കർമ്മരംഗത്ത് മുന്നേറുന്നത്.



ബെൽദേവ് സിംഗ് സിർസ കേരള കിസാൻ മഹാ പഞ്ചായത്ത് ഉദ്ഘാടനം ചെയ്യുന്നു


കർഷക സമരത്തിന്റെ നൂറാം ദിനത്തിൽ 100 ചത്രകാരന്മാർ രാമങ്കരി ഐക്യദാർഢ്യ കേന്ദ്രത്തിൽ ഒത്തുചേർന്ന് ചിത്രംവരയ്ക്കുന്നു

## രാമങ്കരിയിൽ ചരിത്രം കുറിച്ച് കിസാൻ മഹാപഞ്ചായത്ത്

100 ദിവസങ്ങൾക്കു മുൻപ് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ മുൻകൈയിൽ ആരംഭിച്ചരാമങ്കരിയിലെകർഷകഐക്യദാർഢ്യ സമര പന്തലിൽ സംസ്ഥാനത്തെ വിവിധ പ്രദേശങ്ങളിൽ നിന്നുള്ള കർഷക ഐക്യദാർഢ്യ പ്രവർത്തകരും ബഹുജനങ്ങളും മാർച്ച് 15 ന് ഉച്ചയോടെഒത്തുകൂടി. കേരളത്തിലെആദ്യത്തെകിസാൻ മഹാപഞ്ചായത്തിന് തുടക്കം കുറിച്ച പ്രകടനം ആരംഭിച്ചത് സമരപ്പന്തലിന് മുന്നിൽനിന്നായിരുന്നു. നയിക്കാൻ പഞ്ചാബിൽനിന്നുള്ള പ്രമുഖ കർഷക നേതാക്കളും ഒപ്പം സംസ്ഥാനത്തെ വിവിധ ജനകീയ നേതാക്കളും അണി നിരന്നു. തുടർന്ന്, പള്ളിക്കൂട്ടുമ്മ ഫാത്തിമ മാതാ പാരീഷ് ഹാളിൽ മഹാ പഞ്ചായത്ത് ചേർന്നു.

ദേശീയ കർഷക നേതാക്കളായ, ജഗ് വീർ സിംഗ് ചൗഹാൻ, ബൽദേവ്സിംഗ് സിർസ എന്നിവരും പി.ടി.ജോൺ ഉൾപ്പടെയുള്ള ഇതര നേതാക്കളും പങ്കെടുത്തു. കിസാൻ മഹാ പഞ്ചായത്ത് സ്വാഗത സംഘം ചെയമാൻ ജോസ് ജോൺ വെങ്ങാന്തറ അദ്ധ്യക്ഷത വഹിച്ചു.ബെൽദേവ്സിംഗ്സിർസ മഹാ പഞ്ചായത്ത് ഉദ്ഘാടനം ചെയ്തു. സ്വാഗതസംഘം കൺവീനറും എസ്‌യുസിഐ(സി) ആലപ്പുഴ ജില്ലാകമ്മിറ്റി അംഗവുമായ സഖാവ് പി.ആർ.സതീശൻ മഹാ പഞ്ചായത്തിൽ പങ്കെടുത്തവർക്ക് സ്വാഗതം പറഞ്ഞു. കൊടിക്കുന്നിൽ സുരേഷ് എം.പി., മാർ ജോസഫ് പെരുന്തോട്ടം, കര്യാക്കോസ് മാർ സേവറി യൂസ്, ഡോ .ഗീവർഗ്ഗീസ് മാർ കുറിലോസ് മെത്രാപ്പോലീത്ത, കെ.കെ.സുരേഷ്, എം. ഡി.ഓമനക്കുട്ടൻ, രാജു അപ്സര, കെ.വി.ബിജു, പി.റ്റി.ജോൺ, എസ്. രാജീവൻ, രാജാജി മാത്യൂ തോമസ്, ജി.വേണുഗോപാൽ, കുസുമം ജോസഫ്, അഡ്വക്കേറ്റ് മാത്യു വേളങ്ങാടൻ, കെ.അജിത തുടങ്ങി നിരവധി പ്രമുഖർ പങ്കെടുത്തു.


കേരള കിസാൻ മഹാ പഞ്ചായത്ത് സദസ്സ് ഒരു ദൃശ്യം

കർഷകസംഘടനാ പ്രതിനിധികളും സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിൽനിന്ന് നൂറുകണക്കിന് ജനകീയ സമര പ്രവർത്തകരും ഒത്തുചേർന്ന ആവേശകരമായ മഹാ സമ്മേളനം ആയി കേരളത്തിന്റെ ആദ്യ മഹാ പഞ്ചായത്ത്. കർഷകസമരത്തിന്റെ നൂറാം ദിവസം ബാനർ സാംസ്കാരിക സമിതിയുടെ നേതൃത്വത്തിൽ രാമങ്കരി സമരകേന്ദ്രത്തിൽ കേരളത്തിലെ പ്രമുഖരായ 100 ചിത്രകാരന്മാർ വരച്ച 100 ചിത്രങ്ങളുടെ പ്രദർശനം പുതിയ അനുഭവമായി. പുസ്തക പ്രകാശനം, ജനകീയ കലാപരിപാടികൾ എന്നിവ യൊക്കെ കർഷക സമര ത്തിന് കേരളം ഹൃദയപൂർവ്വം നൽകുന്ന ഐക്യദാർഢ്യ സമർപ്പണങ്ങളായി. ■

Edited, Printed & Published by V.Venugopal, SUCI(C) Office, T.C. 12/1242, Law College Jn, Kunnukuzhy, Trivandrum - 695 035. Ph: 0471-2307151;
E-mail: unitymagazine@gmail.com; Website: www.kerala.sucicommunist.org on behalf of Kerala State Committee, SUCI(C).